
വേദാധികാര നിരൂപണം



133.9

ശ്രീചട്ടമ്പിസ്വാമികൾ

Ramesh 6/5/86

D. RAVEENDRAN M.A. B.Ed.
Lecturer in Vedanta,
Govt. Sanskrit College,
Tripunithura

വേദാധികാരനിരൂപണം




(Malayalam)
VEDADHIKARA NIRUPANAM
Critical Study–Vedic Religion and Philosophy
By Sri. CHATTAMPI SWAMIKAL
First Impression 1921
Reprint: 1986 February
Copies: 1000
Price: Rs. 6–00
Printed at: R. K. Press, Ettumanoor
Publishers:
"HRISHIPRASADAM"
Kottayam.

വേദാധികാരനിരൂപണം

15721

വിദ്യാധിരാജ തീർത്ഥപാദ പരമഭട്ടാര
ശ്രീ ചട്ടമ്പിസ്വാമികൾ



ഋഷിപ്രസാദം, കോട്ടയം

ശ്രീ ചട്ടമ്പിസ്വാമികളുടെ കൃതികൾ

പ്രാചീനമലയാളം

അദ്വൈതചിന്താപദ്ധതി

ശ്രീചക്രപൂജാകല്പം

ക്രിസ്തുമതച്ഛേദനം

വേദാധികാരനിരൂപണം

നിജാനന്ദവിലാസം

ജീവകാരുണ്യനിരൂപണം

1870

133.9

D. RAVEENDRAN M.A., B.Ed.
Lecturer in Vedanta,
Govt. Sanskrit College,
Trivandrum

പ്രസാധക കുറിപ്പ്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലുണ്ടായ ഹൈന്ദവ നവോത്ഥാനത്തിന്റെ പ്രവാചകനും അവധൂതതുല്യനായ യോഗിയുമായ വിദ്യാധിരാജ തീർത്ഥപാദ പരമഹംസ ചട്ടമ്പിസ്വാമികളുടെ വേദാധികാരനിരൂപണത്തിന്റെ ആദ്യപതിപ്പ് പുറത്തുവന്നിട്ട് അറുപത്തിയഞ്ചു് വർഷമാകുന്നു.

വേദം പഠിക്കുവാനുള്ള അധികാരം ആർക്കാണെന്ന മൗലികമായ അന്വേഷണമാണ് ഈ ലഘുകൃതിയുടെ ഉള്ളടക്കം. ശ്രുതിസ്മൃതികളെ ചവിട്ടെയ്യുകൊണ്ട് വേദം സകലർക്കും ഗമ്യമാണെന്നു സ്ഥാപിക്കുന്ന വേദാധികാരനിരൂപണത്തിന്റെ ആശയങ്ങളും പുസ്തകം ഇരിങ്ങാലക്കുട തച്ചുടയക്കൈമളുടെ ഉത്സാഹത്തിൽ ആദ്യമായി അച്ചടിക്കുന്നതിനുമുമ്പ് കേരളത്തിൽ പ്രചരിച്ചിരുന്നു.

അതിപ്രശസ്തമായ ഈ ലഘുകൃതിയ്ക്ക് കഴിഞ്ഞകാലങ്ങളിലായി മൂന്നോ നാലോ പതിപ്പുകളും മാത്രമാണ് ഉണ്ടായിട്ടുള്ളതു്. ഇതു് നമ്മുടെ ഗ്രന്ഥപ്രസാധനരംഗത്തെ ചില പരിമിതികളെ കാണിക്കുന്നു. ഈ സാഹചര്യത്തിലാണ് വേദാധികാരനിരൂപണത്തിനു് പുതിയ പതിപ്പ് ഞങ്ങളും തയ്യാറാക്കുന്നതു്.

ആത്മീയ നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ക്രാന്തദർശികളായ മഹർഷിമാരുടെ ജീവചരിത്രങ്ങളും സന്ദേശങ്ങളും പ്രസിദ്ധീകരിക്കാനും പ്രചരിപ്പിക്കുവാനും വേണ്ടിയുള്ളതാണ് 'ഋഷിപ്രസാദം'.

ചട്ടമ്പിസ്വാമികളുടെ ജീവകാരുണ്യനിരൂപണം എന്ന കൃതി കണ്ടെടുത്തു പ്രസിദ്ധീകരിക്കുന്നതിൽ മുൻകൈ എടുത്ത യശഃശരീരനായ എം.എൻ.നായരുടെ മകൻ കെ.എൻ. മോഹനനും (ആർ.കെ. പ്രസ്സ്, ഏറുമാന്നൂർ) ലഘുപഠനം തയ്യാറാക്കിയ എം. ജി. ശശിഭൂഷണനും കൃതജ്ഞത.

ആർ. രവീന്ദ്രനാഥ്
(പ്രസാധകസമിതിക്കുവേണ്ടി)

വേദാധികാരനിരൂപണത്തിന്റെ ചരിത്രപ്രാധാന്യം

''അപ്പനേ, ഒരൻപതു കൊല്ലം കഴിയട്ടെ ഈ കെഴവൻ പറഞ്ഞതെല്ലാം ആളുകൾ കൂട്ടത്തൽ ഗൗനിക്കാൻ തുടങ്ങും'' എന്നു് അനൗപചാരികമെങ്കിലും പ്രവചനത്തിന്റെ ഗാംഭീര്യത്തോടെ ചട്ടമ്പിസ്വാമികൾ എന്നറിയപ്പെടുന്ന വിദ്യാധിരാജ തീർത്ഥപാദസ്വാമികൾ ഒരിക്കൽ പറഞ്ഞതായി അദ്ദേഹത്തെ ഗുരുവായി സങ്കൽപിച്ച വിജയാനന്ദസ്വാമികൾ പ്രസ്താവിച്ചിട്ടുണ്ടു്.

കേരളത്തിലെ ഹിന്ദുമത പുനരുദ്ധാരണത്തിന്റെ മാർഗ്ഗദർശിയും അസാധാരണനായ ആത്മജ്ഞാനിയുമായ വിദ്യാധിരാജ തീർത്ഥപാദസ്വാമികളുടെ ജീവിതത്തെയും സന്ദേശങ്ങളെയും പഠിക്കുവാനും പ്രചരിപ്പിക്കുവാനും അടുത്തകാലത്തു കണ്ടുവരുന്ന സംരംഭങ്ങൾ ഈ പ്രവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു് ഓർമ്മിപ്പിക്കുന്നു.

സംശയങ്ങളുമായി വന്നെത്തിയവരോടു നടത്തിയ സംഭാഷണങ്ങളാണു് അവരിൽ ചിലരുടെ നിർബ്ബന്ധത്താൽ പില്ക്കാലത്തു് കയ്യെഴുത്തു് കൃതികളായി തീർന്നതെന്നു് ജീവചരിത്രകാരനായ പറവൂർ ഗോപാലപിള്ളയിൽനിന്നു മനസ്സിലാക്കാം. ഒറ്റയിരുപ്പിൽ കിട്ടിയ കടലാസ്സിൽ പെൻസിൽകൊണ്ടു് അതിവേഗം എഴുതുകയായിരുന്നുവത്രേ അദ്ദേഹത്തിന്റെ രീതി. ശിഷ്യന്മാരിലൂടെ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നുവെങ്കിലും എഴുതിയവ സമാഹരിക്കുന്നതിനോ പ്രസിദ്ധപ്പെടുത്തുന്നതിനോ അദ്ദേഹം ഒട്ടും തന്നെ താല്പര്യം കാണിച്ചിരുന്നില്ല. ശ്രീരാമകൃഷ്ണദേവന്റെ വചനാമൃതം പകർത്തിയെടുക്കാൻ ഒരു മാസ്റ്റർ മഹാശയൻ ഉണ്ടായിരുന്നതുപോലെ വിദ്യാധിരാജ തീർത്ഥപാദസ്വാമികളുടെ വായ്മൊഴികൾ കുറിച്ചെടുക്കാൻ

D. RADHENDRAN, M.A., B.Ed.,
Lecturer in Vedanta,
Govt. Sanskrit College,
Tripunithura

ആരും ഇല്ലാതെപോയി. ചില പ്രത്യേക സന്ദർഭങ്ങളിൽ അദ്ദേഹം കാണിച്ച സിദ്ധികളെപ്പറ്റിയുള്ള കഥകളും ഇന്നും പ്രചരിക്കുന്നുണ്ടെങ്കിൽക്കൂടി.

ക്രിസ്തുമതഖണ്ഡനം, പ്രാചീനമലയാളം, വേദാധികാരനിരൂപണം, ശ്രീചക്രപൂജാകല്പം, നിജാനന്ദവിലാസം, ജീവകാരുണ്യനിരൂപണം എന്നിവയാണ് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അദ്ദേഹത്തിന്റെ കൃതികളും. വേദാധികാരനിരൂപണത്തിന്റെയും പ്രാചീന മലയാളത്തിന്റെയും ഓരോ ഭാഗങ്ങളും മാത്രമേ അച്ചടിക്കപ്പെട്ടിട്ടുള്ളുവെന്നും ശേഷമുള്ളവ എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടുവെന്നും പറഞ്ഞുകേൾക്കുന്നു. ചിദാകാശലയം, ആത്മഭാഷ, സർവ്വമത സാമരസ്യം, അദ്വൈതചിന്താപദ്ധതി, മോക്ഷപ്രതീപഖണ്ഡനം തുടങ്ങിയ അദ്ദേഹത്തിന്റെ ഇതര കൃതികളും ഗ്രന്ഥരൂപത്തിൽ ഇനിയും പ്രസിദ്ധപ്പെടേണ്ടതായിരിക്കുന്നു.

1921–ൽ പ്രസിദ്ധപ്പെടുത്തിയ വേദാധികാരനിരൂപണത്തിലെ ആശയങ്ങൾ വളരെ നേരത്തെ പ്രചരിച്ചിരുന്നതായി ശിഷ്യപരമ്പരയിൽപ്പെട്ട വിദ്യാനന്ദതീർത്ഥപാദസ്വാമികൾ പ്രസ്താവിച്ചിട്ടുണ്ട്. വേദാധിഷ്ഠിതമായ നവീന ഹിന്ദുസമുദായത്തെ സൃഷ്ടിക്കുവാൻ ആഗ്രഹിച്ച സ്വാമി ദയാനന്ദസരസ്വതിയുടെ (1824–1883) ആശയങ്ങൾ ഉത്തരേന്ത്യയിൽ പ്രചരിച്ച കാലത്താണ്, അദ്ദേഹത്തെക്കുറിച്ച് കേട്ടിരിക്കാൻ ഇടയില്ലാത്ത (ഇംഗ്ലീഷ് പഠിക്കാത്ത) വിദ്യാധിരാജ സ്വാമികളും വേദാധികാരനിരൂപണത്തിലെ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിച്ചത്.

വേദങ്ങൾ എല്ലാവർക്കുംവേണ്ടിയുള്ളതാണെന്നു ''സത്യാർത്ഥപ്രകാശ''ത്തിലൂടെ ദയാനന്ദസരസ്വതി വാദിച്ചപ്പോൾ വേദപഠനത്തിനു ജാതിബ്രാഹ്മണർക്കു മാത്രമല്ല ഏതു സ്ത്രീയ്ക്കും പുരുഷനും അധികാരം ഉണ്ടെന്നു വിദ്യാധിരാജസ്വാമികൾ വേദാധികാരനിരൂപണത്തിലൂടെ പ്രസ്താവിച്ചു. വേദേതരങ്ങളായ സർവ്വാനുഷ്ഠാനങ്ങളെയും ദയാനന്ദസരസ്വതി നിർദ്ദാക്ഷിണ്യം തിരസ്കരിച്ചപ്പോൾ വിദ്യാധിരാജസ്വാമികൾ വേദേതരാനുഷ്ഠാനങ്ങളിലെ തെറ്റുകൾ തിരുത്താൻ മാത്രമേ ആഗ്രഹിച്ചുള്ളൂ. ശ്രീരാമകൃഷ്ണപരമഹംസരുടെ മധ്യമമാർഗ്ഗവുമായി വിദ്യാധിരാജസ്വാമികളുടെ സമ്പ്രദായത്തിനു

സാമ്യമുണ്ട്. കേരളത്തിലേയ്ക്കു വന്ന വിവേകാനന്ദനെ അദ്ദേഹം ഇഷ്ടപ്പെട്ടതും യാദൃച്ഛികമാവാൻ ഇടയില്ല.

വേദം പഠിക്കാൻ മാത്രമല്ല തന്ത്രാധിഷ്ഠിതമായ ക്ഷേത്രപ്രതിഷ്ഠ നടത്താനും അർഹനായ അബ്രാഹ്മണനു് അവകാശം ഉണ്ടെന്നു് വിദ്യാധിരാജതീർത്ഥപാദസ്വാമികൾ ഉപദേശിച്ചിരുന്നു. ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയുടെ മുഖ്യമായ പ്രചോദനം അദ്ദേഹമായിരുന്നുവല്ലോ. ചട്ടമ്പിസ്വാമികൾ ധ്യാനനിരതനായിരുന്ന സ്ഥാനത്താണു് നാരായണഗുരു ശിവപ്രതിഷ്ഠ നടത്തിയതെന്നു് കരുവാ കൃഷ്ണനാശാൻ പ്രസ്താവിച്ചിട്ടുണ്ടു്.

ദർവ്യാഖ്യാനഖണ്ഡനത്തിലൂടെയും യുക്തിവിചാരത്തിലൂടെയും ആണു് സ്വാമി തന്റെ സിദ്ധാന്തങ്ങൾ വേദാധികാരനിരൂപണത്തിൽ അവതരിപ്പിക്കുന്നതു്. സ്ത്രീവർഗ്ഗത്തിലും ശൂദ്രവർഗ്ഗത്തിലും പെട്ട അനേകമാളുകൾ വേദം പഠിക്കുകയും മന്ത്രങ്ങൾ ഉരുക്കൊണ്ടു് ഋഷികളായിത്തീരുകയുംചെയ്ത തെളിവുകളും അദ്ദേഹം നിരത്തുന്നു. വിശപ്പിനു് ആഹാരവും ദാഹത്തിനു് ജലവുമെന്നപോലെ ജീജ്ഞാസയ്ക്കു ശമനം വരുത്താൻ ആർക്കും വേദപഠനത്തിനു അർഹതയുണ്ടെന്നുകൂടി അദ്ദേഹം സമർത്ഥിക്കുന്നു.

ചുരുക്കത്തിൽ ഒരു വലിയ വിഭാഗം ജനങ്ങളെ വലയംചെയ്തിരുന്ന അന്ധമബോധത്തെ നശിപ്പിക്കാനും അന്ധവിശ്വാസങ്ങളെ തകർക്കുവാനും പരോക്ഷമായ പങ്കുവഹിച്ചു എന്നതാണു് വേദാധികാരനിരൂപണത്തിന്റെ ചരിത്രപ്രാധാന്യം.

എം. ജി. ശശിഭൂഷൺ

ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ

കാവിവസ്ത്രമില്ല കമണ്ഡലുവില്ല; യോഗദണ്ഡില്ല മുണ്ഡനവുമില്ല. ഹിമധവളമായമുടി, വയറു നിറഞ്ഞു നിൽക്കുന്ന താടിമീശ, ഒരു തുളസിമണിമാല, അരയിൽ ചുറ്റിയ വെളുത്ത മുണ്ട്, മനുഷ്യനേയും മൃഗത്തിനേയും കീടത്തിനേയും ഒരുപോലെ ആകഷ്ടിക്കുന്ന പുഞ്ചിരി, അതായിരുന്നു അഷ്ടൈശ്വര്യസിദ്ധികളാർജ്ജിച്ചിരുന്ന അവതാരപുരുഷൻ ചട്ടമ്പിസ്വാമികളം.

ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമിതിരുവടികളം തിരുവനന്തപുരത്തിനു സമീപമുള്ള കൊല്ലൂർ എന്ന സ്ഥലത്തു് പുരാതനമായ ഒരു നായർകുടുംബത്തിൽ 1029 –ാമാണ്ടു് ചിങ്ങമാസം 11–ാം തീയതി (1853 ആഗസ്റ്റ് 25) ഭരണിനാളിൽ ജനിച്ചു. ദാരിദ്ര്യംമൂലം വേണ്ടവണ്ണം വിദ്യാഭ്യാസം ചെയ്യുന്നതിനു് അദ്ദേഹത്തിനു് കഴിഞ്ഞില്ല. ഒരു ശാസ്ത്രികളം അടുത്തുള്ള കൊല്ലൂർ മഠത്തിൽ സംസ്കൃതം പഠിപ്പിച്ചിരുന്നു. ചെറുപ്പത്തിലേ അനിതരസാധാരണമായ ബുദ്ധിവൈഭവമുണ്ടായിരുന്ന അവിടുന്നു ശാസ്ത്രികളം ഇരിക്കുന്നതിനു സമീപമുള്ള ഒരു ഭിത്തിക്കു് മറഞ്ഞുനിന്നു് അവിടെ പഠിപ്പിച്ചിരുന്ന കാവ്യങ്ങളെല്ലാം ഹൃദിസ്ഥമാക്കി. ഒരു പ്രാവശ്യം കേട്ടാൽ എന്തും അതേപടി വിട്ടുപോകാതെ ധരിക്കുവാൻ കഴിയുമായിരുന്ന ബുദ്ധിവികാസം കണ്ടു് സന്തുഷ്ടനായ ശാസ്ത്രികളം കുറച്ചുകാലംകൊണ്ടു് ആ ബാലനെ സംസ്കൃതഭാഷയിലെ മിക്ക കാവ്യങ്ങളും പഠിപ്പിച്ചു. തുടർന്നു് പേട്ടയിൽ രാമൻപിള്ള ആശാന്റെ കീഴിലാ

യി പഠനം. സമർത്ഥനായിരുന്ന അദ്ദേഹത്തെ രാമൻ പിള്ള ആശാൻ കളരിയിലെ ചട്ടമ്പി (മോനിട്ടർ) ആയി നിയമിച്ചു. ആ സ്ഥാനപ്പേരിലാണു് അവിടുന്നു് ഇന്നും വിശ്രുതനായി പ്രകീർത്തിക്കപ്പെടുന്നതു്. പിന്നീടു് തൈക്കാട്ടു് അയ്യാവു്, സ്വാമിനാഥദേശികർ മുതലായ വരിൽനിന്നു് തമിഴുഭാഷയിലുള്ള നിരവധി ഗ്രന്ഥങ്ങളും പഠിച്ചു. സുബ്രഹ്മണ്യപാഠി എന്നൊരു മഹാപണ്ഡിതൻ അദ്ദേഹത്തെ സ്വദേശമായ കല്ലടക്കുറിശ്ശിയിലേക്കു് കൊണ്ടുപോയി. അവിടെ താമസിച്ചു് തമിഴിലും സംസ്കൃതത്തിലും ഉള്ള സകല ശാസ്ത്രങ്ങളും പഠിച്ചു. ആത്മാനന്ദസ്വാമികളെന്ന പ്രസിദ്ധ യോഗിയിൽനിന്നു് അഗസ്ത്യ സമ്പ്രദായത്തിലുള്ള യോഗവിദ്യകളും അഭ്യസിച്ചു. അദ്ദേഹം തിരുവിതാംകൂറിൽ മടങ്ങിയെത്തുമ്പോൾ ഇരുപത്തിയഞ്ചുവയസ്സോളം പ്രായമുണ്ടായിരുന്നു. എട്ടരയോഗത്തിൽ പെട്ട കൂപക്കരമഠത്തിലെ പോറ്റിമാരുടെ ഗ്രന്ഥപ്പുരയിൽ ഉണ്ടായിരുന്ന അപൂർവ ഗ്രന്ഥങ്ങളും അദ്ദേഹം പരിശോധിച്ചു. തുടർന്നു് തന്ത്രവിധികളെപ്പറ്റി പോറ്റികളും ചില ചോദ്യങ്ങളും ചോദിക്കുകയും സ്വാമികളുടെ പാണ്ഡിത്യത്തിൽ അത്ഭുതപരതന്ത്രനായ പോറ്റികളും ''വിദ്യാധിരാജൻ'' എന്ന പേരു നൽകുകയും ചെയ്തു. കൊല്ലവർഷം 1068 വൃശ്ചികമാസത്തിൽ എറണാകുളത്തു് ദിവാൻ സെക്രട്ടറി രാമയ്യരുടെ വീട്ടിൽവെച്ചു് ചട്ടമ്പിസ്വാമികളും സ്വാമി വിവേകാനന്ദനുമായി കണ്ടുമുട്ടി. ചിൻമുദ്രയെപ്പറ്റി വിവേകാനന്ദന്റെ ചോദ്യത്തിനു് സ്വാമികളും സപ്രമാണം ഉത്തരം നൽകി. കേരളത്തിൽ ഞാൻ കണ്ട ഒരേ ഒരു പരിണതപ്രജ്ഞൻ എന്നായിരുന്നു ചട്ടമ്പിസ്വാമികളെപ്പറ്റി വിവേകാനന്ദന്റെ പ്രതികരണം. കുമ്പളത്തു ശങ്കുപ്പിള്ളയുടെ അതി

ഥിയായി പന്മന സി. പി. പി. സ്മാരക വായനശാല യിൽ വിശ്രമിച്ചുവരവെ 1099–ാം മാണ്ട മേടമാസം 23–ാം നു- (1924 മെയ് 5) പകൽ മൂന്നുമണിക്കു് സ്വാമി തൃപ്പാദങ്ങളം മഹാസമാധിയടഞ്ഞു. സ്വാമികളുടെ സമാ ധിസ്ഥലത്തു് 'ബാലഭട്ടാരകേശ്വരം' എന്ന ഒരു പുണ്യ ക്ഷേത്രം സ്ഥാപിച്ചിട്ടുണ്ടു്. 1934–ൽ മഹാത്മാഗാന്ധി പന്മന ആശ്രമം സന്ദർശിക്കുകയും രണ്ടു ദിവസം അവിടെ താമസിക്കുകയും ചെയ്തു.

സ്വാമി തൃപ്പാദങ്ങളം അനേകം വിശിഷ്ടഗ്രന്ഥങ്ങളം രചിച്ചിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും അപ്രകാ ശിതങ്ങളായിട്ടാണിരിക്കുന്നതു്. പ്രാചീനമലയാളം, വേദാധികാരനിരൂപണം, അദ്വൈതചിന്താപദ്ധതി, നിജാനന്ദവിലാസം, ശ്രീ ചക്രപൂജാകല്പം, ജീവകാരു ണ്യ നിരൂപണം, ക്രിസ്തുമതച്ഛേദനം എന്നിവയാണു് ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ട സ്വാമികളുടെ കൃതി കളം. ആദിമഭാഷ, സർവ്വമതസാമരസ്യം, ജന്തുല്പത്തി, മോക്ഷപ്രദീപഖണ്ഡനം, ചിദാകാശലയം, ബ്രഹ്മതത്വ നിർഭാസ: തർക്കരഹസ്യരത്നം, സുവർണ്ണഹാരാവലി, അദ്വൈതപഞ്ജരം, ഷണ്മതനിരൂപണം, 'പുനർജന്മനിരൂ പണം തുടങ്ങി അനവധിഗ്രന്ഥങ്ങളം സ്വാമികളം രചി ച്ചിട്ടുണ്ടു്. 1941–ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ ചട്ടമ്പിസ്വാമികളെക്കുറിച്ചു് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഹിന്ദുമതത്തിലേയ്ക്കു് ഇതര മതതത്വങ്ങളുടെ അനിയന്ത്രിതമായ സംക്രമണംനിമിത്തം നാശോന്മുഖമായ ഒരു ദുഷിച്ച ചിന്താഗതി ജനതാ മദ്ധ്യ ത്തിൽ ഉദ്ഭൂതമാകുകയും പാവനമായ മതസിദ്ധാന്തങ്ങ ളുടെ പ്രചോദനത്താൽ സമുദായത്തിനു ലഭിക്കേണ്ട പ്രശാന്തസുന്ദരമായ നില നഷ്ടമാകുകയും ചെയ്തു. 19–ാം

നൂറാണ്ടിന്റെ അവസാനത്തോടുകൂടി ഈ വ്യത്യാസം ഹിന്ദുമതത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. അങ്ങനെയുള്ള സന്ദർഭത്തിലാണ് ശ്രീ ചട്ടമ്പിസ്വാമികളുടെ ആവിർഭാവമുണ്ടായത്. അദ്ദേഹം വിനാശകരമായ മേല്പറഞ്ഞ ആപത്തിൽനിന്നു ഹിന്ദുക്കളെ തട്ടിയുണർത്തി ജീവിതത്തിനു ഒരുദ്ദേശ്യവും ലക്ഷ്യവും ഉണ്ടെന്നുള്ള പരമാർത്ഥം ഉദ്ബോധിപ്പിച്ചു. അദ്ദേഹം നിർവഹിച്ചിട്ടുള്ള കൃത്യങ്ങളെല്ലാംതന്നെ കശാഗ്രബുദ്ധിയും, ദൂരവീക്ഷണപടുത്വവും സൂക്ഷ്മദൃഷ്ടിയുമുള്ള അതിസമർത്ഥനായ ഒരു പ്രവാചകന്റെയോ ഒരു ലോകാചാര്യന്റെയോ ജോലികളായിരുന്നു. അദ്ദേഹം സമർത്ഥിച്ചിട്ടുള്ള ഒരു തത്ത്വം ഗൃഹസ്ഥാശ്രമികൾക്കും ആത്മനിർവൃതി സ്വായത്തമാക്കാൻ സാധിക്കുമെന്നും സന്യാസവും ലോകജീവിതവും ഐകരൂപ്യമില്ലാത്തവയാണെന്നു തെറ്റിദ്ധരിച്ചിട്ടാവശ്യമില്ലെന്നും ഉള്ളതാണ്. ഹിന്ദുമതത്തിനു നവജീവനും ചൈതന്യവും നൽകി വീണ്ടെടുത്തതിൽ അദ്ദേഹത്തിനു ഒരു പ്രധാന പങ്കുണ്ട്. ചട്ടമ്പിസ്വാമികളുടെ ആദ്ധ്യാത്മിക സമ്പ്രദായത്തെ ഹിന്ദുജനസാമാന്യത്തിനിടയിൽ പ്രചരിപ്പിക്കാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ ശ്രീ നീലകണ്ഠതീർത്ഥപാദർ, ശ്രീ തീർത്ഥപാദപരമഹംസർ എന്നിവരുടെ ശ്രമഫലമായി എഴമറ്റൂരിൽ തീർത്ഥപാദ ആശ്രമം സ്ഥാപിച്ചു. യോഗജ്ഞാന സമ്പ്രദായങ്ങളെ തനി കേരളീയമെന്നനിലയിലും കേരളീയ സംസ്കാരത്തിനു യോജിച്ച രീതിയിലും പ്രചരിപ്പിക്കുന്നതിനുവേണ്ടി തീർത്ഥപാദസ്വാമികൾ എന്ന പേരിൽ ഒരു സന്യാസി പരമ്പരയ്ക്കും രൂപം നൽകി.

PREFACE

(to the first edition)

I feel that I am but ill-qualified to write a forward to this very learned and thoughtful work on the nature of the Vedas and the qualifications required for their study, by Brahmasri Chattampi Swami. Still, I have been induced to write this owing to the friendly request of my saintly and learned friend Brahmasri Nilacanda Thirtha Swami, one of the foremost of the disciples of Brahmasri Chattampi-Swami. My excuse is that, as the work is already in the press, it will be unbecoming on my part to force my friend to seek for a preface elsewhere.

The broad-minded tolerence, critical acumen, sympathy with all created beings, and the deep and vast learning of the Swamiji are apparent even in this short work. I learn that some twenty five years ago, the Swamiji planned a great work on the Vedas and wrote a very large part of it. The major portion of the manuscripts has, like so many of the works of His Holiness, been dispersed to the winds. The small book now published is all that has been garnered together by the diligence of Swamiji's disciples, out of the bulky manuscripts dealing with many topics connected with the Vedas.

The true meaning of the Divine origin of the Vedas is ably set forth in this work and it is established that all human beings who have a desire for it may study the Vedas according to their capacities without fear of

incurring any sin on that account. The Late Vivekananda Swami was also of the same opinion. I find that there is much in common between the two Swamijis. Both have cleared their minds of cant and boldly proclaim the supremacy of experience and Reason in all human affairs. Mere authority is nothing to them even in Religious matters. Both have realised the supreme truth of the Vedanta and are actuated by Divine love in their endeavours to raise the condition of the suffering millions of their fellowmen. There was a time when Brahmasri Chattampi Swami was as militant in spirit as the illustrious Vivekananda. But now as befits his present advanced years, the former is generally mild and tolerant in the mellow wisdom of his teaching. Of course, tolerance for all religions was the great characteristic of Vivekananda also, in pursuance of the teachings of his great master Rama Krishna Paramahamsa. But Vivekananda had on several occasions to expose mercilessly the cant and the hollowness of many shallow men who opposed his teachings and in this he showed a strength and vehmence worthy of the great cause he fought for In his younger days, Chattampi Swami also showed a similiar turn of mind, and even now, whenever the cause requires it, the Swamiji exposes canting hypocrites without fear or favour.

I hope that the book will serve to instil the right religious spirit into the hearts of the people of Kerala.

Puthuppalli,
Kayamkulam,
7–1–1096

(Sd.) G. Raman Menon
M.A., B.L.

ഒന്നാം പതിപ്പിന്റെ

ഭൂമിക

വേദാധികാരനിരൂപണം എന്ന ഈ ഗ്രന്ഥം രണ്ടുമൂന്നു വാല്യങ്ങളിലായി പ്രസിദ്ധം ചെയ്യുത്തക്ക ഒരു ബൃഹത്ക്കായനിബന്ധമാണെന്നു് രചനാവസ്ഥമായിരുന്ന കാലത്തു് എനിക്കു് തോന്നീട്ടുണ്ടു്. സ്വാമിതിരുവടിയുടെ അനേകസംവത്സരങ്ങളിലെ പ്രയത്നത്തിന്റെ പരിണാമമാണു് അതെന്നും ഞാൻ കണ്ടിരുന്നു. അക്കാലത്തു് — ഇരുപത്തി ആറു വർഷങ്ങൾക്കു മുമ്പു് — അവിടുന്നു് എന്റെ ജന്മഭദ്രഭോഗമായ മുവാറ്റുപുഴപ്രദേശത്തെ ശ്രീചരണപാംസുക്കളാൽ പവിത്രമാക്കിയിരുന്നരുളുകയായിരുന്നതിനാൽ അതിലെ മിക്ക ഭാഗങ്ങളും, അവിടുത്തെ ആശ്രിതനും ഹിന്ദുമതപ്രാസംഗികനും ആയിരുന്ന 'കാളിയാങ്കൽ' മുഖമായി എനിക്കു കേൾക്കാനിടവന്നിട്ടുണ്ടു്. വേദം ദ്വിത്രസൂത്രധാരമാത്രാധികാരമെന്നുണ്ടായിരുന്ന ഭ്രമം തന്മൂലമാണു് നിർമ്മൂലമായതെന്നു് എടുത്തുപറയാതെ തരമില്ല. വർണ്ണവിഭാഗത്തിനുള്ള വില നിർണ്ണയിക്കുന്നതിലേക്കു് സ്ഥാവരജംഗമങ്ങളിൽ അവിശേഷേണ കല്പിച്ചിരിക്കുന്ന ജാതിഭേദം തത്തദ്വസ്തുസ്വരൂപനിർണ്ണായകശാസ്ത്രാഗമങ്ങളിൽ നിന്നും പ്രമാണകോടികം ഉദ്ധരിച്ചു് അതിൽ വിശദീകരിച്ചിരുന്നു. അവിടുത്തെ അതിദുർല്ലഭോന്നഗ്രഹമഹി

മയാൽ ആത്മകാര്യപ്രസക്തനായിത്തീർന്ന എനിക്ക് ഒരു പന്ത്രണ്ടു വഷ്ത്തേക്കു് അതിനെപ്പറ്റി ഒന്നും ആലോചിക്കാൻ സൗകര്യമുണ്ടായില്ല. പിന്നീടു് അതിന്റെ മുദ്രാപണകാര്യം സംബന്ധിച്ചു പലപ്പോഴും സ്വാമിപാദങ്ങളിൽ ഉണർത്തിയതിൽ യാതൊരു ഫലവും ഉണ്ടായില്ല. അവിടുന്നു് എനിക്കുവേണ്ടി അരുളുന്നതു കേൾക്കമാത്രമാണു് എന്റെ കൃത്യമെന്നു് അന്നും 'ഇന്നും' കരുതലുള്ള എനിക്കു് ആ നിലയിൽ ഒന്നും സാദ്ധ്യമായില്ല. അവിടുത്തെ പരിചയം എനിക്കു സിദ്ധിച്ചതായ കാലം മുതൽ ഈ മുപ്പത്തിനാലു സംവത്സരത്തിനിടയിൽ ഞാൻ തുപ്പാദം ദർശിക്കുമ്പോഴൊക്കെ അവിടുന്നു് ഏതാദൃശ മഹാനിബന്ധരചനയിൽ സമയം വ്യയംചെയ്യുന്നതായിത്തന്നെ കണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ഗ്രന്ഥരത്നങ്ങളുടെ പ്രസിദ്ധീകരണം ദ്രവ്യാപേക്ഷയും തദ്വാരാ അന്യാപേക്ഷയും ആകയാലായിരിക്കാം രചനയിലെന്നപോലെ പ്രകടീകരണത്തിൽ അവിടേയ്ക്കു് നിർബ്ബന്ധമില്ലാത്തതു്. ബ്രഹ്മവിദ്വരീയാനായ അവിടേയ്ക്കു് ഈ കാര്യത്തിൽ വന്ന 'ഉദാസീനവദാസീനത്വം' എങ്ങനെ നോക്കിയാലും സമാധാനമുള്ളതാണു്. പെൻസിൽ കോപ്പിയായി എഴുതി സംഗ്രഹിച്ചിരുന്ന അവിടുത്തെ കൃതിതല്ലജങ്ങളിൽ മിക്കതും ഈ ദീർഘകാലങ്ങൾക്കിടയിൽ തേഞ്ഞുമാഞ്ഞുപോയിട്ടും, അവലോകനോത്സുകരുടെ കൈവശം പെട്ടിട്ടും നഷ്ടമായിത്തീർന്നതു് ജനതയുടെ ഭാഗ്യവിപര്യയം.

സാമാന്യനായ ഒരു തന്ത്രി പ്രാണപ്രതിഷ്ഠ കഴിച്ചു സ്ഥാപിക്കുന്ന ഒരു ദേവപ്രതിമയിൽ ഏതു ഹിന്ദുവിനും ഈശ്വരത്വവും, അതിന്റെ ഫലദാതൃത്വവും സുസമ്മതമാ

കുന്ന നിലയ്ക്ക് മലയാളത്തിലെ പ്രഭൃസമിതി, മഹാരാ
ജാക്കന്മാർ, രാജർഷിമാർ, തന്ത്രിമാർ, വൈദികന്മാർ
തുടങ്ങി സർവ്വോൽകൃഷ്ടനായ തന്ത്രാക്കൾ അടക്കംചേർന്ന്
പ്രത്യക്ഷദേവപദത്തിൽ അഭിഷേകം ചെയ്തിരിക്കുന്ന
ദേവാത്മചിത്തിന്റെ പ്രഭാവാനുഗ്രഹാദികൾക്ക സ്ഥാന
പ്പിഴയില്ലായ്കയാൽ മേൽപറഞ്ഞ സ്ഥിതിയിൽപോയ
വേദാധികാരനിരൂപണത്തിന്റെ സാരോദ്ധാരമായ പ്ര
കൃതകൃതിയുടെ സംകലന വിഷയത്തിൽ, 'കൂടൽമാണി
ക്യൻ കേരളർ തിരുനാമാ'ങ്കനും ബ്രഹ്മനിഷ്ഠനും ആയ
ആ മകയിരം തിരുനാൾ മഹാമഹിമ ബ്രഹ്മശ്രീ തച്ചു
ടയതമ്പുരാൻ അവർകളുടെ വിഭവാതിശയം സംസ്ഫുരി
ച്ചതു ഭാഗ്യതാരോദയം. ഇതുയുമാണ് ഗ്രന്ഥചരിത്രം.
'വേദ–വേദാധികാര – നിരൂപണ'ങ്ങൾ അടങ്ങിയതു്
എന്നർത്ഥമായ ഇതിന്റെ നാമത്തിൽ വിഷയപ്രയോജനാ
ദികൾ ഉന്നയിക്കേണ്ടതാണ്.

'അർഭാഹവസ്വാമിചരണാഭരണാ'ദി ഗ്രന്ഥപരമ്പ
രാദ്വാരാ ലോകമൊട്ടുക്ക് അറിയപ്പെട്ടിട്ടുള്ള 'ചട്ടമ്പി
സ്വാമി' (ബ്രഹ്മശ്രീ വിദ്യാധിരാജ തീർത്ഥപാദപരമ
ഭട്ടാരസ്വാമി) പാദങ്ങളെക്കുറിച്ചു കേരളത്തിൽ ആഗോ
പാലപണ്ഡിതം ആരോടും ഒന്നും പറയേണ്ട ആവശ്യമില്ല.
അതിനാൽ,

''സോജ്ഞാസീദ്യാവതീർവിദ്യാ–
സ്ഥാസാം നാമാപി നിശ്ചിതം;
വക്തൃം നാസ്ത്യേവ സാമർത്ഥ്യം
വ്യക്തം വാചസ്പതേരപി''

എന്നു പറഞ്ഞപോലെ സകലകലാകോവിദനായ സ്വാമി

യേയും അങ്ങനെയുള്ള മഹാത്മാവിന്റെ കൃതിയേയും കുറിച്ച് ഇവിടെ ഒന്നും പറയുന്നില്ല.

ജോലിത്തിരക്കുകളെ വകവയ്ക്കാതെ, 'എന്റെ താല്പര്യത്തെ മുൻനിർത്തി ആംഗലഭൂമിക എഴുതിത്തന്ന സുജനാവതംസവും പൊതുജനപ്രീതിപാത്രവും ആയ ജി. രാമൻ മേനോൻ എം. എ. ബി. എൽ. അവർകൾക്കു ധന്യവാദം പ്രദാനംചെയ്തുകൊണ്ട് ഈ വിഷയം ഉപസംഹരിക്കുന്നു.

എന്ന്,

നീലകണ്ഠതീർത്ഥപാദസ്വാമി

(ഒപ്പ്)

D. RAVEENDRAN M.A.,B.Ed.
Lecturer in Vedanta.
Govt. Sanskrit College,
Trivandrum

വേദാധികാരനിരൂപണം

ഒന്നു്

വേദസ്വരൂപം

1. ലോകത്തിൽ മിക്കപേരും ഗൗരവമാക്കി വെച്ചിരിക്കുന്ന ഗ്രന്ഥം ഏതാകുന്നു എന്നു വിചാരിച്ചാൽ വേദമത്രേ സന്ദേഹമില്ല. സൃഷ്ടിയിൽ അടങ്ങിയ സകല ജനങ്ങളും നാസ്തികന്മാർ, ആസ്തികന്മാർ എന്നിങ്ങനെ രണ്ടു വകുപ്പിലുൾപ്പെട്ടും. ഈശ്വരനേ ഇല്ല, എന്നുള്ളവർ നാസ്തികന്മാർ ആകുന്നു. നാസ്തികവാദം ചെയ്യുന്നവർ ചിലരുണ്ടായിരുന്നാലും വാസ്തവത്തിൽ ആ മതത്തെ ആന്തരമായി വിശ്വസിച്ചു് അനുഷ്ഠിക്കുന്നവർ ഒരുത്തരും കാണുകയില്ല. ആ പരാത്പരവസ്തു ഉണ്ടെന്നു വിശ്വസിച്ചു നടക്കുന്നവർ ആസ്തികന്മാരാകുന്നു. ഇവരുടെ സംഖ്യ വളരെയുണ്ടു്; എങ്കിലും ഈശ്വരസ്വരൂപത്തേയും, ഈശ്വരനും പ്രപഞ്ചത്തിനുമുള്ള സംബന്ധങ്ങളേയും, ഈശ്വരന്റെ ശക്തിഗുണാതിശയങ്ങളേയും കുറിച്ചുള്ള ബോധാചരണങ്ങളിൽ ഇവർ പല വകക്കാരായിരിക്കും.

ഈ വർഗ്ഗങ്ങളിൽ ശ്രുതന്മാർ, പ്രപഞ്ചവേദികളും എന്ന രണ്ടു വകുപ്പുകാരെപ്പറ്റി പ്രകൃതത്തിൽ വിചാരിച്ചാൽ മതിയാകും. ധർമ്മാധർമ്മജ്ഞാനമുണ്ടാകുന്നതി

ലേക്കു് ഈശ്വരൻതന്നെ ദയവു ചെയ്തു വേദമെന്ന ഒരു പുസ്തകത്തെ നമുക്കു തന്നുവെന്നു വിശ്വസിച്ചിരിക്കുന്നവരെല്ലാവരും ശ്രോതന്മാരാണു്.

ഇപ്രകാരമല്ലാതെ ഈശ്വരൻ ഒരുത്തൻതന്നെ രക്ഷിതാവെന്നും, അദ്ദേഹം സൃഷ്ടിച്ച പ്രപഞ്ചംതന്നെ വേദമെന്നും വിശ്വസിച്ചിരിക്കുന്നവർ പ്രപഞ്ചവേദികളാണു്.

വേദവിഷയത്തെക്കുറിച്ചു വിചാരിക്കുമ്പോഴും ഈ വകുപ്പുകാരുടെ അഭിപ്രായങ്ങളേയും ഒന്നോടൊന്നായി പ്പിച്ചു നിരൂപണം ചെയ്യുന്നതു് അനാവശ്യമാകയില്ലെന്നു കരുതുന്നു.

2. വേദമെന്നതു് എന്തു്? അതിന്റെ കർത്താവാരു്? അതിന്റെ സംഖ്യ എത്ര? അതെങ്ങനെയുള്ളതാണു്, എന്നു വിചാരിക്കുമ്പോഴും അതിനു കർത്താവില്ലെന്നു ചിലരും, അതു് ഋഷിപ്രോക്തമെന്നു മറ്റു ചിലരും, അതിനെ ഈശ്വരൻ സൃഷ്ടിച്ചുവെന്നു വേറേ ചിലരും, വേദത്തിനു സംഖ്യയില്ല എന്നു് ഏതാനും ചിലരും, സകല പ്രമാണങ്ങളിലുംവെച്ചു വേദംതന്നെ മുഖ്യമെന്നു് ഒരുകൂട്ടരും, അതു മനുഷ്യകർത്തൃകമാണെന്നു പിന്നെച്ചിലരും, ശബ്ദപ്രമാണങ്ങളിൽവെച്ചു് ഇതു മുഖ്യംതന്നെ എന്നുവരികിലും പ്രത്യക്ഷാനുമാനാപേക്ഷയാ ഇതു താഴ്ന്നതെന്നു ചിലരും വിശ്വസിച്ചിരിക്കുന്നതായി അറിയുന്നതിനാൽ ഈ വിഷയങ്ങളെയെല്ലാം ഓരോന്നായിട്ടു നിരൂപണം ചെയ്യേണ്ടതു് ആവശ്യം ആയിരിക്കുന്നു.

3. ഇവിടെ ആദ്യമായി വേദമെന്ന ശബ്ദത്തിനു് അർത്ഥമെന്തെന്നാണു വിചാരിക്കേണ്ടതു്. ഒരു വസ്തു

വിന്റെ പൂർണ്ണമായ ബോധം ഉണ്ടാകണമെങ്കിൽ അതിനുള്ള പല നാമങ്ങളുടെ അർത്ഥത്തേയും ഉദ്ദേശത്തേയും ഒന്നായിച്ചേർത്തു യോജിപ്പിക്കയെന്നതു് ആവശ്യമാകും. ആകയാൽ വേദമെന്ന ശബ്ദത്തിന്റെ അന്തരംഗത്തെ അറിവാനിച്ഛിക്കുന്നവർ അതിന്റെ പര്യായങ്ങളോടു് അതിനെച്ചേർത്തു് ആലോചിക്കേണ്ടതാണു്.

വേദം, ശ്രുതി, ആമ്നായം ഈ മൂന്നു പദങ്ങളും ഒരേ അർത്ഥത്തെക്കുറിക്കുന്നതായി അമരകോശകാരൻ പഠിച്ചിരിക്കുന്നു. ഇവയിൽ വേദശബ്ദമെന്നതിന്റെ നിഷ്പത്തി പറയുമ്പോൾ ''വിദന്ത്യനേന ധർമ്മാധർമ്മാവിതി വേദ:''—യാതൊന്നിന്റെ സഹായത്താൽ ധർമ്മാധർമ്മങ്ങളെ അറിയാനിടയാകുന്നോ അതിനെ വേദമെന്നു പറയുന്നു—എന്നു ചിലരും, ''വേദയതീതി വേദ:''—വേദിപ്പിക്കുന്നതിനാൽ വേദമെന്നു മറ്റു ചിലരും പറയും. ഈ രണ്ടു നിഷ്പത്തികളിലും ശബ്ദങ്ങൾ വെവ്വേറെ എന്നു വരികിലും അർത്ഥത്തിൽ ഭേദമില്ല. ഇനി 'ബ്രഹ്മനിഗമം' എന്നു ശബ്ദരത്നാവലിയും, 'പ്രവചനം' എന്നു ജടാധരനും ഇതിനു പര്യായങ്ങൾ പറഞ്ഞിട്ടുണ്ടു്. ''ബ്രഹ്മ വേദേതി ബ്രാഹ്മണ:'' എന്ന പ്രമാണപ്രകാരം ബ്രഹ്മത്തെ—പരമാത്മാവിനെ താനായി അറിയുന്നവൻ എന്ന വ്യുത്പത്തിയനുസരിച്ചുള്ള ബ്രഹ്മജ്ഞാനിയെ ഒഴിച്ചു ബ്രഹ്മ—ശബ്ദബ്രഹ്മ—ത്തെ പഠിച്ചിട്ടുള്ളവൻ ബ്രാഹ്മണപദവാച്യനായതു് ഇതിലെ ബ്രഹ്മശബ്ദത്തിന്റെ സാർത്ഥക്യംകൊണ്ടാണെന്നു മനസ്സിലാക്കാം. വേദമെന്ന ഗ്രന്ഥം ജീവാത്മപരമാത്മാക്കളുടെ ഇരിപ്പിനേയും, അവയുടെ സ്വരൂപസംബന്ധാദികളേയും എങ്ങനെ പ്രകാശിപ്പിക്കുന്നോ അതുപോലെ തന്നെ പ്രപഞ്ചവും അവയെ ശോഭിപ്പിക്കുന്നതിനാൽ വേദമെന്നതു പ്രപഞ്ചംതന്നെ;

അല്ലാതെ അപ്രകാരം പറയപ്പെടുന്ന പുസ്തകം മാത്രമല്ല, എന്നു പ്രപഞ്ചവേദികരും അഭിപ്രായപ്പെടുന്നു.

മേല്പറഞ്ഞ, ''ശ്രൂയതേ ധർമ്മാധർമ്മാദികം അനയാ ഇതി ശ്രുതിഃ''—ധർമ്മാധർമ്മാദികരും ഇതിന്റെ സഹായത്താൽ കേൾക്കപ്പെടുകകൊണ്ട് ഇതിനു ശ്രുതിയെന്നു പേരുവന്നു—എന്നു ചിലരും, ''ശ്രൂയത ഇതി ശ്രുതിഃ''—ശ്രവിക്കപ്പെടുകയാൽ ശ്രുതിയെന്നായി—എന്നു മറ്റു ചിലരും ഇതിനു നിഷ്പത്തി പറയുന്നു. ഈശ്വരങ്കൽനിന്നു നേരേ കേൾക്കപ്പെട്ടതുകൊണ്ട് ഇതിനു ശ്രുതി എന്ന നാമം സിദ്ധിച്ചതായി ശ്രൌതന്മാർ പറയുന്നു. പ്രപഞ്ചവേദികളുടെ അഭിപ്രായം വേറെ വിധത്തിലാണ്; എങ്ങനെയെന്നാൽ, വേദങ്ങളിൽ ഭ്രരിപക്ഷവും എഴുത്തുകരും ഏർപ്പെടുന്നതിനു മുമ്പുതന്നെ ഉണ്ടായതുകൊണ്ടു മറ്റു ഗ്രന്ഥങ്ങളെപ്പോലെ ഇതു പുസ്തകങ്ങളിൽ പഠിക്കപ്പെടാതെ ഒരുത്തൻ മറൊരുത്തനും, അവൻ വേറേ ഒരുത്തനും, അധ്യയനം ചെയ്തിച്ചുതന്നെ 'പ്രവചന'മായി എന്നത്രേ ഇതിനർത്ഥം എന്നു പ്രപഞ്ചവേദികരും പറയും. വേദമെന്നതിനുള്ള മറൊരു പര്യായം ഈ പ്രപഞ്ചവേദികളുടെ മതത്തെ ആദരിക്കുന്നു. ''ആമ്നായതേ പാരംപര്യേണ ഇത്യാമ്നായഃ''—പരംപരയായി അഭ്യസിക്കപ്പെടുകയാൽ ഇതിനെ ആമ്നായമെന്നു പറയുന്നു—എന്നു ഇതിനു നിഷ്പത്തി സാധിക്കുന്നു; അച്ഛൻ മകനും, മകൻ പൌത്രനും ഈ മാതിരിയിൽ പാഠം ചൊല്ലി നിലനിന്നു പോന്നതിനാൽ ഇതിനു ' ആമ്നായം' എന്നു നാമം. ഈ രണ്ടുപേരുടേയും മതം ഭിന്നിച്ചിരിക്കയാൽ വേദം പൌരുഷേയമോ അപൌരുഷേയമോ എന്നു ഒരു വിചാരം ഉണ്ടാകുന്നു.

വേദം പരമാത്മകൃതമെന്നല്ലാതെ മനുഷ്യകൃതമല്ല എന്നു ശ്രൌതന്മാർ അഭിപ്രായപ്പെടും. ഇതിനു ആധാര

മായി അവർ പറയുന്ന ഹേതുക്കൾ എന്തെല്ലാമെന്നാൽ:—

1. വേദങ്ങളിൽ പറയപ്പെട്ട സകലവും സത്യമാകയാലും, ''സത്യസംഹിതാ വൈ ദേവാഃ, അനൃതസംഹിതാ വൈ മനുഷ്യാഃ''— ദേവന്മാർ മാത്രം സത്യവാന്മാർ, മനുഷ്യർ അസത്യവാന്മാർ—എന്നു വേദത്തിൽതന്നെ പറഞ്ഞിരിക്കയാലും, അതു് അപൗരുഷേയമായിട്ടേ ഇരിക്കൂ.

2 വേദങ്ങൾക്കു കർത്താവില്ല, എന്നു സ്മൃത്യാദികളിൽ സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നതിനാൽ അതു മനുഷ്യകൃതമല്ല.

3. നാഗരികത്വം വർദ്ധിച്ച ഇക്കാലത്തുള്ളവരും ആദരിച്ചു് ഗൗരവത്തോടെ സ്വീകരിക്കത്തക്ക ഇപ്രകാരമുള്ള ഗ്രന്ഥങ്ങളെ, ജ്ഞാനവും നാഗരികത്വവും ഉണ്ടായിട്ടില്ലാത്ത ആദികാലത്തു കേവലം മനുഷ്യർ ഉണ്ടാക്കുകയെന്നതു് അസാധ്യകോടിയിലാകയാൽ അതിനെ ദൈവികമെന്നതന്നെ നിശ്ചയിക്കണം.

4. ദൈവികമായ ധർമ്മഗ്രന്ഥം ഒന്നിരുന്നാലല്ലാതെ മനുഷ്യർക്കു ധർമ്മബോധം ഉണ്ടാകയില്ല. അതിനാൽ ഈ ആവശ്യത്തിൻപേരിൽ അതിനെ ദിവ്യത്വമുള്ളതായിക്കരുതണം.

5. ഋഷികൾ മുതലായവരാൽ നിർമ്മിക്കപ്പെട്ട ഇതിഹാസപുരാണാദിഗ്രന്ഥങ്ങളേക്കാൾ ശ്രേഷ്ഠതമമായ പ്രമാണമായിട്ടു് ആദിമുതൽക്കു് ആദരിച്ചു നടന്നു വരുന്നതിനാൽ അതു മനുഷ്യകൃതമല്ലെന്നു നിശ്ചയിക്കേണ്ടതാണു്.

ഇനിയും അനേകം ചില്വറ ഹേതുക്കളെ അവർ പറയുന്നുണ്ടു്.

ഇതിനു നേരെ വിരോധമായി പ്രപഞ്ചവേദികൾ പറയുന്ന ഹേതുക്കളെ കാണിക്കാം.

1. വേദത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ വിഷയങ്ങളും സത്യമെന്നു വയ്പാൻ പാടില്ല. അർത്ഥവാദപരമായും, ഉപാഖ്യാനാദിവിഷയമായും ഇരിക്കുന്നവ നോക്കുക. അതിൽ അധികഭാഗവും കർമ്മകാണ്ഡമായിട്ടും, കുറച്ചുഭാഗം ബ്രഹ്മകാണ്ഡമായിട്ടും ഇരിക്കുന്നുവെന്നു് എല്ലാവർക്കും അറിയാമല്ലൊ. ഈ കർമ്മകാണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ പലതും ഹേയമായിത്തന്നെ ഇരിക്കുന്നുവെന്നു പ്രസിദ്ധം. യാഗാദികളിൽ നടക്കുന്ന ഹിംസ, എന്തുകാരണത്താലെങ്കിലുമാകട്ടെ, സാധുവാകുമോ? ഒരിക്കലുമില്ല.

''പരോക്ഷവാദോ വേദോ'yaṃ
ബാലാനാമനുശാസനം''—

ആശയാന്തരത്തെ ഗർഭീകരിച്ചു് 'ഗുഡജിഹ്വികാ' ന്യായേന കർമ്മത്തിൽനിന്നു നിവർത്തിപ്പിക്കുന്നതിനായി മാത്രം വേദം ക്രിയാമാർഗ്ഗം നിർദ്ദേശിക്കുന്നതേ ഉള്ളു—എന്നും

''തേ മേ മതമവിജ്ഞായ
പരോക്ഷം വിഷയാത്മകാഃ
വൃഥാ പശൂൻ വിഹിംസന്തി
പ്രേത്യ ഖാദന്തി തേ ച താൻ''

ഇപ്രകാരം നിഗൂഢമായിരിക്കുന്ന ഭഗവദഭിപ്രായം ഗ്രഹിക്കാതെ വിഷയഭ്രാന്തന്മാരായവർ ഹിംസാമയമായ യജ്ഞമനുഷ്ഠിക്കയും ആ യജ്ഞീയ പശുക്കളെ ഭോന്തരത്തിൽ ആ യാഗകർത്താക്കളെ കൊന്നു തിന്നുകയും ചെയ്യുന്നു—എന്നും ശ്രീമദ്ഭാഗവതം പറയുന്നു.

''ന ഹിംസ്യാദിത്യേതദ് ധ്രുവമവിതഥം വാക്യമബുധൈരഥാഗ്നീഷോമീയം പശുമിതി തു വിപ്രൈന്നിഗദിതം''—

സാധിഷ്ഠവും യഥാർത്ഥവുമായ 'മാ ഹിംസ്യാത് സർവ്വാ ഭൂതാനി' എന്ന വേദവിധിയെ (ഉത്സർഗ്ഗമാക്കി) 'അഗ്നീഷോമീയം പശുമാലഭേത' എന്ന വാക്യം വിശേഷവിധിയാകയാൽ, അതിനെ ബാധിക്കുന്ന വിധം (അപവാദകമാക്കി) മൂർഖന്മാരായ വിപ്രർ വാദിക്കുന്നു എന്നു പറഞ്ഞു് ബ്രഹ്മാനന്ദസരസ്വതി യജ്ഞീയപശുഹിംസയേയും അപലപിക്കുന്നു. 'സർവ്വാണി' എന്നതിന്റെ സ്ഥാനത്തു് 'സർവ്വാ ഭൂതാനി' എന്നതു ഛാന്ദസമാണു്. ഇതു ഭിന്നവിഷയകമാകയാൽ ബാധകം ഇല്ലെന്നു് ആചാര്യവാചസ്പതിമിശ്രൻ പറയുന്നു. മേൽ പറഞ്ഞപ്രകാരം കല്പിക്കയാൽ ''പശുസമഃ'' എന്നു് ഇവർക്കു ഭട്ടതിരിപ്പാട്ടിൽനിന്നു് അഭിധാനം നൽകിയിരിക്കുന്നതായി കാണുന്നുണ്ടെന്നുള്ളതു വലിയ ആശ്വാസം തന്നെ. യജ്ഞീയ പശുഹിംസയും ഹിംസതന്നെയെന്നാണു് യോഗസൂത്രവൃത്തികാരന്റെ അഭിപ്രായം.

ഇതിനെല്ലാം പുറമേ—,

''മമ നാമ്നാഽഥവാ യജ്ഞേ
പശുഹത്യാം കരോതി യഃ;
കദാപി തന്നിഷ്കൃതിർനാസ്തി
കുംഭീപാകമവാപ്നുയാൽ.
ദൈവേ പൈത്രേ തഥാത്മാർത്ഥേ
യഃ കുര്യാത് പ്രാണിഹിംസനം
കല്പകോടിശതം ശംഭോ!
രൗരവേ സ വസേദ് ധ്രുവം.
യൂപേ ബദ്ധ്വാ പശൂൻ ഹത്വാ
യഃ കുര്യാദ്രക്തമർദ്ദനം
തേന ചേൽ പ്രാപ്യതേ സ്വർഗ്ഗോ
നരകഃ കേന ഗമ്യതേ''

ശക്തിപൂജയെന്ന വ്യാജത്താലാകട്ടെ യാഗത്തിനെന്നു വെച്ചാകട്ടെ പ്രാണിവധം ചെയ്യുന്നവർക്കു് കുംഭീപാക നരകമൊഴിച്ചു പ്രായശ്ചിത്തമില്ല; യാഗം, പിതൃകർമ്മം, ഉദരപൂരണം ഇതിൽ ഏതിനെ ആസ്പദമാക്കി ആയാലും പ്രാണിഹിംസ ചെയ്യുന്നവർ രൗരവനരകത്തിൽത്തന്നെ കിടക്കേണ്ടിവരും; യൂപത്തിന്മേൽ (യജ്ഞശാലയുടെ പൂർവദ്വാരത്തിനു് ഇടത്തുമാറി പ്രതിഷ്ഠിക്കപ്പെടുന്നതും 'ശമിതാ' എന്നു പറയുന്ന കൂട്ടരായ ആ കശാപ്പുകാരാൽ നവദ്വാരബന്ധനപൂർവ്വം മർമ്മസന്ധിമർദ്ദിച്ചു കൊല്ലപ്പെടുന്ന യജ്ഞീയപശുവിന്റെ ബന്ധനത്തിനുള്ളതും ആയ സ്തംഭത്തിന്മേൽ) യജ്ഞപശുവിനെ കെട്ടി, അനന്തരം കൊലപ്പെടുത്തി രക്തപങ്കം ഉണ്ടാക്കുന്നവർക്കു് ഇതു സ്വർഗ്ഗവാതൽ തുറന്നുകൊടുക്കുമെങ്കിൽ പിന്നെ നരകദ്വാരം തുറക്കുന്നതിനുള്ള കർമ്മം ഏതായിരിക്കുമെന്നറിയുന്നില്ല—എന്നു പാദ്മോത്തരത്തിലെ ശ്രീപാർവ്വതീ പരമേശ്വരസംവാദം പറയുന്നു. യാഗത്തെക്കുറിച്ചു് ഇതിലധികമായി ആക്ഷേപിക്കുന്നതിനു പാരമർഷവചനത്തിനു കഴിവില്ലല്ലോ.

പൗണ്ഡരീകയാഗത്തിൽ വിധവയും ബ്രഹ്മചാരിയും ചേർന്നു നടത്തുന്ന സംഭോഗത്തേയും, ''അശ്വസ്യ ശിശ്നം പത്ന്യാ ഉപസ്ഥ നിധത്തേ'' എന്നു് അശ്വമേധപ്രകരണം പറയുന്നതിനേയും ''മഹാവ്രതാഖ്യയജ്ഞേ ബ്രഹ്മചാരീത്വര്യോ രതമഭിമതം'' എന്നതിലെ ബ്രഹ്മചാരിയും കുലടയും തമ്മിലുള്ള സംയോഗത്തിന്റെ സമ്മതിയേയും, ആയിരം വേദങ്ങൾ ആദരിച്ചു എന്നുവരികിലും പരിശുദ്ധന്മാർ ആദരിക്കയില്ല. അതുകൊണ്ടല്ലയോ വേദത്തിൽ കാലദേശാദികളെക്കണക്കാക്കാതെ പൊതു

വായി വിധിച്ചിരിക്കുന്ന പല കാര്യങ്ങളേയും പല ധർ മ്മശാസ്ത്രജ്ഞന്മാർ നിഷേധിപ്പാൻ തുനിഞ്ഞതു്.

''അശ്വാലംഭം ഗവാലംഭം
സംന്യാസം പലപൈതൃകം;
ദേവരേണ സുതോത്പത്തിം
കലൗ പഞ്ച വിവർജ്ജയേത്.

കലിയുഗത്തിൽ അശ്വമേധം, ഗോമേധം, സംന്യാസം, ശ്രാദ്ധത്തിൽ മാംസഭോജനം, ദേവരങ്കൽനിന്നു പുത്രോ ത്പത്തി ഈ അഞ്ചു കാര്യങ്ങളേയും മാറേറണ്ടതാണു്— എന്നുണ്ടായ നിഷേധംകൊണ്ടു വേദത്തിൽ പറയ പ്പെട്ട വിഷയങ്ങൾക്കും ന്യൂനതയുണ്ടെന്നു കാണുന്നു. ഇതിരിക്കട്ടെ, ക്രിസ്ത്യന്മാർ ബൈബിളിനേയും, മഹമ്മ ദീയർ ഖുറാനേയും, ഹിന്ദുക്കൾ വേദത്തേയും ഭഗവത് പ്രോക്തമെന്നു കൊണ്ടാടുന്നുണ്ടെന്നു പ്രസിദ്ധം. ഈ മൂന്നിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ പലതും ഒന്നി നൊന്നു നേരെ വിരുദ്ധമായിരിക്കുന്നു എന്നുള്ളതു ലോക പ്രസിദ്ധമാകയാൽ അതിലേക്കു് ഉദാഹരണം കൊട്ട ത്തിട്ടാവശ്യമില്ല. ഇങ്ങനെ അന്യോന്യം വിരുദ്ധമായി രിക്കുന്ന രണ്ടു വിഷയങ്ങളും യഥാർത്ഥമായിരിക്കൽ സാദ്ധ്യമല്ലല്ലോ. അപ്രകാരമല്ലെങ്കിൽ അസത്യംകൂടി ഒരു വേദത്തിൽ പറഞ്ഞിട്ടുള്ളതായി വരുന്നതാണല്ലോ. ആ ഭാഗവും ഭഗവത്പ്രോക്തമെന്നു വയ്ക്കാമോ? ശ്രുതി കളെന്നു വച്ചിരിക്കുന്ന ഈ മൂന്നിൽ ഒന്നാണ്ടു് ഈശ്വരകൃ തമല്ല, എന്നായാൽ മറെറാന്നുമാത്രം ഈശ്വരകൃതമെ ന്നു് എങ്ങനെ വരും? ഇനി, അതതിലെ പൂവ്വികന്മാർ വിശ്വസിച്ചതുതന്നെ ശരിയെന്നു നിശ്ചയിക്കേണമെന്നാ ണെങ്കിൽ അതു കേവലം ദുരഭിമാനമെന്നല്ലാതെ വിവേ കത്തിനടുത്തതല്ലല്ലോ. ആകയാൽ അവയിൽ ഇന്നതു

ഭഗവത്പ്രോക്തം, ഇന്നതു മനുഷ്യപ്രോക്തം എന്നതിനു നിരാക്ഷേപമായ ആധാരം ഏർപ്പെടാത്ത കാലത്തോളം അവയിൽ ഒന്നുംതന്നെ ഈശ്വരപ്രോക്തമായി ഗണിച്ചുകൂടാ. എല്ലാം മനുഷ്യകൃതമെന്നു വന്നുന്നതു യുക്തിക്കും വിവേകത്തിനും അടുത്ത കാര്യമായിരിക്കും. ഭഗവത് പ്രണീതമെന്നു ഗണിക്കപ്പെടാത്ത ഗ്രന്ഥത്തിൽ തന്നെ അതു ഭഗവത്പ്രോക്തമെന്നു് എഴുതിയിരുന്നാലും അതു കൊണ്ടു ഫലമെന്താണുള്ളതു്? പ്രപഞ്ചവേദിയല്ലാത്ത പ്രകൃതത്തിലുള്ള ഗ്രന്ഥകർത്താക്കളിൽ ഓരോരുത്തർ ചെയ്തിരിക്കുന്ന ഗ്രന്ഥം ഈ വേദങ്ങളിൽ എല്ലാവറേക്കാളും വിസ്താരമായിരിക്കുന്നതിനേയും വേദകർത്താക്കളിൽ ഓരോരുത്തരും ചെയ്ത ഭാഗം സ്വല്പമായിരിക്കുന്നതിനേയും ആലോചിക്കാനുണ്ടു്. ഇനിയും, ഇതു പ്രാചീനമായി ഏർപ്പെട്ട നടന്നുവരുന്നല്ലോ എന്നുവച്ചു ഭഗവത്പ്രോക്തമെന്നു നിരൂപിക്കാൻ പാടില്ല. എന്തെന്നാൽ സാധാരണ ജനങ്ങളുടെ കൂട്ടത്തിൽ ഒന്നാണ്ടു പണ്ഡിതന്മാരിരുന്നാൽ അവരെ മറുള്ളവർ ദേവാംശമെന്നു നിശ്ചയിക്കുന്നതു് ആശ്ചര്യമല്ല. ഇപ്രകാരമുള്ള പതിവു നമ്മുടെ ദേശത്തു മാത്രമല്ല, ഗ്രീസ്, റോമാ, ഇംഗ്ലണ്ടു് മുതലായ സ്ഥലങ്ങളിലും പൂർവ്വകാലത്തുണ്ടായിരുന്നതായി ചരിത്രങ്ങൾകൊണ്ടു തെളിയുന്നു. ഇപ്രകാരം സാധാരണന്മാരാൽ ഈശ്വരനെന്നു മതിക്കപ്പെട്ട മനുഷ്യരാൽ വേദങ്ങളും നിർമ്മിക്കപ്പെട്ട എന്നുവച്ചു് അതിനെ ആക്ഷേപിക്കേണ്ട ആവശ്യമില്ല. ഭഗവദാവേശത്താൽ മനുഷ്യർ പറയുന്നതിനേയും ഭഗവത്പ്രോക്തമെന്നു തന്നെ സമ്മതിക്കേണമെന്നു ചിലർ പറഞ്ഞേക്കാം. പാമരന്മാർ, ഭ്രാന്തന്മാർ, കൂടിയന്മാർ ഇവർക്കല്ലാതെ വേറെ ആർക്കും ആവേശമുണ്ടാകുന്നതു് അസാദ്ധ്യമാകയാൽ ആ

സ്ഥിതിയിലുള്ളവർ വേദപ്രണേതാക്കളെന്നു് ഒരുത്തരും സമ്മതിക്കയില്ല. അഥവാ സമ്മതിച്ചാലും അതിനു് ഒരു ഗൗരവവുമില്ല. ധാരണാബുദ്ധി സിദ്ധിക്കുന്നതു ഭഗവത്പ്രസാദത്താലാകയാൽ മേധാവികളും ചെയ്തതിനെ ദേവകൃതമായി സമ്മതിക്കേണമെന്നു ചിലർ പറയും. അങ്ങനെയെങ്കിൽ നമുക്കു്, ധാരണാബുദ്ധി, വിവേകപ്രാചുര്യം മുതലായ സകലവും ഭഗവത്കടാക്ഷത്താൽ തന്നെ ഉണ്ടാകുന്നതിനാൽ നാം എഴുതുന്നതിനെയെല്ലാം കൂടി ഭഗവത്പ്രോക്തമെന്നും വേദമെന്നും പറയാമോ?

ഇനിയും, ധർമ്മാധർമ്മങ്ങളെ നാം അറിഞ്ഞുകൊള്ളുവാൻ ഒരു സാധനം ആവശ്യമാണെന്നുള്ളതു യഥാർത്ഥമത്രെ. ഈശ്വരൻ പ്രപഞ്ചത്തെത്തന്നെ അപ്രകാരമുള്ള സാധനമായിട്ടു സൃഷ്ടിച്ചിരിക്കുമ്പോൾ നാം അന്യസാധനങ്ങളെ അപേക്ഷിക്കുന്നതു കേവലം അലസസ്വഭാവത്തെ കാണിക്കുന്നതാകുന്നു. അവനവൻ സ്വപ്രയത്നത്താൽ പ്രപഞ്ചത്തെ പരിശോധിച്ചു രക്ഷപ്പെടുന്നതു ദുസ്സാധ്യമാകയാൽ ഒരു പുസ്തകരൂപമായ സാധനം ദൈവികമായുണ്ടായിരുന്നാൽ ഉത്തമമല്ലയോ എന്നു ചോദിച്ചാൽ ഉണ്ടായിരുന്നെങ്കിൽ നല്ലതുതന്നെ. ഇല്ലാത്തപ്പോൾ ഉള്ളതായിട്ടു് ആരോപിച്ചുകൊള്ളുന്നതിൽ പ്രയോജനമുണ്ടോ? പുസ്തകരൂപമായ സാധനത്തെ തരുന്നതിനേക്കാൾ ഈശ്വരൻ തന്നെ മൂർത്തിമാനായിവന്നു ഭയവുചെയ്തു ധർമ്മങ്ങളെ ഉപദേശിക്കുമെങ്കിൽ അതു സർവ്വോത്തമമല്ലയോ? എങ്കിലും അതു സാദ്ധ്യമാണോ?

ഋഷിമാർ പുരാണാദിഗ്രന്ഥങ്ങളെ വേദത്തിന്റെ ഉപപ്രമാണമെന്നു പറഞ്ഞതിനാൽ ഗൗണസാക്ഷ്യത്തെക്കാൾ മൂലസാക്ഷ്യം പ്രധാനമെന്നു ഗൗരവബുദ്ധ്യാ ഗ്രഹി

ക്കപ്പെടണം; അല്ലാതെ ഭഗവത് പ്രോക്തമെന്നതിനാലല്ല. ഒരുപക്ഷേ പലർകൂടി അതിനെ ഭഗവത്പ്രോക്തമെന്നു പറഞ്ഞതുകൊണ്ടു് മാത്രം അതു് അപ്രകാരം പരിണമിക്കുമോ? ആദി വിവേകികളും ശ്രമപ്പെട്ടു കണ്ടറിഞ്ഞു പറഞ്ഞ വിഷയങ്ങളിൽ നിരാക്ഷേപകരങ്ങളായ ഭാഗങ്ങളെ അംഗീകരിക്കയും ഗൗരവബുദ്ധ്യാ സ്വീകരിക്കയും ചെയ്യേണ്ടതു് നമ്മുടെ സ്ഥിതിക്കു് അടുത്ത കാര്യംതന്നെ. ഭഗവത്പ്രോക്തമല്ലെന്നുള്ളതുകൊണ്ടുമാത്രം ആക്ഷേപകരമായിത്തീരുന്നതുമല്ല. അതിലുള്ള ഗുണങ്ങളെ ആദരിച്ചനുഷ്ഠിക്കുന്നതു തന്നെ നമുക്കു സുലഭമായും പ്രയോജനകരമായും ഇരിക്കുമെന്നതിൽ സന്ദേഹമില്ല.

ഇനി, വേദബാഹുല്യത്തെക്കുറിച്ചു നോക്കാം. 'അനന്താ വൈ വേദാഃ' എന്ന പ്രമാണത്താൽ വേദങ്ങൾക്കു സംഖ്യയില്ലെന്നു ശ്രൗതന്മാർ പറയുന്നു. ഇതിനെപ്പറ്റി പ്രപഞ്ചവേദികൾക്കുള്ള അഭിപ്രായത്തെ കാണിക്കാം. ശബ്ദാർത്ഥപ്രകാരം ഈശ്വരന്റെ ഇരിപ്പിനേയും ധർമ്മാധർമ്മങ്ങളേയും വെളിപ്പെടുത്തുന്നവയെല്ലാം വേദങ്ങൾതന്നെ; എന്നാലും അപ്രകാരം പ്രകാശിപ്പിക്കുന്നതിൽ പ്രപഞ്ചത്തെക്കാളും വിശേഷപ്പെട്ടതൊന്നുമില്ല; ആകയാലും പ്രപഞ്ചത്തിന്റെ വിസ്താരത്തേയും അതിലടങ്ങിയ പദാർത്ഥങ്ങളേയും ഒരിക്കലും കണക്കിട്ടു നിർണ്ണയിക്കാൻ കഴിവില്ലായ്കയാലും, പ്രപഞ്ചമായ വേദത്തിനു് പരിമിതിയില്ല എന്നതു് ഈ വാക്യത്തിന്റെ ഉദ്ദേശം എന്നല്ലാതെ പുസ്തകരൂപമായ വേദത്തിനു് അളവില്ല എന്നതു ഘടിക്കുന്നില്ല.

രണ്ടു്

വേദപ്രാമാണ്യം

ഇനി വേദപ്രാമാണ്യസ്വരൂപത്തെക്കുറിച്ചു പറയാം. പ്രത്യക്ഷാനുമാനശബ്ദങ്ങളെ എന്ന മൂന്നു വകപ്രമാണങ്ങളിൽവെച്ചു് 'വേദം' എന്നതു ശാബ്ദപ്രമാണത്തിൽ ചേർന്നിരിക്കുന്നു എന്നതിൽ സന്ദേഹമില്ലല്ലോ. ഈ മൂന്നുവിധ പ്രമാണങ്ങളുടെ താരതമ്യത്തെ അറിഞ്ഞാൽ വേദത്തിന്റെ സ്വരൂപം തന്നത്താനേ അറിയാറാകും. ദേവദത്തൻ ഭക്ഷിച്ചതിനെ ഞാൻ നേരിട്ടു കണ്ട പക്ഷത്തിൽ അതിനെക്കുറിച്ചു് എനിക്കുണ്ടായ ജ്ഞാനം പ്രത്യക്ഷപ്രമാണജനിതമാകും. അവന്റെ വയറു വീർത്തിരിക്കകൊണ്ടു ഭക്ഷിച്ചിരിക്കണം, എന്നാണൂഹിക്കുന്നതെങ്കിൽ അതു് അനുമാനജന്യജ്ഞാനമാകും. അവൻ ഭക്ഷിച്ചതായി പലരും പറഞ്ഞു ഞാൻ കേട്ടുവെങ്കിൽ അതു ശബ്ദജന്യജ്ഞാനമാകും. ഒരുത്തന്റെ വയറു വീർത്തിരിക്കുന്നതിനു കാരണം ഭക്ഷണം മാത്രമല്ല. വായു, അജീർണ്ണം ഈ കാരണാന്തരങ്ങളും അതിനു സംഭവിക്കാവുന്നതാണു്. അതിനാൽ ഭക്ഷിച്ചതായിരിക്കാമെന്നു സിദ്ധാന്തിച്ചാൽ പലപ്പോഴും തെറ്റിപ്പോയി എന്നുവരും, ഭക്ഷിച്ചതായി മറ്റൊരുവൻ പറയുമ്പോഴും അങ്ങനെ പറയുന്നവൻതന്നെ ശരിയായി ഗ്രഹിക്കാതിരുന്നു എന്നും വരാം. ശരിയായി ധരിച്ചിരുന്നാലും നമ്മെ കളിപ്പിക്കുന്നതിലേക്കു് അങ്ങനെ പറഞ്ഞു എന്നും വരാ

വുന്നതാണു്. അല്ലെങ്കിൽ അവൻ ശരിയായി പറഞ്ഞിട്ടും നാം തെറ്റിദ്ധരിച്ചു എന്നു വന്നാലും ആയി. ആകയാൽ പ്രത്യക്ഷജ്ഞാനം ഉത്തമമായതെന്നും, അനുമാനജ്ഞാനം മധ്യമമായതെന്നും, ശബ്ദജന്യജ്ഞാനം അധമമായതെന്നും, പ്രത്യക്ഷത്തിനു വിരുദ്ധമാകാത്തപ്പോഴും ശബ്ദത്തെ പരിശോധിക്കണമെന്നു് ആവശ്യപ്പെട്ടപ്പോഴും അനുമാനം ഗ്രാഹ്യമെന്നും, പ്രത്യക്ഷാനുമാനങ്ങൾ സിദ്ധിക്കാത്തപ്പോഴും അവയാൽ ബാധിക്കപ്പെടാത്തപ്പോഴും മാത്രം ശാബ്ദം ഗ്രാഹ്യമെന്നും സകല ദേശങ്ങളിലും വഴങ്ങിവരുന്ന ന്യായശാസ്ത്രങ്ങളിൽ വിധി ഏർപ്പെട്ടിരിക്കുന്നു. ഇതര ശബ്ദപ്രമാണങ്ങളെ അപേക്ഷിച്ചു വേദത്തിനു പ്രാബല്യം ഇരിക്കാമെങ്കിലും പ്രത്യക്ഷാനുമാനങ്ങളെ അപേക്ഷിച്ചു് അതു ദുർബ്ബലം തന്നെയാണു്. ഇക്കാരണത്താലത്രേ അനുഭവവിരുദ്ധമായ വേദഭാഗങ്ങളെ അർത്ഥവാദമെന്നു ഭാഷ്യകാരന്മാർ ഒതുക്കിവച്ചതു്. ഇനി, ഇപ്പറഞ്ഞ സംഗതികൾക്കു ന്യായമായ സമാധാനത്തോടുകൂടി നിരാക്ഷേപമായ പ്രമാണങ്ങളെക്കാണിക്കാം.

ഗീതോപനിഷത്തുകളിലും മാണ്ഡൂക്യതാപനീയാദിശ്രുതികളിലും ''ഓമിത്യേകാക്ഷരം ബ്രഹ്മ'' ''ഓമിത്യേതദക്ഷരമിദം സർവ്വം'' എന്നു പറഞ്ഞിരിക്കുന്നു. വ്യാകരണശാസ്ത്രമുറയ്ക്കു നോക്കുമ്പോൾ 'ഓം' എന്ന അക്ഷരത്തിന്റെ അർത്ഥം പ്രകാശരൂപമായും എല്ലാത്തിനേയും രക്ഷിക്കുന്നതായും ഇരിക്കുന്നു. ബ്രഹ്മം ഇപ്രകാരമുള്ളതെന്നു് താൽപര്യമാകയാലും 'ഓം' എന്ന അക്ഷരം ബ്രഹ്മത്തിന്റെ വാചകവും, ആ മുറയ്ക്കു ബ്രഹ്മം പ്രണവത്തിന്റെ വാച്യവുമാകുന്നു. അന്യോന്യം അത്യന്തഭേദമുണ്ടായിരുന്നു എങ്കിൽ വാചകമായ

''ഓം'' അക്ഷരത്തിനും വാച്യമായ ബ്രഹ്മത്തിനും ഒരു അഭേദം മാണ്ഡൂക്യാദ്യുപനിഷത്തുകളിൽ പറയപ്പെട്ടുകയില്ലായിരുന്നു. എന്നാൽ യുക്തിപ്രകാരം നോക്കുമ്പോഴും കുറച്ചു ഭേദം ഇല്ലാതെയിരിക്കുന്നുമില്ല. എങ്കിലും ഈ പ്രണവത്തിന്റെ ശരിയായ അനുസന്ധാനാനുഷ്ഠാനങ്ങളെക്കൊണ്ടു് ഏവർക്കും അഭയബ്രഹ്മപ്രാപ്തി ഉണ്ടാകുന്നതിനാൽ മുഖ്യസംഗതിയെ മാത്രം സാരമായിട്ടു നോക്കി ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഇതിലേക്കു് ഉപനിഷത്തുകളുംതന്നെ പ്രമാണം.

ഇനിയും,

''ഏക ഏവ പുരാ വേദഃ
പ്രണവഃ സർവ്വവാങ്മയഃ''

പൂർവ്വത്തിൽ സർവ്വവാങ്മയമായിരിക്കുന്ന പ്രണവം ഒന്നുതന്നെ വേദം എന്നു പറയുന്നു. ഈ പ്രണവം ബ്രഹ്മാഭേദമായിട്ടുള്ളതെന്നു മുമ്പു കാണിച്ചല്ലൊ; ആ ന്യായത്താൽ ഈ പ്രണവരൂപവേദത്തിനു് ആദ്യന്തം ഇല്ല.

''ബ്രാഹ്മണഃ പ്രണവം കുര്യാ—
ദാദാവന്തേ ച സർവ്വദാ;
സ്രവത്യനോംകൃതം പൂർവ്വം
പുരസ്താച്ച വിശീര്യതേ''— (മനു: 2. 74)

ബ്രാഹ്മണൻ വേദോച്ചാരണം ചെയ്യാനാരംഭിക്കുമ്പോഴും, പാഠം അവസാനിപ്പിക്കുമ്പോഴും പ്രണവത്തെ ഉച്ചരിക്കണം. ആദ്യം അങ്ങനെ ചെയ്യാതിരുന്നാൽ ഉച്ചരിച്ച വേദം അല്പാല്പമായി മറന്നുപോകും. അവസാനത്തിൽ ചെയ്യാഞ്ഞാൽ ഓർമ്മയിൽ നില്ക്കുയില്ല—എന്നു പറഞ്ഞിരിക്കുന്നു.

''ക്ഷരന്തി സർവ്വാ വൈദിക്യോ
ജുഹോതി യജതി ക്രിയാഃ,
അക്ഷരം ദുഷ്കരം ജ്ഞേയം
ബ്രഹ്മ ചൈവ പ്രജാപതിഃ''– (മനു–2. 84.)

വേദത്തിൽ വിധിക്കപ്പെട്ടിരിക്കുന്ന യജ്ഞാഹവനാദി ക്രിയാകലാപങ്ങളെല്ലാം നശ്വരങ്ങളായ ഫലങ്ങളെ കൊടുക്കുന്നവയാകയാൽ അവ നശ്വരങ്ങളെന്നും, പ്രണവം പരമാത്മസ്വരൂപത്തെ മനസ്സിലാക്കി മോക്ഷത്തെ കൊടുക്കുന്നതാകകൊണ്ട് അതു് അനശ്വരമെന്നും ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു.

ഇവയിൽ ആദ്യത്തെ ശ്ലോകത്തിൽ വേദം ഓതുന്നതിനു മുമ്പും പിമ്പും ഉച്ചരിക്കണമെന്നുള്ളതും, അടുത്ത ശ്ലോകത്തിൽ പരമാത്മസ്വരൂപത്തെ മനസ്സിലാക്കി മോക്ഷത്തെ കൊടുക്കുന്നതെന്നുള്ളതും ആയ പ്രണവ (വേദ)ത്തിന്റെ ഊർദ്ധ്വരീതിയിലുള്ള ചിന്തയുടെ ഫലപ്രാധാന്യേന നോക്കുമ്പോഴും മേൽപ്രകാരം ബ്രഹ്മാഭേദമായുള്ളതെന്ന ന്യായം കിട്ടുന്നു.

''വ്യക്താവ്യക്തനിരൂപിതം ച പരമം
ഷട്ത്രിംശത്തത്ത്വാത്മകം
തസ്മാദുത്തരതത്ത്വമക്ഷരമിതി
ധ്യേയം സദാ യോഗിഭിഃ;
ഓങ്കാരാദിസമസ്തമന്ത്രജനകം
സൂക്ഷ്മാതിസൂക്ഷ്മം പരം
വന്ദേ പഞ്ചമമീശ്വരസ്യ വദനം
വ്യാപി തേജോമയം''–

'സച്ച ത്യച്ചാഭവത്' എന്നു ശ്രുതി പറയും പ്രകാരം വ്യക്താവ്യക്ത–കാര്യകാരണ – രൂപമായും, സർവ്വോത്തമമായും, ഷട്ത്രിംശൽതത്ത്വരൂപമായി പറയുന്നെങ്കിലും

തത്ത്വാതീതമായും, കാലത്രയാബാധ്യമായും, ത്രിപുടിയ റതെങ്കിലും യോഗിധ്യേയമെന്നു വ്യവഹരിക്കപ്പെട്ടുന്ന തായും, പ്രണവം മുതലായ മന്ത്രങ്ങളുടെ എല്ലാം മൂലസ്ഥാനമായും, വിചാരധാരയെ അതിവർത്തിക്കുമാറു് അതിസൂഷ്മമായും, സർവ്വവസ്തുക്കൾക്കും ഇടംകൊടുത്തു ബാഹ്യാഭ്യന്തരഭേദംകൂടാതെ അതിൽ ആകാശംപോലെ വ്യാപിച്ചതായും, ജഡവസ്തുക്കൾക്കു സത്താസ്ഫൂർത്തി—വിളക്കു—ഉണ്ടാക്കുന്നതായും ഇരിക്കുന്ന ഈശ്വരന്റെ പഞ്ചമമുഖരൂപ ബ്രഹ്മത്തെ ധ്യാനിക്കുന്നു. ഇത്യാദി ന്യായങ്ങളാൽ ബ്രഹ്മാഭേദമായുള്ളതെന്നു സിദ്ധിച്ച പ്രണവാത്മകമായ വേദത്തിനു് ആദ്യന്തമില്ലെന്നും അതു് മനുഷ്യകർത്തുക—പൗരുഷേയ—മല്ലെന്നും, ഈശ്വരങ്കൽനിന്നു് ആവിർഭവിച്ചതെന്നും, സർവ്വപ്രമാണാതീതവും സർവ്വോത്കൃഷ്ടവും ആണെന്നും തീർച്ചപ്പെടുത്താവുന്നതാണു്.

അപരാ ഋഗ്വേദോ യജുർവ്വേദഃ സാമവേദോഽഥർവ്വ വേദഃ; ശിക്ഷാ കല്പോ വ്യാകരണം നിരുക്തം ഛന്ദോ ജ്യോതിഷം. അഥ പരാ യയാ തദക്ഷരമധിഗമ്യതേ.''
(മുണ്ഡകോപനിഷത്)

ഋഗ്വേദവും യജുർവ്വേദവും സാമവേദവും അഥർവവേദവും പ്രധാനങ്ങളല്ല; ശിക്ഷാ കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സു്, ജ്യോതിഃശാസ്ത്രം എന്ന വേദാംഗങ്ങളും പ്രധാനങ്ങളല്ല; യാതൊന്നിനാൽ ആ ശാശ്വതവസ്തു പ്രാപിക്കപ്പെടുന്നോ അതാണു പ്രധാനമായിട്ടുള്ളതു്.

'ന വേദം വേദ ഇത്യാഹുർ
വേദേ വേദോ ന വിദ്യതേ
പരാത്മാ വേദ്യതേ യേന
സ വേദോ വേദ ഉച്യതേ'

(പരമാത്മപ്രതിപാദകമല്ലാത്ത) വേദത്തെ വേദമെന്നു പറഞ്ഞുകൂടാ; (ആ) വേദത്തിൽ (പരമാത്മാനുഭവജ്ഞാനം) വേദം ഇല്ല; യാതൊന്നുകൊണ്ടു പരമാത്മാവിനെ അറിയാൻ കഴിയുമോ അതിനെ വേദമെന്നു പറയുന്നു—ഇത്യാദി പ്രമാണങ്ങളാൽ, വിചാരജ്ഞാനഫലമായിരിക്കുന്ന ബ്രഹ്മസാക്ഷാത്കാരാവസ്ഥസ്സു് (വേദത്തിനു്) ആദിമധ്യാന്തം കർത്താവു് ജനനകാലം മുതലായ യാതൊന്നും ഇല്ല.

ഇനി ഋഷിപ്രോക്തമെന്നും മനുഷ്യപ്രോക്തമെന്നും ഉള്ളതിന്റെ കാരണം:—വേദഭാഗങ്ങളിൽ ഋഷി—മനുഷ്യ—പ്രോക്തമെന്നതിനു് അനേകം നിദർശനങ്ങൾ ഉണ്ടു്. ഇവയിലെ ഓരോരോ മന്ത്രത്തിനും ഛന്ദസ്സു് ഉണ്ടെന്നുള്ളതു മിക്കവാറും പ്രസിദ്ധമാണല്ലൊ. ഈ സൂക്തത്തിൽ കർത്താവു് (ഋഷി) ഇന്നാരു്; ഛന്ദസ്സു് ഇന്നതു്; അധിഷ്ഠാനദേവത ഇന്നാരു് എന്നു പ്രസ്താവിച്ചുകാണുന്നു. ഉദാഹരണം, ഋഗ്വേദം, പ്രഥമസൂക്തം. ഇതിനു വിശ്വാമിത്രപുത്രനായ മധു ഋഷി; ഗായത്രീ ഛന്ദസ്സു്; അഗ്നി ദേവത. ഇതിനാൽ അതതു സൂക്തത്തിനു മേൽപറഞ്ഞിരിക്കുന്ന ഋഷികളത്രേ അതതു മന്ത്രങ്ങളുടെ കർത്താക്കളെന്നുള്ളതു സ്പഷ്ടമാകുന്നു. ഇതിനാൽ വേദങ്ങൾക്കു കർത്താവുണ്ടെന്നു ആത്മാർത്ഥികമായിക്കാണുന്നതല്ലാതെ സ്പഷ്ടോക്തിയായിട്ടില്ലല്ലോ എന്നാണെങ്കിൽ, മന്ത്രപ്രശംനത്തിൽനിന്നു് ഒരു വാക്യത്തെ ഉദാഹരിക്കാം. 'നമോ വാചേ യാ ചോദിത—' എന്നാരംഭിക്കുന്ന വാക്യത്തിൽ 'നമ ഋഷിഭ്യോ മന്ത്രകൃദ്ഭ്യഃ—മന്ത്രങ്ങളെ രചിച്ച ഋഷികൾക്കായി നമസ്കാരം—എന്നു പറഞ്ഞിരിക്കുന്നു.

''ഏക ഏവ പുരാ വേദഃ
പ്രണവഃ സർവ്വവാങ്മയഃ

പുരൂരവസ ഏവാസീത്
ത്രയീ ത്രേതാമുഖേ നൃപ''

(ഭാഗവ: സ്കന്ധ: 9—അ:14)

സർവവാങ്മയമായ ഓംകാരരൂപപ്രണവം മാത്രം പൂർവ്വത്തിൽ വേദമായിരുന്നു; അനന്തരം പുരൂരവസ്സ് എന്ന രാജാവ് മൂന്നുവിധമായ വേദങ്ങളെ ചെയ്തു— എന്നു പറഞ്ഞിരിക്കുന്നു. ഇതിനാൽ വേദങ്ങളിൽ ചില ഭാഗം പുരൂരവസ്സ് രചിച്ചതായി തെളിയുന്നു.

''യജുർവേദതരോ: ശാഖാ:
സപ്തവിംശന്മഹാമുനി:
വൈശംപായനനാമാസൌ
വ്യാസശിഷ്യശ്ചകാര ഹ''

(വിഷ്ണുപു: അം: 3. അ: 5.)

വ്യാസരുടെ ശിഷ്യനായ വൈശംപായനമഹാമുനി യജുർവേദത്തിൽ,— ഇരുപത്തേഴു ശാഖകളെ ഉണ്ടാക്കിയെന്നു പറഞ്ഞിരിക്കുന്നു

ഛാന്ദോഗ്യോപനിഷത്, 7—ാമദ്ധ്യായ പ്രാരംഭത്തിൽ— ''അധീഹി ഭഗവ ഇതിഹോപസസാദസനത്കുമാരം നാരദഃ ;തം ഹോവാച യദ്വേത്ഥതേന മോപസീദ തതസ്ത ഊർദ്ധ്വം വക്ഷ്യാമീതി സഹോവാച; ഋഗ്വേദം ഭഗവോ ധ്യേമി യജുർവേദം സാമവേദ മാഥർവ്വണം ചതുർത്ഥം...

ശ്രീനാരദൻ സനൽകുമാരനെ ശരണം പ്രാപിച്ചു, തന്നെ അധ്യയനം ചെയ്യിക്കേണമെന്നപേക്ഷിച്ചപ്പോൾ സനൽകുമാരൻ: ''നീ ഇതുവരെ അധ്യയനം ചെയ്തിരിക്കുന്നതിനെപ്പറ്റി പറയുന്നുവെങ്കിൽ അതിനുമേൽ വേണ്ടതു പഠിപ്പിക്കാം'' എന്നു സമാധാനം പറഞ്ഞു. ഉടനെ നാരദൻ; ''ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം ഈ നാലും അധ്യയനംചെയ്തിട്ടുണ്ട്'' എന്നറിയിച്ചു. അതിന്റെ

ശേഷം സനൽകുമാരൻ മേൽകണ്ട എഴാമധ്യായത്തിലുള്ള മറേറ ഭാഗങ്ങളെ ഉപദേശിച്ചു എന്നു പറഞ്ഞിരിക്കുന്നു. ഇതിനാൽ അക്കാലത്തുള്ള നാലു വേദങ്ങളും നാരദർക്കു് അറിയാമായിരുന്നു എന്നും അതിൽ പെടാതിരുന്ന ഈ ഭാഗത്തെ സനൽകുമാരൻ നിർമ്മിച്ചു എന്നും വരുന്നു. ഇപ്രകാരം പലകാലങ്ങളിലായിട്ട വേദങ്ങളുടെ പല ഭാഗങ്ങളും പലരാൽ ഉണ്ടാക്കപ്പെട്ട എന്നു കാണുന്നു.

ബൃഹസ്പതിയാകട്ടെ വേദങ്ങൾക്കു കർത്താവുള്ളതായി സമ്മതിച്ചു് അവരുടെ സ്വരൂപത്തേയും പ്രവൃത്തികളേയും കുറിച്ചു്—,

'ത്രയോ വേദസ്യ കർത്താരോ ഭണ്ഡധൂർത്തനിശാചരാ':—

വേദങ്ങളെ രചിച്ചവർ ഭണ്ഡൻ(—മിഥ്യാ പ്രിയവാകു്പട്ടു—)ധൂർത്തൻ, നിശാചരൻ ഇവരാകുന്നു എന്നു പറഞ്ഞു ശകാരിക്കുന്നു.

വേദം ശാബ്ദപ്രമാണമാകയാൽ പ്രത്യക്ഷാനുമാനപ്രമാണങ്ങളെ അപേക്ഷിച്ചു് അധമമാണെന്നുള്ളതു് അദ്വൈതപ്രതിപാദകവേദത്തെ, അല്ലെങ്കിൽ വേദാന്തഭാഗങ്ങളെ അല്പവും സംബന്ധിക്കുന്നതല്ല. എന്തെന്നാൽ, അദ്വൈതമതശാസ്ത്രത്തെ ഒഴിച്ചു മറ്റുള്ള തർക്കം മുതലായ മതശാസ്ത്രങ്ങളിൽ എല്ലാം പ്രപഞ്ചം അസത്തു്—ഇല്ലാത്തതു്—അല്ല, വാസ്തവത്തിൽ ഉള്ളതാകുന്നു എന്നു, അദ്വൈതമതശാസ്ത്രത്തിൽ മാത്രം പ്രപഞ്ചം രജ്ജുവിൽ സർപ്പം എന്നപോലെ കാലത്രയത്തിലും അസത്തായുള്ളതും, മരുമരീചികാപ്രവാഹം (കാനൽജലം) പോലെ വെറുതെ തോന്നുന്നതും തന്നെ എന്നും, ആണല്ലൊ അംഗീകരിച്ചിരിക്കുന്നതു്. ഈ സ്ഥിതിക്കു പ്രപഞ്ചം സത്താണെന്നംഗീകരിച്ചിട്ടുള്ള മതശാസ്ത്രങ്ങൾ മാത്രമേ പ്രപഞ്ചത്തെ സത്തെന്നു വ്യവസ്ഥാപിക്കാൻ വന്ന തർക്കന്യായപ്രമാണങ്ങളിലും

പ്പെടുകയുള്ള. അല്ലാതെകണ്ടു പ്രപഞ്ചം സത്താണെന്നുള്ള വ്യവസ്ഥാപനത്തെ അനുഭവപ്രകാരം പ്രബലയുക്തി ന്യായങ്ങളെക്കൊണ്ടു ഖണ്ഡിച്ചു് പ്രമാണാതീതമായും അദ്വൈതപ്രതിപാദകമായും ഇരിക്കുന്ന വേദം പ്രത്യക്ഷാനുമാനപ്രമാണങ്ങളെ അപേക്ഷിച്ചു ഒരിക്കലും അധമമാകയില്ല.

എന്നാൽ പ്രപഞ്ചമുണ്ടെന്നുള്ള പക്ഷക്കാരായ കർമ്മികാണ്ഡം മുതലായ ശ്രൗതാദികം അവരുടെ വേദം ഭഗവത്പ്രോക്തമെന്നു പറയുന്നല്ലൊ എന്നാണെങ്കിൽ അതിനു കാരണം ന്യായമല്ല; വെറും അഭിമാനം മാത്രമാണു്.

ഇനി, വേദങ്ങളെ നിർമ്മിച്ചവർ ഭണ്ഡധൂർത്തനിശാചരന്മാരാണെന്നു ബൃഹസ്പതി ശകാരിച്ചിരിക്കുന്നല്ലൊ എന്നാണെങ്കിൽ –

''യുഗം പ്രതി ധിയാം പുംസാം
ന്യൂനാധികതയാ മുനേ,
ക്രിയാങ്ഗപാഠവൈചിത്ര്യ–
യുക്താൻ വേദാൻ സ്മരാമ്യഹം''

വാസിഷ്ഠം.

കാലങ്ങളും മാറുന്തോറും മനുഷ്യരുടെ ബുദ്ധിക്കുണ്ടാകുന്ന ഭേദഗതികളെ അനുസരിച്ചു വേദക്രിയാംഗപാഠങ്ങളും പലമാതിരി ഭേദപ്പെട്ടുകൊണ്ടിരിക്കുന്നു. അപ്പോഴപ്പോഴും ഉണ്ടായിരുന്ന ദുഷ്പണ്ഡിത പ്രഭൃക്കളും നിമിത്തം വന്നുചേർന്നിട്ടുള്ള അസത്യമയങ്ങളും കഠോരഹിംസാപ്രചുരങ്ങളും നിന്ദ്യങ്ങളും ആയുള്ള സകല സംഗതികളേയും തക്കതായ യഥാർത്ഥകാരണങ്ങളും പറഞ്ഞു തള്ളിക്കളയാതെ വിധികളുടെ ശേഖരത്തിൽ ചേർത്തു് അനുഷ്ഠിക്കുമാറു വച്ചിരിക്കുന്നതിനെക്കണ്ടു് അങ്ങനെ ശകാരിച്ചുപോയതാണു്; അതു കുറവല്ല.

മൂന്നു്

അധികാരനിരൂപണം

ഇനി, ഏതാനും കാലമായിട്ടു വേദാധ്യയന വിഷയത്തിൽ നടന്നുവരുന്ന പല ഭാഗക്കാരുടേയും അധികാരതാരതമ്യവാദത്തെക്കുറിച്ചു നിരൂപിക്കാം. വേദത്തെ പഠിക്കയും പ്രവചിക്കയും ചെയ്യുന്നതിലേയ്ക്കു ബ്രാഹ്മണനു മാത്രമേ അധികാരമുള്ളു എന്നും ക്ഷത്രിയവൈശ്യന്മാർക്കു് അഭ്യസിക്കുന്നതിനു മാത്രമല്ലാതെ പ്രവചനം ചെയ്യുന്നതിനു് അധികാരമില്ലെന്നും ശൂദ്രനു് അഭ്യസിക്കാനോ പ്രവചനം ചെയ്യാനോ ഒന്നിനുംതന്നെ അധികാരമില്ലെന്നും വിധികൾ ഏർപ്പെട്ടിരിക്കുന്നതായി മിയ്ക്കു പേരും വിശ്വസിച്ചിരിക്കുന്നു. ആകയാൽ ഇതിലേയ്ക്കു് എന്തെങ്കിലും പ്രമാണമുണ്ടോ എന്നു പരിശോധിച്ചാൽ, നാം അറിഞ്ഞെടത്തോളം വേദത്തിൽ ക്ഷത്രിയനു് അധ്യാപനവും ശൂദ്രനു് അധ്യയനവും പാടില്ലെന്നു നിഷേധം ഏർപ്പെട്ടകയോ ആയതു സാധുവാകയോ ചെയ്തിട്ടുണ്ടെന്നു കാണുകയില്ല. അപ്രകാരം നിഷേധം ഇരിക്കുന്നതായി ആരെങ്കിലും എടുത്തു കാണിക്കുന്ന പക്ഷം അപ്പോഴ അതിനെപ്പറ്റി ആലോചിച്ചുകൊള്ളാം. ക്ഷത്രിയനു് അധ്യാപനവും ശൂദ്രനു് അധ്യയനവും ആകാം എന്നുള്ളതിലേക്കു് അനവധി ആചാരങ്ങളെ വേദങ്ങളിൽനിന്നുതന്നെ എടുത്തുദാഹരിക്കാനുണ്ടു്. അവയിൽ ഒന്നുരണ്ടു ദൃഷ്ടാന്തങ്ങളെ ഇപ്പോഴ ഇവിടെ എടുത്തു കാണിക്കാം.

ബൃഹദാരണ്യകോപനിഷത്ത് രണ്ടാം അധ്യായം ആദ്യത്തെ ബ്രാഹ്മണത്തിൽ 'ഗാർഗ്ഗ്യൻ' എന്ന ഒരു ബ്രാഹ്മണൻ അജാതശത്രുവെന്ന ഒരു രാജാവിനെ ആചാര്യനായി വരിച്ചു ബ്രഹ്മവിദ്യയെ അഭ്യസിച്ചതായി പറഞ്ഞിരിക്കുന്നു:—

''സ ഹോവാച ഗാർഗ്ഗ്യ ഉപ ത്വാ യാനീതി''. (ബൃഹ: 2. 1. 14.) ''സ ഹോവാചാജാതശത്രു: പ്രതിലോമം വൈതദ് ബ്രാഹ്മണഃ ക്ഷത്രിയമുപേയാദ് ബ്രഹ്മ മേ വക്ഷ്യതീതിവ്യേവ ത്വാ ജ്ഞപയിഷ്യാമീതം പാണാവാദായോത്തസ്ഥൗ ...

ബ്രഹ്മവിഷയമായി താനറിഞ്ഞിട്ടുള്ളതിൽ കൂടുതൽ അറിയേണ്ടതുണ്ടെന്നു രാജാവിന്റെ നിർദ്ദേശം വഴിയായും, ആയതു് അനുപസന്നനു്—താൻ ഉപനയിക്കാത്തവനു്—ഉപദേശിച്ചുകൂടാ എന്ന ആചാരം സ്വയമായും ഗ്രഹിച്ചിരിക്കുന്ന ഗാർഗ്ഗ്യൻ എന്ന ആ ഋഷി ഇങ്ങനെ പറഞ്ഞു:—

'ഒരു ശിഷ്യൻ—ഉപനയനം പ്രാപിച്ചു് എങ്ങനെ ഗുരുവിനെ അനുഗമിക്കുന്നോ — നമസ്കാരാദിയാൽ സേവിക്കുന്നോ—അതുപോലെ ഞാൻ അങ്ങേ അനുഗമിക്കുന്നുണ്ടു്''. അപ്പോൾ അജാതശത്രു ഇപ്രകാരം മറുപടി പറഞ്ഞു:— 'ആചാര്യസ്ഥാനമുള്ള ബ്രാഹ്മണർ ബ്രഹ്മവിദ്യ ഉപദേശിക്കണമെന്നു് അപേക്ഷിച്ചു ക്ഷത്രിയനെ ശരണം പ്രാപിക്ക — ഉപനയനപൂർവ്വം ക്ഷത്രിയങ്കൽ നിന്നു വിദ്യ ഗ്രഹിക്കുക എന്നതു സംപ്രദായവിരുദ്ധമാണു്. ആകട്ടെ ഞാൻ അങ്ങേയ്ക്കു ബ്രഹ്മവിദ്യാബോധം ഉണ്ടാക്കിത്തരുന്നുണ്ടു്''.

ഇതിൽ, സംപ്രദായവിരോധമുണ്ടെന്നും മറ്റും രാജാവു പറഞ്ഞുകൊണ്ടതു് അദ്ദേഹത്തിന്റെ അനൗദ്ധത്യം—

സ്വഭാവഗ്രഹണം എന്നല്ലാതെ മറെറാന്നുമല്ലെന്നു മേൽവരുന്ന സംഗതികളാൽ പ്രത്യക്ഷപ്പെടുന്നതാണു്.

ഉപമന്യുപുത്രനായ 'പ്രാചീനശാലൻ,' പൗലുഷിയെന്ന 'സത്യപ്രജ്ഞൻ' ഭാല്ലവേയനായ 'ഇന്ദ്രദ്യുമ്നൻ', ശർക്കരാക്ഷാപത്യമായ 'ജനൻ,' ആശ്വതരാശ്വപുത്രനായ 'ബുഡിലൻ' എന്നീ ഋഷിമാർ ബ്രഹ്മത്തെപ്പററി പര്യാലോചന നടത്തിയതിൽ അന്തം കാണാതെ കുഴങ്ങി, ഭഗവാൻ ഉദ്ദാലകനെ ഗുരുവായി വരിക്കയെന്നു നിശ്ചയിച്ചു് അവിടെച്ചെന്നു. അപ്പോഴം, 'പൂജ്യപാദരായ മഹർഷിമാരെ! കൈകേയനായ അശ്വപതിയെന്ന രാജാവു് ഈ വിഷയം നമുക്കുപദേശിക്കാൻ ശക്തനാണു്' എന്നു പറഞ്ഞു് ആ മഹർഷി അവരോടൊരുമിച്ചു് അദ്ദേഹത്തെ സമാശ്രയിച്ചു വരദാനാവസരത്തിൽ ഇങ്ങനെ അറിയിച്ചു;—

'തേ ഹോചുർഭ്യേന ഹൈവാർത്തേന പുരുഷശ്ചരേത്തം ഹൈവ വദേദാത്മാനമേവേമം വൈശ്വാനരം സംപ്രത്യധ്യേഷി തമേവ നോ ബ്രൂഹീതി' ഛാന്ദോഗ്യം അഞ്ചാമധ്യായം ഏകാദശഖണ്ഡം 6-ാമത്തെ വാക്യം. 'താൻ ഹോവാച പ്രാതർവഃ പ്രതിവക്താസ്മീതി തേ ഹ സമിൽപാണയഃപൂർവ്വാഹ്ണേപ്രതിചക്രമിരേ ...' (ടി.7)

അർത്ഥം;—ഏതു വസ്തുവിനെ അപേക്ഷിച്ചു പുറപ്പെട്ടന്നോ അതാണല്ലോ ലഭിക്കേണ്ടതു്. അങ്ങറിയുന്ന വൈശ്വാനരബ്രഹ്മവിദ്യയാണു ഞങ്ങൾക്കു കിട്ടേണമെന്നുള്ളതു്. അതുപദേശിക്കണം. ഇങ്ങനെ അർത്ഥിച്ചതു കേട്ടു് 'ഉപദേശിക്കാം—അധ്യയനം ചെയ്യിക്കാം—നാളെ കാലത്തെ ആകട്ടെ' എന്നു സംപ്രദായസൂചകമായി രാജാവു പറയുകയും അവർ അതനുസരിച്ചു് ഉപനയ

നത്തിന്നെന്നപോലെ സമിത്പാണികളായിച്ചെന്നു് ഉപദേശം ഗ്രഹിക്കുകയും ചെയ്തു.

''മൂർദ്ധാ തേ വ്യപതിഷ്യദ് യന്മാം നാഗമിഷ്യഃ''

തന്റെ അടുക്കൽ വരാതെയിരുന്നെങ്കിൽ—തെറ്റി ഉപാസിക്കകൊണ്ടു്—''നിന്റെ തല പോകുമായിരുന്നു; നീ മരിക്കുമായിരുന്നു; നിന്റെ ദേഹം പൊടിയുമായിരുന്നു; നീ അന്ധനാകുമായിരുന്നു; നിന്റെ ബസ്തിസ്ഥാനം പിളരുമായിരുന്നു; നിന്റെ കാലൊടിയുമായിരുന്നു'' ഇങ്ങനെ ഓരോരുത്തരോടുമുള്ള ഉപദേശവാക്യത്തിന്റെ അവസാനത്തിൽ കാരണസഹിതം രാജാവു പറഞ്ഞിരിക്കുന്നതു നോക്കിയാൽ വേദാചാര്യന്മാരായ ആ മഹർഷികളുടേതിനെ അപേക്ഷിച്ചു് ആ രാജാവിന്റെ ബ്രഹ്മസാമ്രാജ്യധുരന്ധരത എത്രയോ മേലാണെന്നു കാണാമല്ലൊ. ഇതിനാൽ ക്ഷത്രിയൻ അധ്യാപനം ചെയ്യുന്നതിനു അധികാരിയെന്നമാത്രമല്ല ബ്രാഹ്മണന്റെ ബ്രഹ്മോപദേഷ്ടാവു് ആകാമെന്നുകൂടി സ്പഷ്ടമാകുന്നു.

ഛാന്ദോഗ്യോപനിഷത്തു് അഞ്ചാമദ്ധ്യായത്തിൽ ആരുണിപുത്രനായ 'ശ്വേതകേതു' എന്ന ബ്രാഹ്മണൻ—ഋഷി—ജീവലന്റെ പുത്രനായ 'പ്രവാഹണൻ' എന്ന രാജാവിനോടു വേദാന്തവാദത്തിൽ തോറ്റു തന്റെ പിതാവിനോടു ചെന്നു പരാതി പറഞ്ഞപ്പോഴും അദ്ദേഹം—ഗൗതമൻ—പുത്രസമേതം പുറപ്പെട്ടു രാജാവിനെ ആശ്രയിച്ചു ബ്രഹ്മവിദ്യ യാചിച്ചപ്പോഴും 'എല്ലായ്പോഴും ഉപദേശിക്കാനുള്ള അധികാരം ക്ഷത്രിയനേറെതാകയാൽ നിനക്കുപദേശിക്കാം വാ!' എന്നും ആ രാജാവും ആ ബ്രാഹ്മണനോടു പറഞ്ഞുകൊണ്ടു ബ്രഹ്മജ്ഞാനോപദേശം ചെയ്തതായിക്കാണുന്നു.

''തം ഹ ചിരം വസേത്യാജഗ്മാപയാംചകാര, തം ഹോവാച യഥാ മാ ത്വം ഗൗതമാവമോ യഥേയം ന പ്രാക്ത്വത്ത: പുരാവിദ്യാ ബ്രാഹ്മണാൻ ഗച്ഛതിത സ്മാദ്ധ സർവ്വേഷു ലോകേഷു ക്ഷത്രസ്യൈവ പ്രശാസനം അഭ്രദിതി, തസ്മൈ ഹോവാച'' (5. 3. 17.)

അർത്ഥം:–ബ്രഹ്മവിദ്യ ഏറ്റവും രഹസ്യമായിട്ടുള്ള ഒന്നാകയാൽ, ദീർഘകാലം ദീക്ഷിച്ചിരിക്കണമെന്നു രാജാവു ഗൗതമനു് ആജ്ഞ കൊടുത്തു. പിന്നീടു ആ പ്രവാഹണരാജാവു് അദ്ദേഹത്തോടു്– ഗൗതമവംശ്യനായ ആരുണിയോടു്—ഇങ്ങനെ പറഞ്ഞു:—''അല്ലയോ ഗൗതമ! അങ്ങു് സർവ്വവിദ്യാകുശലനായിരിക്കുന്നു എങ്കിലും അജ്ഞന്റെ നിലയിൽ ഇതുപദേശിക്കണമെന്നു് എന്നോടപേക്ഷിച്ചല്ലൊ. എന്നാൽ എന്റെ ആരംഭം അത്ര ശരിയല്ല. എന്താണെന്നുവച്ചാൽ ഈ വിദ്യ ഇതിനുമുമ്പു്–അങ്ങേപ്പോലുള്ള—ഒരു ബ്രാഹ്മണർക്കു് സ്ഥലം പിടിച്ചിട്ടില്ല–ബ്രാഹ്മണർക്കു് ഈ വിദ്യയുണ്ടായിരുന്നില്ല. അക്കാരണത്താൽതന്നെ ഏതുകാലത്തും ഇതുപദേശിക്കാനുള്ള അധികാരം ക്ഷത്രിയനുമാത്രമേ ഉണ്ടായിരുന്നുള്ളൂ''. ഇങ്ങനെ പറഞ്ഞിട്ടു് അദ്ദേഹം ഗൗതമൻ മുതൽപേർക്കുപദേശിച്ചു.

ജനകമഹാരാജാവിന്റെ അടുക്കൽ ചെന്നു ശ്വേതകേതു ബ്രഹ്മർഷി ഉപദേശം സ്വീകരിച്ചതു പ്രസിദ്ധമാണല്ലൊ:–

''ജനകോ നാമ ഭൂപാലോ
വിദ്യതേ മിഥിലാപുരേ;
യഥാവദ്വേത്സ്യസൗ വേദ്യം
തസ്മാൽ സ്വർഗ്ഗമവാപ്സ്യസി.

പിത്രേത്യുക്തഃ ശുകഃ പ്രായാത്
സുമേരോർ വസുധാതലം
വിദേഹനഗരീം പ്രാപ
ജനകേനാഭിപാലിതാം.

ജിജ്ഞാസാത്ഥം ശുകസ്യാസാ—
വാസ്ഥാമേവേത്യവജ്ഞയാ
ഉക്ത്വാ ബഭ്രവ ജനക—
സ്തൂഷ്ണീം സപ്ത ദിനാന്യഥ'',

അനന്തരം ശുകൻ:

''സംസാരാഡംബരമിദം
കഥമദ്യഥിതം ഗുരോ!
കഥം പ്രശമമായാതി
യഥാവത് കഥയാശു മേ...''
തത്കിമേതന്മഹാഭാഗ!
സത്യം ബ്രൂഹി മമാചലം;
തവത്തോ വിശ്രമമാപ്നോമി''

* * *

അപ്പോഴം രാജാവു്:—

''ദൃശ്യം നാസ്തീതി ബോധേന
മനസോ ദൃശ്യമാജ്ജനം;
സംപന്നം ചേത്തദുല്പന്നാ
പരാ നിർവ്വാണനിർവൃതിഃ

പ്രാപ്തം പ്രാപ്തവ്യമഖിലം
ഭവതാ പൂർണ്ണചേതസാ;

സ്വരൂപേ തപസി ബ്രഹ്മൻ
മുക്തസ്യാപ്യം ഭ്രാന്തിമുത്സൃജ

വിശ്രാമ ശുകസൃഷ്ടീം
സ്വസ്ഥ പരമവസ്തുനി;
വീതശോകഭയായാസോ
നിരീഹശ്ഛിന്നസംശയ:''

അർത്ഥം:—

'മിഥിലാരാജ്യത്തു ജനകൻ എന്നു പ്രസിദ്ധനായ ഒരു രാജാവുണ്ടു്, അദ്ദേഹം ബ്രഹ്മതത്വം വേണ്ടംവണ്ണം അറിയുന്ന ആളാണു്; അദ്ദേഹത്തിന്റെ അടുക്കൽനിന്നു നിനക്കു വേണ്ടതെല്ലാം ഗ്രഹിക്കാം.' ഇങ്ങനെ തന്റെ പിതാവു പറഞ്ഞതുകേട്ടു് ശ്രീശുകൻ ഹോമാദ്രിയിൽനിന്നു ഭൂമിയിലേക്കു നടന്നു വിദേഹനഗരത്തിൽ ചെന്നുചേർന്നു. ശുകൻ ബ്രഹ്മോപദേശത്തിനു പാത്രമാണോ എന്നറിയുന്നതിനായി—പരീക്ഷാർത്ഥം—'അവിടെ നിൽക്കട്ടെ'' എന്നു മാത്രം പറഞ്ഞിട്ടു് ജനകൻ മൗനമായിരുന്നു. പിന്നീടു്—ദർശനം ലഭിച്ചപ്പോൾ—ശുകൻ രാജാവിനോടു് ഇങ്ങനെ ചോദിച്ചു: 'അല്ലയോ ബ്രഹ്മവിദ്ദേശികാ! ഈ സംസാരപ്രവാഹം എങ്ങനെ ഉണ്ടായി? ഇതെങ്ങനെ മായും? ഇതിന്റെ യഥാർത്ഥ സ്ഥിതി എനിക്കുപദേശിച്ചുതരണമേ. മഹാത്മാവേ! എനിക്കു വസ്തുതത്വത്തിൽ ദൃഢതയുണ്ടാകണമെ. അങ്ങയുടെ ഉപദേശംകൊണ്ടു് എനിക്കു് ചിത്തവിശ്രാന്തി—സ്വരൂപാവസ്ഥാനം—ഉണ്ടാകുന്നതാണു്...'

ഉപദേശം: 'ഇക്കാണുന്ന പ്രപഞ്ചം അസത്തു്—മിഥ്യ—ആകുന്നു എന്നുള്ള ദൃഢാനുഭവപ്പടി മനസ്സിൽനിന്നു് അതിനെ നിർമ്മാർജ്ജനം ചെയ്വാൻ—നിശ്ശേഷം അകറ്റാൻ—സാധിച്ചു എങ്കിൽ അപ്പോൾ ബ്രഹ്മാനന്ദാനുഭവമായി

ക്കഴിഞ്ഞു. സൂക്ഷ്മതപാലോകകുശലനായ അങ്ങേയ്ക്കു വരേണ്ടതെല്ലാം വന്നു; അങ്ങു് സ്വരൂപസാക്ഷാത്കാരസമ്പന്നനായി വിളങ്ങുന്നു; മുക്തിപദം പ്രാപിച്ചോ എന്ന ശങ്ക വേണ്ട; അങ്ങു് നിർവ്വാണപദാരൂഢനായിതീർന്നിട്ടുണ്ടു്.' ഇതുകേട്ടു സകലവിധ സംശയങ്ങളും ബന്ധദുഃഖഭ്രമങ്ങളും എല്ലാം നിശേഷം നശിച്ചു് ശ്രീശുകബ്രഹ്മർഷി ചിത്തവിശ്രാന്തിയടഞ്ഞു. പരബ്രഹ്മവസ്തുസത്താമാത്രയിൽ ആത്മഗതനായി. (മഹോപനിഷത് അ: 2)

ഒരിക്കൽ, വാദത്തിൽ തോൽക്കുന്നവരെ കടലിൽ കെട്ടിത്താഴ്ത്തുകയെന്ന പന്തയത്തിന്മേൽ വേദാന്തവാദം നടത്തി ''വാരുണി'', മഹർഷിമാരെ തോല്പിച്ചു് മുൻനിശ്ചയപ്രകാരം അവരെ കെട്ടിത്താഴ്ത്തിയതിൽ ''അഷ്ടാവക്രൻ''റെ പിതാവായ ''കഹോളൻ'' കൂടി ഉൾപ്പെട്ടതുകണ്ട അഷ്ടാവക്രൻ പുനർവ്വാദം നടത്തി വാരുണിയെ ജയിച്ചു് അദ്ദേഹത്തെ ആ നയത്തിൽ ശിക്ഷിക്കാൻ ഒരുങ്ങിയപ്പോഴും മഹർഷിമാരെ വീണ്ടുകൊടുക്കയും, തന്നിമിത്തം ഗർവ്വിഷ്ഠനായി നടന്ന അഷ്ടാവക്രന്റെ അഹങ്കാരം ശമിപ്പിക്കുന്നതിനായി ഒരു സിദ്ധയോഗിനി പ്രത്യക്ഷീഭവിച്ചു് ചോദ്യങ്ങളും ചെയ്തു് അദ്ദേഹത്തെ കഷണിപ്പിക്കയും, ഗർവ്വു് ശമിച്ചപ്പോഴും അവയെ വിവരിച്ചുകൊടുക്കണമെന്നു യാചിച്ചതിൽ അസ്പഷ്ടമായി വ്യാഖ്യാനിച്ചശേഷം ജനകനോടു ചോദിച്ചുകൊള്ളാൻ ഉപദേശിച്ചതനുസരിച്ചു ജനകമഹാരാജങ്കൽനിന്നു് അദ്ദേഹം ഉപദേശം ഗ്രഹിക്കയും ചെയ്ത കഥ ത്രിപുരാരഹസ്യം ജ്ഞാനഖണ്ഡത്തിൽ പറയുന്നതു മറെറാരുദാഹരണമാണു്.

ഈ ദൃഷ്ടാന്തങ്ങളെക്കൊണ്ടു ക്ഷത്രിയൻ അധ്യാപനം ചെയ്യുന്നതിനു് അർഹനല്ലെന്നുള്ള അഭിപ്രായം തെറ്റാണെന്നു തെളിയുന്നു.

ഛാന്ദോഗ്യോപനിഷത്തു് നാലാമതധ്യായ പ്രാരംഭത്തിലുള്ള ജാനശ്രുത്യുപാഖ്യാനംകൊണ്ടു ശൂദ്രനും വേദാഭ്യാസം ചെയ്തതായി തെളിയുന്നു. 'ജാനശ്രുതി' എന്ന ശൂദ്രൻ 'രൈകപൻ' എന്ന ഒരു ബ്രാഹ്മണന്റെ അടുക്കൽചെന്നു വളരെ ദ്രവ്യംകൊടുത്തു ബ്രഹ്മവിദ്യയ്ക്കു യാചിച്ചപ്പോൾ ആ രൈകപൻ ശൂദ്രനായ നിനക്കു് അതുപദേശിക്കത്തക്കതല്ല; നിന്റെ ദ്രവ്യം നീതന്നെ എടുത്തോ, എന്നുത്തരം പറഞ്ഞതുകേട്ടു് അയാൾ വളരെ വ്യസനിച്ചു്, പിന്നെയും വളരെ ദ്രവ്യത്തോടുകൂടി ഒരു യുവതിയായ സ്ത്രീയേയും കൊടുത്തതിൽ ആ രൈകപൻ അയാൾക്കുപദേശം ചെയ്തു എന്നു ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു. ഇതിനു പ്രമാണം:

1. ''തദ്ധ ജാനശ്രുതിഃ പൗത്രായണഃ ഷട്ശതാനം ഗവാം നിഷ്കമശ്വതരീരഥം തദാദായ പ്രതി ചക്രമേ തി ഹാഭ്യുവാദ''—'ഇതു കേട്ടകൂട്ടമ്പോൾ തന്നെ പൗത്രായണനായ ജാനശ്രുതിയാകട്ടെ, അറുനൂറു പശുക്കൾ, ഹാരാദ്യാഭരണങ്ങൾ, കോവർകഴുതയെ കെട്ടിയ രഥം എന്നീ ഉപായനങ്ങളോടുകൂടി പുറപ്പെട്ടുചെന്നു രൈകപനെക്കണ്ടു് അദ്ദേഹത്തോടിങ്ങനെ പറഞ്ഞു.

2, ''രൈകേമാനി ഷട്ശതാനി ഗവാമയം നിഷ്കോ യമശ്വതരീരഥോ നു മ ഏതാം ഭഗവോ ദേവതാം ശാധി യാം ദേവതാമുപാസ്സ്വഇതി'' — അല്ലയോ ഭഗവൻ രൈകപ! അറുനൂറു പശുക്കളും, സുവർണ്ണഹാരാദ്യാഭരണങ്ങളും, തേരുമെല്ലാം ഇതാ അങ്ങേയ്ക്കു തരുന്നു; അങ്ങു് അനുഷ്ഠിക്കുന്ന ദേവതോപാസനക്രമം എനിക്കുപദേശിക്കാൻ കൃപയുണ്ടാകണം.

3. ''തമു ഹ പരഃ പ്രത്യുവാചാഹ ഹാ രേ ത്വാ ശൂദ്ര തവൈവ സഹ ഗോഭിരസ്ത്വിതി തദ്ധ ഹ പുനരേവ ജാനശ്രുതിഃ പൗത്രായണഃ സഹസ്രം ഗവാം നിഷ്കമശ്വ

തരീരഥം ദഹിതരം തദാദായ പ്രതിചക്രമേ'' ഇപ്രകാരം അഭ്യർത്ഥനചെയ്ത ജാനശ്രുതിയോട് രൈകപൻ ഈ വിധം മറുപടി പറഞ്ഞു: ''കൊള്ളാം; എടാ ശൂദ്രപ്പയലെ! ഗോവൃന്ദം, ആഭരണാദികളം, രഥം മുതലായ ഉപഹാരങ്ങളെല്ലാം നിനക്കുതന്നെയിരിക്കട്ടെ'' ഇതുകേട്ട ജാനശ്രുതി, വീണ്ടും ആയിരം പശുക്കളം, ആഭരണാദികളം, രഥം, തന്റെ പുത്രി എന്നിത്രയും സാധനങ്ങളംകൂടി കൈക്കൊണ്ട് രൈകപന്റെ അടുക്കൽ ചെന്നു.

4. ''തം ഹാഭ്യവാദ രൈകോദം സഹസ്രം ഗവാമയം നിഷ്കോയമശ്വതരീരഥ ഇയം ജയാ*f*യം ഗ്രാമോ യസ്മിന്നാസ്സേ*f*നുവ മാ ഭഗവഃ ശാധീതി''— എന്നിട്ട് അദ്ദേഹത്തിനോട് ഇങ്ങനെ പറഞ്ഞു: 'അല്ലേ രൈകപാ! ഇതാ ആയിരം പശുക്കളം സ്വർണ്ണപ്പണ്ടങ്ങളം രഥം ഇത്രയുമെടുക്കാം. കൂടാതെ, അങ്ങേയ്ക്ക് ഭാര്യയായി ഇവളേയും, ഇരിക്കുന്നതിനു് ഈ ഗ്രാമവും തരുന്നു. ഇതെല്ലാം അംഗീകരിച്ചു ഭഗവാനേ! എനിക്കുപദേശം ചെയ്തരുളണമേ!'

5. ''തസ്യാ ഹ മുഖമുപോദ്യഹ്നാമ്നവാചാജഹാരേമാ: ശൂദ്ര അനേനൈവ മുഖേനാലാപയിഷ്യഥാ ഇതി തേ ഒഹൈതേ രൈകപർണ്ണാ നാമ മഹാ വൃഷേഷു യത്രാസ്സാ ഉവാസ സ തസ്മൈ ഹോവാച''—ജാനശ്രുതിയുടെ ഈ അപേക്ഷ കേട്ടപ്പോൾ—തന്റെ ഭാര്യാസ്ഥാനമലങ്കരിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ആ കന്യക ഇവിടെ വിദ്യാദാനവിഷയത്തിൽ ഹേതുവായിത്തീർന്നിരിക്കുന്നു എന്നുകരുതി രൈകമഹർഷി: അല്ലയോ ശൂദ്രാ! നീ നിന്റെ പുത്രിമുമ്പായ കാഴ്ചദ്രവ്യങ്ങളം വഴിയായി വിദ്യോപദേശമപേക്ഷിക്കുന്നു; അങ്ങനെയാകട്ടെ, എന്നു പറഞ്ഞു (രൈകപൻ) ഇതെല്ലാം സ്വീകരിച്ചു. ജാനശ്രുതി രൈകപനു ദാനംചെയ്തതും പുണ്യസ്ഥലങ്ങളിൽ മുൻനിൽക്കുന്നതുമായ

ആ രൈക്വപർണ്ണഗ്രാമത്തിൽ താമസിച്ചുകൊണ്ടു് ഉപദേശം നൽകി.

കഥാസാരം—ജാനശ്രുതി അല്ലെങ്കിൽ പൗത്രായണൻ എന്ന പ്രഭു തന്റെ മാളികയിൽ ശയനം ചെയ്തിരുന്ന. അപ്പോഴം—ദേവാത്മകന്മാരായ—മൂന്നു ഹംസങ്ങൾ അവിടെ പറന്നുപററി. അതിൽ ഒന്നു് 'ഈ ജാനശ്രുതിതന്നെ മഹാധന്യൻ' എന്നിങ്ങനെ പ്രശംസിച്ചുപറഞ്ഞു. അതുകേട്ട മറെറാന്നു് 'ഹെ! എന്തു പറഞ്ഞു? വിദ്യാവിഹീനനായ ഇവനോ കേമൻ! വണ്ടിയോടുകൂടിയ രൈക്വനെ കേമനെന്നു പായണം' എന്നു് അപഹസിച്ചു. ഈ അനാദരവാക്യം കേട്ട ജാനശ്രുതി തന്റെ കുറവു തീർപ്പാൻ കുറെ സ്വർണ്ണവും പശുക്കളും മറ്റുംകൊണ്ടു് രൈക്വന്റെ അടുക്കൽ ചെന്നു് തനിക്കു ബ്രഹ്മവിദ്യ ഉപദേശിക്കണമെന്നപേക്ഷിച്ചു. ''കഷ്ടം! കഷ്ടം! എടാ ശൂദ്രാ നിന്റെ പശുക്കളും നിനക്കുതന്നെയിരിക്കട്ടെ'' എന്നു അദ്ദേഹം നിരസിച്ചു. ജാനശ്രുതി തിരിച്ചുപോന്നു് തന്റെ പുത്രിയും സുന്ദരിയുമായ കന്യകയേയും, ആയിരം പശുക്കളേയും, ഏതാനും രഥത്തേയും മറ്റുംകൊണ്ടു രൈക്വന്റെ അടുക്കൽ വീണ്ടും ചെന്നു. അവയെ സ്വീകരിച്ചു് അദ്ദേഹം ജാനശ്രുതിക്കു് ബ്രഹ്മവിദ്യ ഉപദേശിച്ചു.

ഈ ഭാഗങ്ങളിലേയ്ക്കു് ബ്രഹ്മസൂത്രത്തിലെ 'ശുഗസ്യ' ഇത്യാദി അഞ്ചു സൂത്രങ്ങളും അവയുടെ ഭാഷ്യങ്ങളുംകൊണ്ടു ജാതിശൂദ്രനായ ജാനശ്രുതിയെ, ദുർവ്യാഖ്യാനംചെയ്തു് ക്ഷത്രിയനാക്കിയിരിക്കുന്നു. അതു് അസംഗതമാണു് നോക്കുക!

ജാനശ്രുതി രൈക്വന്റെ അടുക്കൽചെന്നു് ഉപദേശം വേണമെന്നപേക്ഷിക്കുകയും രൈക്വൻ ''കഷ്ടം! കഷ്ടം! ശൂദ്രനായ നിനക്കു പറഞ്ഞുതരികയില്ല; നിന്റെ ദ്രവ്യം

0781

നീതന്നെ എടുത്തോ'' എന്നുപറഞ്ഞു് ഉപേക്ഷിക്കുകയും ചെയ്തു. ശൂദ്രനു വിദ്യാധികാരമില്ല; അവനെ യാതൊന്നും പഠിപ്പിച്ചുപോകരുതു്, എന്നുള്ള നിയമം പ്രബലമായി നടന്നുവരുന്ന കാലത്താകയാൽ ഈ വാക്കു കേട്ടുകൂടുമ്പോഴും, ''ഓഹോ എന്നെ രൈകവൻ ശൂദ്രനെന്നു തെറ്റിദ്ധരിച്ചു പോയി; അതുകൊണ്ടാണു് ഇപ്രകാരം പറഞ്ഞു നിഷേധിച്ചതു്'' എന്നു ജാനശ്രുതിക്കു നല്ലതിൻവണ്ണം മനസ്സിലായിരിക്കും. താൻ ശൂദ്രനല്ലായിരുന്നു എങ്കിൽ പെട്ടെന്നു് ''അയ്യോ! ഞാൻ ശൂദ്രനല്ലേ; ഇന്ന ജാതിക്കാരനാണേ'' എന്നു് ഉടൻ പറയുമായിരുന്നു. അപ്രകാരം യാതൊന്നും ചെയ്യാത്തതുകൊണ്ടു് ജാനശ്രുതി ജാതി ശൂദ്രനാണെന്നും ശൂദ്രശബ്ദത്തിനു് അവയവാർത്ഥമല്ലെന്നും വരുന്നു.

അല്ലാതെയും, ജാനശ്രുത്യുപാഖ്യാനം കേട്ടാൽ സാധാരണ വിദ്വാന്മാർ പോലും ഈ ശൂദ്രശബ്ദത്തിനു് ജാതിശൂദ്രതയെത്തന്നെ അർത്ഥമായി ഗ്രഹിപ്പാനേ ഇടയുള്ളു; അങ്ങനെതന്നെ ധരിച്ചുവിരിക്കും എന്നു കരുതിയാണു് സൂത്രഭാഷ്യകാരന്മാർ ആയതിനെ മറയ്ക്കുന്നതിനു മനഃപൂർവ്വം പൂർവ്വപക്ഷംചെയ്തു നിഷേധിച്ചും വെച്ചു വേറെ പ്രകാരത്തിൽ സിദ്ധാന്തിച്ചു് വളരെയൊക്കെ ബദ്ധപ്പെട്ട പരാക്രമങ്ങൾ കാണിച്ചിരിക്കുന്നതു്. ഇതിനെക്കുറിച്ചാലോചിക്കുമ്പോൾ, ഇപ്രകാരം ഒരു സിദ്ധാന്തം ചെയ്തില്ലെങ്കിൽ ജാനശ്രുതിക്കു് എല്ലാവരും ജാതി ശൂദ്രതയെത്തന്നെ നിശ്ചയിച്ചുകളയുമെന്നു ഭാഷ്യകർത്താവും നിരൂപിച്ചിട്ടുള്ളതായി തെളിയുന്നു. ജാനശ്രുതി രൈകവന്റെ വാക്കു കേട്ടുകൂടുമ്പോഴും അതിന്റെ സാധാരണ അർത്ഥമായ ജാതി ശൂദ്രതയെത്തന്നെയാണു മനസ്സിലാക്കിയതെന്നു് ഇതുകൊണ്ടും നിശ്ചയിക്കാവുന്നതാണു്.

18F.C

അതല്ല, രൈകപൻ ആന്തരമായിക്കരുതിയ അവയവാർത്ഥത്തെ താൻ അറിഞ്ഞതുകൊണ്ടായിരുന്നു മിണ്ടാതെ പോയതെങ്കിൽ ''വിദ്യാവിഹീനനായ ഒരുവനെ'' എന്നു പറഞ്ഞതുകേട്ടു് വ്യസനിച്ചു് അതിനെ പരിഹരിപ്പാൻ നോക്കിയ ജാനശ്രുതിക്കു രൈകപൻറെ മനോഗതത്തേയും ശൂദ്രശബ്ദത്തിനു് അസാധാരണമായി കൊണ്ടുവന്ന അവയവാർത്ഥത്തേയും അറിയുന്നതിനു് തക്കതായ പരോക്ഷജ്ഞാനവും ശബ്ദാർത്ഥശാസ്ത്രപാണ്ഡിത്യവും ഉണ്ടായിരിപ്പാനും ഇടയില്ല. ആയതിനാൽ അതും ചേരുകയില്ല. ഈ ന്യായങ്ങളാൽ ജാനശ്രുതി ജാതിശൂദ്രനെന്നും അവയവാർത്ഥം വൃഥാകല്പിതമെന്നും തെളിയുന്നു.

പിന്നെയും, അവയവാർത്ഥം സ്വീകരിക്കുന്നപക്ഷം ജാനശ്രുതി, ജാതിശൂദ്രനല്ല, ക്ഷത്രിയനാണെന്നും, അപ്പോഴും വേദാധ്യയനത്തിനു് അനർഹനല്ലെന്നും വരണം. ആ സ്ഥിതിക്കു നേരെ ഉപദേശിച്ചുകൊടുക്കാതെ ''കഷ്ടം കഷ്ടം.....'' എന്നു പറഞ്ഞു നിഷേധിച്ചതു് ഉചിതമായോ? അതിശ്രദ്ധയോടുകൂടിയും വ്യസനിച്ചും വരുന്നവനു് ഉപദേശിക്കരുതെന്നു വല്ല നിഷേധവുമുണ്ടായിരുന്നിട്ടാണെങ്കിൽ അതു് പ്രമാണവിരുദ്ധമാകുന്നു. ഉപദേശിക്കപ്പെട്ടാലല്ലാതെ വിട്ടുപോകാത്തതും ആദ്യം ഉപദേശിക്കാതെ ഉപേക്ഷിപ്പാൻ കാരണമെന്നു കാണപ്പെടുന്നതും ആയ വ്യസനത്തോടുകൂടി ഇരിക്കവേ തന്നെ രണ്ടാമതു ഉപദേശിച്ചും ഇരിക്കുന്നു. ഇപ്രകാരം വരുന്നവൻ ആകുന്നു ഉപദേശിക്കപ്പെടാൻ പാത്രമെന്നുള്ളതു് ''വിദ്യായാം വ്യസനം'' മുതലായ പ്രമാണങ്ങൾക്കും യുക്ത്യനുഭവങ്ങൾക്കും അനുസരണമായും ഇരിക്കുന്നു.

ജാനശ്രുതിയുടെ പരിപാകത്തെ പരീക്ഷിപ്പാനാ

യിരുന്നു എങ്കിൽ മുമ്പിൽക്കൂട്ടി പരോക്ഷജ്ഞാനംകൊ
ണ്ടു് അറിഞ്ഞിരിക്കുന്ന രൈകനു പരീക്ഷവേണ്ടല്ലൊ.
വേണമെന്നു വരുന്നപക്ഷത്തിൽ അദ്ദേഹം പരോക്ഷ
ജ്ഞാനംകൊണ്ടു (ദിവ്യദൃശ്യാ) അറിയുന്ന ആളല്ലെന്നും
അപ്പോഴും ശുദ്ധശബ്ദം അവയവാർത്ഥകമല്ലെന്നും വരും.

ജാനശ്രുതിക്കു് അപ്പോഴും ഉണ്ടായിരുന്ന ഭക്തി
ശ്രദ്ധ മതിയാകായ്കയാൽ ആയതിനെ വർദ്ധിപ്പിക്കുന്ന
തിനായിരുന്നു എങ്കിൽ വളരെക്കാലം താമസിപ്പിക്കയും,
ശുശ്രൂഷിപ്പിക്കയും മറ്റും ചെയ്തു സൂക്ഷിച്ചു കണ്ടറിഞ്ഞു്
പറഞ്ഞുകൊടുക്കേണ്ടതായിരുന്നു. പരീക്ഷിക്കാനാണെങ്കി
ലും അപ്രകാരംതന്നെ ''ദ്വാദശാബ്ദം തു ശുശ്രൂഷാം''
എന്നല്ലയോ പ്രമാണം പറയുന്നതു്? ഇവിടെ അതും
അനുഷ്ഠിക്കപ്പെട്ടില്ല; നേരേമറിച്ചു് ''ഇയം ജായാ അയം
ഗ്രാമഃ'' എന്നിരിക്കയാൽ

''ഗുരവോ ബഹവഃ സന്തി
ശിഷ്യവിത്താപഹാരകാഃ''

എന്നു പറഞ്ഞതുപോലെ പരീക്ഷിപ്പാൻ നോക്കിയതു
കൂടുതൽ ദക്ഷിണയെ കരുതിയാണെന്നു തോന്നുന്നു.
വേറെ വിധം പറയുന്നതിനു് യാതൊരു മാർഗ്ഗവും
കാണുന്നില്ല.

താൻ ആദ്യം ഉപേക്ഷിച്ചാൽ രണ്ടാമതു് ഉപ
ദേശിക്കേണ്ടതായിവരും. അപ്പോഴും അടുത്ത ഭവിഷ്യ
ത്തിനെപ്പോലും അറിയുന്നതിനുള്ള പരോക്ഷജ്ഞാനം
തനിക്കു് ഇല്ലെന്നു വന്നുപോകും. ആയതു ശരിയുമല്ല,
എന്നോർത്തു ക്ഷമിച്ചുകളയാതെ ഉപേക്ഷിച്ചതിനെ നോ
ക്കുമ്പോഴും എല്ലാവരേയുംപോലെ മാംസദൃഷ്ടികൊണ്ടു
പുറമെ അപ്പോഴും കണ്ടപ്രകാരം അറിഞ്ഞിരിക്കുമെന്ന
ല്ലാതെ രൈകവൻ തന്റെ പരോക്ഷജ്ഞാനംകൊണ്ടു്

അറിയുകയൊ ആയതിനെ വെളിക്കു സൂചിപ്പിക്കണ മെന്നു കരുതുകയോ ചെയ്തിട്ടില്ലെന്നും ആദ്യം ഉപേക്ഷി ച്ചിട്ടു രണ്ടാമതു് ഉപദേശിക്കയും വേണ്ടെന്നു തള്ളിയേ ച്ചു കൂട്ടതലായി ദ്രവ്യം കിട്ടിയപ്പോഴൊ സ്വീകരിക്കയും ചെയ്തതിനാൽ എന്തായാലും ദ്രവ്യലാഭത്തിനു തക്ക പോലെ പ്രവർത്തിക്കണം എന്നല്ലാതെ തന്റെ വാക്കി നും പ്രവൃത്തിക്കും വ്യവസ്ഥകേടു സംഭവിക്കരുതെന്നുള്ള വിചാരത്തിനു മൂലവും ന്യായവുമായ ഒരഭിമാനം രൈകവും ഉണ്ടായിരുന്നില്ലെന്നും, കാണുന്നതിനാൽ ഈ ശൂദ്രശബ്ദം അവയവാർത്ഥകമല്ലെന്നും, ജാനശ്രുതി ജാതിശൂദ്രൻ തന്നെയെന്നും സിദ്ധിക്കുന്നു.

ഇതിനെ സംബന്ധിച്ചു പ്രാചീനമലയാളം ഒന്നാം പുസ്തകത്തിൽ കാണിച്ചിട്ടുള്ള സൂത്രം ഭാഷ്യം മുതലാ യതു് ഇവിടെ അനുസന്ധേയങ്ങളാണു്.

മേൽ കാണിച്ച വേദഭാഗത്തിലെ ശൂദ്രശബ്ദത്തിനു കൃത്രിമാർത്ഥം ചെയ്ത സൂത്രങ്ങളും അവയുടെ ഭാഷ്യങ്ങള ടെ അർത്ഥങ്ങളും അടിയിൽ ചേർക്കുന്നു.

സൂത്രം: ശുഗസ്യ തദനാദരശ്രവണാത്തദാദ്രവണാൽ സൂച്യ തേ ഹി.

ഭാഷ്യാർത്ഥം: മനുഷ്യർക്കു വിദ്യാധികാരമുണ്ടെന്നു സി ദ്ധാന്തിച്ചും വച്ചു് ഏതുപ്രകാരം ദേവന്മാർക്കും വിധിക്ക പ്പെട്ടവോ അപ്രകാരം ശൂദ്രനും വിദ്യാധികാരമുണ്ടെന്നു ശങ്കയെ നിവൃത്തിക്കാനാണു് ഈ അധികരണം ആരം ഭിക്കപ്പെട്ടന്നതു്.

ശൂദ്രനു വിദ്യയിലധികാരമുണ്ടു്. ശൂദ്രനു യാഗ ത്തിൽ അധികാരമില്ലെന്നു നിഷേധിക്കപ്പെട്ടതുപോലെ വിദ്യയിലും നിഷേധിക്കപ്പെട്ടതായി കേൾക്കുന്നില്ലാ. ശൂദ്രനു് (അനഗ്നിത്വം) യാഗാഗ്നിയുടെ ഇല്ലായ്മയുണ്ടു്.

ഈ 'അനഗ്നിത്വം' തനിക്കു കർമ്മങ്ങളിൽ അധികാര മില്ലെന്നുള്ളതിനെ കാരണമാകുമെന്നല്ലാതെ അതു് വിദ്യാധികാരനിഷേധത്തിനും കാരണമാകുന്നില്ല. ആഹവനീയാദിയായ യാഗാഗ്നിയില്ലാത്തവനു് വിദ്യയെ ഗ്രഹിപ്പാൻ കഴിയുന്നതല്ലെന്നുമില്ല: വിദ്യയിൽ ശൂദ്രാധികാരത്തെ പ്രബലീകരിക്കുന്നതിനു സംവർഗ്ഗവിദ്യയിൽ ജാനശ്രുതിയായിരിക്കുന്ന പൗത്രായണൻ, വേദശ്രവണത്തിനു് ഇച്ഛിച്ചപ്പോഴും രയികന്റെ സംബോധനവാക്യത്തിൽ പ്രയോഗിക്കപ്പെട്ട ശൂദ്രശബ്ദം പരാമർശകമായിരിക്കുന്നു. അതായതു് ''കഷ്ടം കഷ്ടം കഷ്ടം എടാ ശൂദ്രാ നിന്റെ പശുക്കളെ നിനക്കുതന്നെ ഭവിക്കട്ടെ'' എന്നാണു്, വിദുരാദികളും ശൂദ്രയോനിയിൽ ജനിച്ചവരായിരുന്നിട്ടും വിശിഷ്ട വിജ്ഞാനസമ്പത്തിയുള്ളവരായിരുന്നു എന്നു സ്മരിച്ചിട്ടുമുണ്ടു്. ഈ കാരണങ്ങളാൽ ശൂദ്രനു വിദ്യാധികാരമുണ്ടെന്നുണ്ടെങ്കിൽ നാമിപ്രകാരം പറയുന്നു. എങ്ങനെയെന്നാൽ, ശൂദ്രനു വേദാധികാരമില്ലാത്തതിനാൽ വിദ്യയിലുമധികാരമില്ല. വേദം പഠിച്ചവനു മാത്രമേ വേദാർത്ഥങ്ങളിലുമധികാരമുണ്ടാവൂ, ശൂദ്രനു് വേദാദ്ധ്യയനമില്ലല്ലോ. എന്തെന്നാൽ വേദാദ്ധ്യയനത്തിനു് ഉപനയസംസ്കാരം കഴിഞ്ഞാലേ വിധിയുള്ള, ഉപനയനമോ, (ദ്വിജാദികളും) ബ്രഹ്മക്ഷത്ര വൈശ്യന്മാർക്കു മാത്രമെ വിധിച്ചിട്ടുള്ള. (സാമർത്ഥ്യം) ശക്തിയില്ലാതിരിക്കുമ്പോഴും വിദ്യയിൽ അപേക്ഷയുണ്ടെന്നുള്ളതു മാത്രം അധികാരകാരണമായി തീരുന്നില്ല. ശാസ്ത്രീയകാര്യത്തിൽ ശാസ്ത്രീയമായിരിക്കുന്ന സാമർത്ഥ്യം വിദ്യാധികാരത്തിനു മതിയാവുന്നുമില്ല. ശൂദ്രനു വേദാദ്ധ്യയനം നിഷിദ്ധമാകയാൽ തത്സംബന്ധിയായ ശക്തിയും നിരാകരിക്കപ്പെട്ടിരിക്കയാണല്ലോ. ന്യായത്തിനു സാധാരണത്വമുള്ളതാ

കയാൽ എന്തു ന്യായത്താൽ ശൂദ്രനു് യാഗത്തിലുമധികാരമില്ലയോ അതു തന്നെ വിദ്യയ്ക്കുമധികാരമില്ലെന്നുള്ളതിനെ സൂചിപ്പിക്കുന്നു. സംവർഗ്ഗവിദ്യയിൽ ശൂദ്രശബ്ദം കേൾക്കപ്പെടുകയാൽ ശൂദ്രനും വിദ്യാധികാരമുണ്ടെന്നു വിചാരിക്കയാണെങ്കിൽ ന്യായവിരുദ്ധമാകയാൽ അതും കാരണമാകുന്നില്ല. എന്തെന്നാൽ ന്യായവചനത്തിനു ലിംഗദർശനം ദ്യോതകമാകുന്നു. ഇവിടെ ന്യായമുണ്ടാകുന്നുമില്ല. ഈ ശൂദ്രശബ്ദം സംവർഗ്ഗവിദ്യയിൽ ഇരിക്കയാൽ ആ വിദ്യയൊന്നിൽ ഇരിക്കുന്ന ശൂദ്രനെ മാത്രമേ അധികരിക്കുന്നുള്ളൂ. ''സംവർഗ്ഗവിദ്യ'' അർത്ഥവാദഘട്ടത്തിലാകയാൽ ഈ ശൂദ്രശബ്ദം തനിക്കു മറ്റുള്ള വിദ്യകളിൽ ഒരിടത്തുമധികാരമുണ്ടാക്കുന്നതിനു ശ്രമിക്കുന്നില്ല. ഈ ശൂദ്രശബ്ദം അധികാരവിഷയത്തിൽ മാത്രമേ ഉപയോഗിക്കൂ എന്നുള്ളതെങ്ങനെയാണെന്നുണ്ടെങ്കിൽ പറയാം: ''എടാ, വിദ്യാഹീനനായിരുന്നിട്ടും (ഒരുത്തനെ) ഈ ജാനശ്രുതിയെ വണ്ടിയോടുകൂടിയിരിക്കുന്ന രൈക്വനോടു സദൃശനാക്കിപറയുന്നോ?'' എന്ന ഹംസവാക്യത്താൽ തന്റെ അനാദരത്തെ ശ്രുതവാനായിരിക്കുന്ന ആ ജാനശ്രുതിയെന്ന പൗത്രായണന്നു് ദുഃഖമുണ്ടായി. ഇതിനെ ഉഷിയായിരിക്കുന്ന രൈക്വൻ ശൂദ്രശബ്ദംകൊണ്ടു സൂചിപ്പിച്ചതു്. ജാതിശൂദ്രന്നു് വിദ്യാധികാരമില്ലാഴികയാൽ തന്റെ പരോക്ഷജ്ഞാനത്തെ അറിയിക്കുന്നതിനായിട്ടാണെന്നു തോന്നുന്നു. തനിക്കു (ശുക്കു്) ശോകമുണ്ടായെന്ന ശൂദ്രശബ്ദംകൊണ്ടു സൂചിക്കപ്പെടുന്നതു്, (എങ്ങനെയെന്നാൽ) ശുക്കിന്റെ ആദ്രവണം ഹേതുവായിട്ടും, ശുക്കിനെ ആഭിദ്രവിക്കയാലും, ശുക്കിനാൽ അഭിദ്രവിക്കപ്പെട്ടെന്നു്, ശുക്കോടുകൂടി രൈക്വനെ അഭിദ്രവിച്ചെന്നും, ശൂദ്രശബ്ദത്തിനു്

അവയവാർത്ഥമുള്ളതാകയാലും രൂഢ്യർത്ഥമില്ലാഴികയാലു മകുന്നു. എന്നാൽ ഈ അർത്ഥം ഈ ജാനശ്രുത്യുപാഖ്യാനത്തിൽ കാണപ്പെടുന്നുമുണ്ടു്.

സൂത്രം: ക്ഷത്രിയത്വഗതേ ശ്രോത്തരത്ര
ചൈത്രരഥേന ലിംഗാൽ. 35

ഭാഷ്യാർത്ഥം:—ഇതു ഹേതുവായിട്ടും ജാനശ്രുതി ജാതിശ്രുദ്രനല്ല. യാതൊന്നിന്റെ കാരണം പ്രകരണത്തെ നിരൂപിക്കയാൽ സ്പഷ്ടമാകുന്നു. എങ്ങനെയെന്നാൽ ഈ ജാനശ്രുതിക്കു് സംവർഗ്ഗവിദ്യയുടെ ഉത്തരഭാഗത്തിൽ ചൈത്രരഥനായി അഭിപ്രതാരിയായിരിക്കുന്ന ക്ഷത്രിയനോടുള്ള സമഭിവ്യവഹാരം (കൂട്ടിച്ചേർത്തു പറക) എന്നതു ഹേതുവാൽ ക്ഷത്രിയത്വം ബോദ്ധ്യപ്പെടുന്നു. സംവർഗ്ഗവിദ്യാവാക്യശേഷത്തിലാണു് ചൈത്രരഥിയായിരിക്കുന്ന അഭിപ്രതാരിയെന്ന ക്ഷത്രിയൻ കീർത്തിക്കപ്പെടുന്നതു്. അതായതു് അനന്തരം സൂതനാൽ പരിവിഷ്യമാണന്മാരായി (വിളംബപ്പെടുന്നവരായി) ശൗനകനായിരിക്കുന്ന കാക്ഷസേനിയേയും ബ്രഹ്മചാരി ഭിക്ഷിച്ചു എന്നാണു്. അഭിപ്രതാരി തനിക്കു കാപേയയോഗം ഹേതുവായിട്ടു് (ചൈത്രരഥിത്വ) ചിത്രരഥന്റെ വംശത്തിലുള്ളവനാണെന്നുള്ളതും സ്പഷ്ടമാകുന്നു. എന്തെന്നാൽ ''ഇതുകൊണ്ടാണു് ചൈത്രരഥനെ കാപേയന്മാർ യജിപ്പിച്ചതു്,'' എന്ന വേദവാക്യത്താൽ ചൈത്രരഥനു കാപേയയോഗമുണ്ടെന്നും അറിയപ്പെട്ടു. തുല്യവംശ്യന്മാക്കു മിക്കവാറും തുല്യവംശ്യന്മാർ മാത്രമേ യാജകന്മാരാകുന്നുള്ളു. അതു ഹേതുവായിട്ടു് ചൈത്രരഥിയെന്നു പ്രസിദ്ധനായ ഒരു ക്ഷത്രപതിയുണ്ടായി എന്നും വേദവാക്യത്തിൽ ക്ഷത്രപതിയെന്നു ബോധിക്കയാൽ ചൈത്രരഥിക്കു ക്ഷത്രിയത്വമുണ്ടെന്നും സ്പഷ്ടമാകുന്നു. ക്ഷത്രിയനാ

യിരിക്കുന്ന ആ അഭിപ്രതാരിയോടുകൂടി ജാനശ്രുതിക്കു തുല്യയായിരിക്കുന്ന വിദ്യാവിഷയത്തിൽ സങ്കീർത്തനം ഭവിക്കയാൽ തനിക്കും ക്ഷത്രിയത്വമുണ്ടെന്നു സൂചിക്കുന്നു. തുല്യന്മാരെ മാത്രമേ മിക്കവാറും കൂട്ടിച്ചേർത്തു പറകയുള്ളു. സൂതനെ അയയ്ക്കുക മുതലായ ഐശ്വര്യയോഗമിരിക്കയാലും ജാനശ്രുതിക്കു് ക്ഷത്രിയത്വമുണ്ടെന്നു വെളിവാകുന്നു. ഇതു ഹേതുവായിട്ടും ജാതിശ്രുദ്ധനും വിദ്യാധികാരമില്ല.

സൂത്രം: സംസ്കാരപരാമർശാത്തദഭാവാഭിലാപാച്ച. 36

ഭാഷ്യാർത്ഥം:—ഇതു ഹേതുവായിട്ടും ശ്രുദ്ധനു് വിദ്യയ്ക്കു്, അധികാരമില്ല.

എന്തെന്നാൽ വിദ്യാപ്രദേശങ്ങളിൽ ഉപനയനാദിയായിരിക്കുന്ന സംസ്കാരങ്ങളും ആവശ്യമാണെന്നു പരാമർശിക്കപ്പെടുന്നു. ''അവനെ ഉപനയിപ്പിച്ചു ഭഗവാനേ! പഠിപ്പിക്കണേ'' എന്നു പറഞ്ഞുകൊണ്ടു് ഉപസാദിച്ചു എന്നും വേദപാരഗന്മാരായും സഗ്രണബ്രഹ്മനിഷ്ഠന്മാരായുമുള്ള ഭരദ്വാജാദികളും, ബ്രഹ്മത്തെ തിരഞ്ഞു് ഈ പിപ്പലാദൻ എല്ലാം പറയുമെന്നു നിശ്ചയിച്ചു് അവർ കയ്യിൽ ചമതയും വച്ചുകൊണ്ടു് ഭഗവാനായിരിക്കുന്ന പിപ്പലാദനെ പ്രാപിച്ചു എന്നും ''അവരെ ഉപനയിപ്പിക്കാതെ'' എന്നും കേൾക്കുകയാൽ വേദാദ്ധ്യയനത്തിനു ഉപനയനപ്രാപ്തി കാണിക്കപ്പെട്ടതായിത്തന്നെയിരിക്കുന്നു, ''ശ്രുദ്ധൻ നാലാമത്തെ വർണ്ണവും ഏകജാതിയും'' എന്നു് സ്മൃതിച്ചിരിക്കയാലും ശ്രുദ്ധർക്കു പാപം അല്പവും ഇല്ലാത്തതിനാൽ അവനു സംസ്കാരം ആവശ്യമില്ലെന്നു പറകയാലും ശ്രുദ്ധനു് സംസ്കാരമില്ലെന്നു പറയപ്പെടുന്നു.

സൂത്രം: തദ്ഭാവനിർദ്ധാരണേ ച പ്രവൃത്തേഃ 37

ഭാഷ്യാർത്ഥം:—ഇതു ഹേതുവായിട്ടും ശ്രുദ്ധനു് വിദ്യയി

ലധികാരമില്ലാ. എന്തെന്നാൽ, സത്യവചനത്താൽ താൻ ശൂദ്രനല്ലെന്നു് ഉറപ്പാക്കിയതിന്റെ ശേഷമേ ജാബാലനെ ഗൗതമൻ ഉപനയിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുള്ളു. ''ഇതിനെ വിവേചിച്ചു പറയുന്നതിനു് ബ്രാഹ്മണനല്ലാത്തവൻ യോഗ്യനാകുന്നില്ലാ. അല്ലയോ സൗമ്യ! നീ ചെന്നു് ചമതകൊണ്ടുവാ, നിന്നെ ഉപനയിപ്പിക്കാം. നീ സത്യത്തിൽനിന്നും തെറ്റിയില്ലാ. എന്ന വേദവാക്യം (ലിംഗ) കാരണമാകുന്നു.

സൂത്രം: ശ്രവണാദ്ധ്യയനാർത്ഥപ്രതിഷേധാൽ സ്മൃതേശ്ച. 38

ഭാഷ്യാർത്ഥം:—ഇതു ഹേതുവായിട്ടും ശൂദ്രനു് വിദ്യയിൽ അധികാരമില്ല, എന്തെന്നാൽ സ്മൃതിപ്രമാണത്താൽ ശൂദ്രനു് ശ്രവണത്തിനും അദ്ധ്യയനത്തിനും പ്രതിഷേധം കാണുകയാൽ, വേദശ്രവണപ്രതിഷേധവും വേദാദ്ധ്യയനപ്രതിഷേധവും വേദാർത്ഥജ്ഞാനപ്രതിഷേധവും വേദാനുഷ്ഠാന പ്രതിഷേധവും സ്മരിക്കപ്പെട്ടുന്നു. ശ്രവണപ്രതിഷേധം പറയപ്പെട്ടതു് എങ്ങനെയെന്നാൽ, ''ഇവൻ വേദത്തെ കേൾക്കുകയാൽ ഈയവും മെഴുകും ഉരുക്കിയൊഴിച്ചു് ഇവന്റെ ചെവികളെ നിറയ്ക്കുക'' എന്നും, പദ്യ * ഹവേ, ത്യാദിവാക്യത്താൽ ശൂദ്രസമീപത്തിൽ വച്ചു്, അദ്ധ്യയനം ചെയ്യുന്നതെന്നു് കേൾക്കുകയാൽ സമീപത്തിൽവച്ചുപോലും വിധിയല്ലാത്ത വേദാദ്ധ്യയനം തനിക്കു് അശേഷം പാടില്ലെന്നും സ്പഷ്ടമാകുന്നു. ''അത്രയുമല്ലാ ശൂദ്രൻ വേദമുച്ചരിച്ചാൽ നാക്കു കണ്ടിക്കണമെന്നും, ധരിച്ചാൽ ശരീരത്തെ വെട്ടിപ്പിളർ

*പദ്യ = പാദയുക്തം, ശൂദ്രപദ്യയൽ—ഏതൽ; ശ്മശാനം.
ഹവാസഞ്ചരിഷ്ണുരൂപം ശ്മശാനം.

ക്കണമെന്നുമിരിക്കയാൽ, വേദാർത്ഥജ്ഞാനത്തിനും തദനു ഷ്ഠാനത്തിനും പാടില്ലെന്നു് സിദ്ധമാകുന്നു. ''ശൂദ്രനു് ജ്ഞാനത്തെ കൊടുക്കരുതെന്നും'' അദ്ധ്യയനം, യാഗം, ദാനം ഇതുകളും ദ്വിജാദികൾക്കാണെന്നും, വേദപ്രമാണവും കാണുന്നു. പൂർവ്വജന്മത്തിൽ ചെയ്യപ്പെട്ട സംസ്കാരപ്രാപ്തിയാൽ വിദുരൻ, ധർമ്മവ്യാധൻ തുടങ്ങിയ ശൂദ്രർക്കു് ജ്ഞാനോല്പത്തിയുണ്ടായിരുന്നുവെങ്കിലും ജ്ഞാനത്തിനു് ഐകാന്തികഫലത്വമുള്ളതിനാലും ഇതിഹാസപുരാണങ്ങളെ ചാതുർവർണ്ണ്യങ്ങളെ ശ്രവിപ്പിക്കണമെന്ന ഹേതുവാലും അവർക്കു് ഫലപ്രാപ്തിയെ പ്രതിബന്ധിപ്പാൻ കഴിയുന്നതല്ലാ, ആകയാൽ വേദപൂർവ്വകമായിരിക്കുന്ന വിദ്യാധികാരം ശൂദ്രനു് വിഹിതമല്ലെന്നിരിക്കുന്നു.''

(പ്രാചീനമലയാളം പുറം 143–147)

മേൽ പ്രസ്താവിച്ച സൂത്രഭാഷ്യത്തിൽ ഒരുദാഹരണമായി സ്വീകരിച്ചിരിക്കുന്നതും ജാനശ്രുത്യുപാഖ്യാനം പോലെ ഈ വിഷയത്തിൽ ഒരു പ്രമാണമായിപ്പറയപ്പെടുന്നതും ആയ ജാബാലന്റെ കഥയെപ്പററി സ്വല്പം ചിന്തിക്കാം—

ജാബാലകഥാസാരം:—'ജാബാലൻ ഗൌതമന്റെ അടുക്കൽ അധ്യയനത്തിനു ചെന്നു. ഗൌതമനു് അവന്റെ പേരിൽ ശൂദ്രശംകയുണ്ടായി. ജാബാലനെക്കൊണ്ടു് താൻ ശൂദ്രനല്ലെന്നു സത്യം ചെയ്യിച്ചശേഷമേ പഠിപ്പിച്ചുകൊടുത്തുള്ളൂ.'

ഇതിനേയും ശൂദ്രൻ വിദ്യയ്ക്കു പണ്ടുപണ്ടേ അനർഹനാണെന്നുള്ളതിനു് ഒരു ദൃഷ്ടാന്തമായി ബ്രാഹ്മണർ പറയുന്നുണ്ടു്. ശൂദ്രൻ വിദ്യയ്ക്കു് അനർഹനെന്നും അതിനാൽ അവനെ യാതൊന്നും പഠിപ്പിച്ചുപോകരുതെന്നും മുമ്പിനാ

ലെ നിഷേധിക്കപ്പെട്ടിട്ടുണ്ട്. ജാബാലൻ ചെന്നത് അഭ്യസിപ്പാനായിരുന്നു. അപ്പോഴും ഗൗതമൻ ജാബാലനെക്കൊണ്ടു ശൂദ്രനല്ലെന്നു സത്യം ചെയ്യിച്ചതിനാൽ ഗൗതമനു ജാബാലനെക്കുറിച്ചു ശൂദ്രശങ്കയുണ്ടായിരുന്നെന്നും, തന്നിമിത്തം ഇവൻ, തന്നെ കബളിപ്പിച്ചു വിദ്യാമോഷണത്തിനായി വന്നിരിക്കയാണെന്നുള്ള സംശയം അദ്ദേഹത്തിന്റെ ഉള്ളിൽ ജനിച്ചിരുന്നു എന്നും നിശ്ചയം തന്നെ. പിന്നെ ശൂദ്രൻ അനൃതവാക്കാണെന്നു പ്രമാണവും മുണ്ട്. ഇങ്ങനെ, അവിശ്വാസിയെന്നു തെളിയുന്ന ജാബാലന്റെ വാക്കിനെ ഗൗതമൻ വിശ്വസിക്കയും സന്ദേഹത്തിൽനിന്നു വേർപെടുകയും ചെയ്തായില്ല. ഗൗതമനു ജാബാലന്റെ ജാതിനിർണ്ണയം ചെയ്തേ കഴിയൂ എന്നു നിർബ്ബന്ധമുണ്ടായിരുന്നെങ്കിൽ ജാബാലനുമായി അടുത്തു നല്ല പരിചയമുള്ളവരായ ബ്രാഹ്മണരോടാരോടെങ്കിലും അദ്ദേഹം പരമാർത്ഥം ചോദിച്ചറിയുമായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നുമില്ല. ഉപനയിപ്പിക്കയും പഠിപ്പിക്കയും ചെയ്തിട്ടുമുണ്ട്. ഇതെല്ലാംകൊണ്ടും ഗൗതമനു, മനഃപൂർവ്വമായി പഠിച്ചാൽ അവനും ദോഷമുണ്ടെന്നോ ശൂദ്രനല്ലെന്നുവരികിലെ പഠിപ്പിക്കാവൂ എന്നൊ ഉള്ള അഭിപ്രായം ഉണ്ടായിരുന്നില്ലെന്നും ആരായാലും എന്തു ജാതിയായാലും ശരി, ശ്രദ്ധയുള്ളവരെ പഠിപ്പിക്കണമെന്നുള്ള അഭിപ്രായമേ ഉണ്ടായിരുന്നുള്ള എന്നു സ്പഷ്ടമാകുന്നു.

സമാധാനം: എന്നാൽ സത്യം ചെയ്യിച്ചതെന്തിനു?

നിഷേധം: അതു പറയാം. ശൂദ്രനു ബ്രാഹ്മണശുശ്രൂഷയൊഴിച്ചു മറെറാരു നന്മയ്ക്കും അധികാരം ഇല്ലെന്നും ആരും ഒന്നും പഠിച്ചുപോകരുതെന്നും, അവനവന്റെ ഇച്ഛപോലെ ചില സങ്കേതങ്ങൾ ഏർപ്പെടുത്തി അവയെ അനാദിപ്രമാണാനുസരണം നടത്തുന്നതിനു ശ്രദ്ധാലുക്കളായിരുന്ന അ

ക്കാലത്തെ പ്രബലന്മാരോട് താൻ സത്യംചെയ്തിച്ചതിൽ പിന്നീടേ പറഞ്ഞുകൊടുത്തുള്ള എന്നു സമാധാനംപറഞ്ഞു സമ്മതിപ്പിക്കുന്നതിലേക്കായിട്ട മാത്രമായിരുന്നു.

ഉപനയനാദിപൂർവ്വം കർമ്മകാണ്ഡത്തിൽ പ്രവൃത്തരായ ശേഷമേ ജ്ഞാനകാണ്ഡോക്തമായ വിധിയെ കൈക്കൊള്ളാവൂ എന്നു നിയമമില്ലെന്നും, സാധനചതുഷ്ടയസംപത്തി സിദ്ധിച്ചാൽ ക്രമത്തെ ഗണ്യമാക്കാതെ ജ്ഞാനമാർഗ്ഗം സ്വീകരിക്കുന്നതിൽ ഏവരും അർഹന്മാരാണെന്നും പ്രഥമ സൂത്രത്തിന്റെ ഭാഷ്യത്തിൽ ആചാര്യസ്വാമികളും പറഞ്ഞിരിക്കുന്നു. അതിനു വിപരീതമായി മുൻപറഞ്ഞ 'ശ്രുതസ്യ' ഇത്യാദി സൂത്രങ്ങളുടെ ഭാഷ്യത്തിൽ ക്രമം വിവക്ഷിച്ചു കാണുന്നതും അതിന്റെ സാധുത്വത്തിൽ ശങ്ക അങ്കുരിപ്പിക്കുന്നു.

നോക്കുക:

''.....യദനന്തരം ബ്രഹ്മജിജ്ഞാസോപദിശ്യത ഇതി; ഉച്യതേ:– നിത്യാനിത്യവസ്തുവിവേക:, ഇഹാമുത്രാർത്ഥഭോഗവിരാഗ:, ശമാദിസാധനസംപത്, മുമുക്ഷുത്വം ച. തേഷു ഹി സൽസു പ്രാഗപി ധർമ്മ ജിജ്ഞാസായാ ഊർദ്ധ്വം ശക്യതേ ബ്രഹ്മ ജിജ്ഞാസിതും ജ്ഞാതും ച നവിപര്യയേ. തസ്മാത് അഥശബ്ദേന യഥോക്ത സാധനസംപത്ത്യാനന്തര്യമുപദിശ്യതേ'' – 'അഥാതോ ബ്രഹ്മജിജ്ഞാസാ' എന്ന സൂത്രത്തിലെ അഥ ശബ്ദത്തിനു് അത്ഥാന്തരസംഗതി ദുർഘടമെന്നു ബഹുസംരംഭപൂർവ്വം കാണിച്ചും ബ്രഹ്മജിജ്ഞാസാവിഷയത്തിൽ അധ്യയനാദി സാധനം (സാമഗ്രി) അല്ലെന്നുറപ്പിച്ചുംകൊണ്ടു് അതിനു പര്യാപ്തമായ സാധനം വേണമെന്ന ഉദ്ദേശത്തിന്മേൽ, യാതൊന്നിനു ശേഷമായിട്ടാണു ബ്രഹ്മജിജ്ഞാസ ഉപദേശിക്കേണ്ടതു് എന്ന ശങ്കയ്ക്കു് പറയാം, എന്നു സിദ്ധാ

ന്തപക്ഷം ആരംഭിക്കുന്നു. നിത്യാനിത്യവസ്തുവിവേകവും, ഐഹികാമുഷ്മികഭോഗവിരകുതിയും, ശമാദിഷടുക സംപത്തിയും, മുമുക്ഷുത്വവും ഉണ്ടായിരിക്കുന്ന അവസ്ഥയിൽ ധർമ്മജിജ്ഞാസയ്ക്കു മുമ്പായാലും പിമ്പായാലും വേണ്ടില്ല, ബ്രഹ്മവിചാരവും ജ്ഞാനപ്രാപ്തിയും സുശകുതമാണു്. അക്കാരണത്താൽ അഥ ശബ്ദംകൊണ്ടു മേൽ പറഞ്ഞ സാധനസംപത്തിയുടെ ആനന്തര്യത്തെ (സൂത്രകാരൻ) ഉപദേശിക്കുന്നു.

അതു കൂടാതെയും ഐതരേയബ്രാഹ്മണം രണ്ടാമതു പഞ്ചിക തൃതീയാധ്യായപ്രാരംഭത്തിൽ ''കവഷൻ'' എന്ന ഒരു വേടൻ വേദാധ്യയനം ചെയ്തു; എന്നുമാത്രമല്ല, ഋഷിയുമായി യാഗാദിക്രതുക്കളിൽ ബ്രാഹ്മണരോടു കൂടിച്ചേർന്നു ബഹുമാന്യനായി വാണിരുന്നു എന്നു പറഞ്ഞിരിക്കുന്നു.

''ഋഷയോ വൈ സരസ്വത്യാം സത്രമാസത. തേകവഷമൈലൂഷം സോമാദനയൻ ദാസ്യാഃ പുത്രഃ കിതവോf ബ്രാഹ്മണഃ കഥം നോ മധ്യേf ദീക്ഷിഷ്ടേതി. തം ബഹിർധന്വോദവഹൻ. അത്രൈനം പിപാസാ ഹന്തുസരസ്വത്യാ ഉദകം മാ പാദിതി. സ ബഹിർധന്വോ ദൃഹ്യഃ പിപാസയാ വിത്ത ഏതദപോനപ്ത്രീയമപശ്യത്, പ്രദേവത്രാ ബ്രഹ്മണേ ഗാതുരേതവിതി.

തേനാപാം പ്രിയം ധാമോപാഗച്ഛത്. തമാപോf നുദായൻ. തം സരസ്വതീ സമന്തം പര്യധാവത്. തസ്മാദ്ധാപ്യേതർഹി പരിസാരകമിത്യാചക്ഷതേ, യദേനം സരസ്വതീസമന്തം പരിസസാര. തേ വാ ഋഷയോ f ബ്രുവൻ വിദുർവ്വാ ഇമം ദേവാ ഉപേമം ഹ്വയാമഹാ ഇതി തഥേതി തം ഉപാഹ്വയന്ത ...'' (ഐ.ബ്ര. അ.8 ഖ.1)

''മഹർഷിമാർ സരസ്വതീതീരത്തുവെച്ചു് ഒരു വലിയ യാഗമാരംഭിച്ചിരിക്കുമ്പോഴും (അതിൽ പ്രവേശി

ച്ചിരുന്ന) ഇലൂഷപുത്രനായ കവഷനെ, ദാസീപുത്രനും അബ്രാഹ്മണനും വേട്ടയാടിയും ആയവൻ (യാഗത്തിൽ) സന്നിഹിതനായി എങ്ങനെയാണു നമ്മോടൊപ്പം അർഹണം അർഹിക്കുക?'' എന്നു പറഞ്ഞു ബഹിഷ്കരിച്ചു് സരസ്വതിയിലെ ജലംപോലും കുടിക്കാതെ ദാഹിച്ചു മരിക്കട്ടെയെന്നു കരുതി ഒരു മരുഭൂമിയിലാക്കി. ഈ നിലയിൽ ദാഹപീഡിതനായ കവഷൻ 'അപോനപ്ത്രീയം—പ്രദേവത്രാ ബ്രഹ്മണേ ഗാതുരേതു—'' എന്നു തുടങ്ങിയ 15. ഋക്കു്—മന്ത്രദ്രഷ്ടാക്കളുടെ നയത്തിൽ ഉണ്ടാക്കി. ഈ സൂക്തനിർമ്മാണംവഴിയായി അയാംക്കു ദേവതാപ്രസാദം സിദ്ധിച്ചു. ആ ദേവതകൾ അയാളുടെ പരിസരം പ്രാപിച്ചതോടുകൂടി സരസ്വതിയും പൂഴ്നൊഴുകി. സരസ്വതി അയാളെ ചുററി ഒഴുകിയ കാരണത്താൽ ആ സ്ഥലത്തിനു ''പരിസാരക''മെന്നു പേരായി. ഈ അവസ്ഥയറിഞ്ഞു് ആ ഋഷിമാർ, ''അയാംക്കു് ദേവസാന്നിധ്യം ഉണ്ടായിരിക്കുന്നതിനാൽ നമുക്കു് (ചെന്നു്) അയാളെ ക്ഷണിച്ചുകൊണ്ടുവരാം'' എന്നു പറഞ്ഞു് ഐകകണ്ഠ്യേന സമ്മതിച്ചു കവഷനെ കൂട്ടിക്കൊണ്ടുപോയി. അനന്തരം അവർ അപോനപ്ത്രീയ യജ്ഞം നടത്തി..''

വേടൻ—വിശിഷ്ടനാകുന്നതിനുമുമ്പു് ഏകാന്തത്തടവിൽകിടന്നു് ഉണ്ടാക്കിയ അപോനപ്ത്രീയ സൂക്തം വേദത്തിൽ ഉൾപ്പെട്ടിരിക്കുമ്പോൾ വേദാധ്യയനത്തിനു് ആർക്കു് അർഹതയില്ലെന്നു പറയാം?

ഐതരേയബ്രാഹ്മണത്തിൽ കാണിച്ചതുപോലെ കൗഷീതകിബ്രാഹ്മണത്തിലും ദാസീപുത്രനായ ഈ കവഷന്റെ കഥയുണ്ടു്. നോക്കുക.

''മാധ്യമാഃ സരസ്വത്യാം സത്രമാസത. തദ്ധാപി കവഷോ മധ്യേ നിഷസാദ. തം ഹേമ ഉപോദ്ഗർദ്ദാസ്യാ

വൈ ത്വം പുത്രോസി ന വയം ത്വയാ സഹ ഭക്ഷയിഷ്യാമ ഇതി സഹ ക്രുദ്ധഃ പ്രദ്രുവത്സരസ്വതീമേതേന സൂക്തേന തുഷ്ടാവ. തം ഹേമമന്വേയായ ത ഉഹേമേ നിരാഗാ ഇവ മേനിരേ തം ഹാന്വാവൃത്യോചുഃ. ഋഷേ! നമസ്തേ അസ്തു മാ നോ ഹിംസീസ്ത്വം വൈ നഃ ശ്രേഷ്ഠോസി യം ത്വേയമന്വേതീതി. തം ഹ യ ജ്ഞപയാം ചക്രുസ്തസ്യ ഹ ക്രോധം വിനിന്യുഃ സ ഏഷകവഷ സ്യൈഷ മഹിമാ സൂക്തസ്യ ചാനുവേദിതാ'' (കൗ ബ്രാ—12. 3.) 'ഗൃത്സമദ, വിശ്വാമിത്ര. വാമദേവ. അത്രി, ഭരദ്വാജ, വസിഷ്ഠപ്രമുഖരായ മഹർഷിമാർ സരസ്വതീതീരത്തുവെച്ച് ഒരു യാഗമാരംഭിച്ചു. അപ്പോഴം ''കവഷൻ'' അവരുടെ ഇടയിൽ കടന്നിരുന്നു. ''ദാസീപുത്രൻ—''കൗലടേരൻ''—ആയ നിന്നോടുകൂടി ഞങ്ങൾ ഒന്നും ഭക്ഷിക്കയും മറും ചെയ്കയില്ല'' എന്നു പറഞ്ഞു് അവർ അയാളെ നിർഭർത്സിച്ചു. കവഷൻ കോപിച്ചു സരസ്വതീതീരം പ്രാപിച്ചു മൻപറഞ്ഞ സൂക്തങ്ങളം നിർമ്മിച്ചു ദേവപ്രസാദം വരുത്തി. ഉടൻ സരസ്വതി ആയാളെ അനുഗമിച്ചു. ഇരുപ്പുമായപ്പോഴം കവഷൻ നിഷ്കലുഷനാണെന്നു അവർ തീർച്ചയാക്കി, അവിടെച്ചെന്നു് ഇങ്ങനെ ക്ഷമായാചനം ചെയ്തു:— ഋഷിസത്തമാ! അങ്ങേക്കു നമസ്കാരം; അങ്ങു ഞങ്ങളുടെ ഇടയിൽ പരമാരാധ്യനാകുന്നു; എന്തെന്നാൽ സരസ്വതി അങ്ങെച്ചുറ്റിവന്നിരിക്കുന്നു; ഞങ്ങളെ വല്ലായ്മയിരയാക്കരുതേ!'' പിന്നീടു് അവർ കവഷനെ യജ്ഞകാര്യ വ്യവസ്ഥാപയിതാവാക്കി അയാളുടെ കോപത്തെ ശമിപ്പിച്ചു. ഇതാണു കവഷന്റെ മഹാമഹിമശാലിത്വം. ഈ സൂക്തദ്രഷ്ടാവെന്ന നിലയിൽ അദ്ദേഹം കീർത്തിമാനായി.

ഇനിയും വേദത്തിൽ കക്ഷീവാൻ എന്ന ഒരു ബഹുമാന്യനായ ശൂദ്രസ്ത്രീപുത്രന്റെ കഥ പറയുന്നുണ്ട്.

''സോമാനസ്സ്വരണം കൃണുഹി ബ്രഹ്മണസ്പതേ
കക്ഷീവന്തം യ ഔശിജഃ''

അല്ലയോ ബ്രഹ്മണസ്പതേ! ഈ സോമപാനം ചെയ്യുന്ന എന്നെ, 'ഉശിക്' എന്നവളുടെ പുത്രൻ ആ കക്ഷീവാനെപ്പോലെ പ്രകാശമുള്ളവനാക്കിച്ചെയ്താലും, ഇതെല്ലാംകൊണ്ടും ശൂദ്രനും അധ്യയനാദി ആകാമെന്നും ഉറപ്പായി തെളിയുന്നു.

ഈ എല്ലാ നിദർശനങ്ങളാലും ഏർപ്പെടുന്ന ആചാരത്തിനു വിരോധമായിട്ട വേദത്തിൽ നിഷേധങ്ങളിരിക്കുമെന്നും അനുമാനിക്കാമോ? ഒരിക്കലും പാടില്ല.

''വിരോധേ ത്വനപേക്ഷം സ്യാദ് അസതി ഹ്യനുമാനം
ശ്രുതിവിരോധേ സ്മൃതിവാക്യം അനപേക്ഷ്യം അപ്രമാണം അനാദരണീയം ച''

അർത്ഥം:—പ്രത്യക്ഷ ശ്രുതിക്കു വിരോധമായ, സങ്കേതങ്ങൾക്കു ശ്രുതിയിൽ ആധാരം കിട്ടുകയില്ലെന്നുതന്നെ അനുമാനിച്ചുകൊള്ളണം. ശ്രുതിക്കു വിരോധമായ അപ്രകാരമുള്ള ഏർപ്പാടുകളും അനാവശ്യവും, അപ്രമാണവും അനാദരണീയവും ആണ്, എന്നു മീമാംസയിൽ പറഞ്ഞിരിക്കുന്നു. അനുമാനിക്കേണ്ട പക്ഷത്തിൽ ഇതു ശരിതന്നെ. പ്രത്യക്ഷനിഷേധമായിരുന്നാലോ എന്നും ആരെങ്കിലും വേദത്തിൽനിന്നും ഒരു നിഷേധവാക്യത്തെ കാണിക്കുന്നു എങ്കിൽ അതിനും മാർഗ്ഗം മനുസ്മൃതിയിൽ ഏർപ്പെടുത്തിയിരിക്കുന്നു.

''ശ്രുതിദ്വൈധം തു യത്ര സ്യാ—
ത്തത്ര ധർമ്മാവുഭൗ സ്മൃതൗ'' (മനു. 2)

വേദത്തിൽതന്നെ ഒന്നിനൊന്നു വിരോധമായ രണ്ടു

മാഗ്ഗങ്ങളെ പറഞ്ഞിരുന്നാൽ അവ രണ്ടും സമപ്രാധാന്യമായി സമ്മതിക്കപ്പെടേണ്ടതാണെന്നു വിധിച്ചിരിക്കുന്നു. ഈ വിധിയാൽ വേദത്തിൽ ഒരു സ്ഥലത്തു ക്ഷത്രിയാദികൾക്കു് അധ്യാപനവും, ശൂദ്രനു് അധ്യയനവും പാടില്ലാ എന്നു വിധിച്ചിരുന്നാൽപോലും മറ്റുള്ള ഭാഗങ്ങളിൽ ആദരിച്ചിരിക്കുന്ന ആചാരബലത്താൽ ക്ഷത്രിയാദികൾക്കു് അധ്യാപനവും, ശൂദ്രനു് അധ്യയനവും ചെയ്യാമെന്നു നിർവ്വിവാദമായി ഏർപ്പെടുന്നു. ഇപ്രകാരം വേദത്തിനാൽ യാതൊരു തടസ്സവും ഇല്ലെന്നു സിദ്ധിച്ചു.

ഇനി പ്രമാണാന്തരങ്ങളെക്കുറിച്ചാലോചിക്കാം.

നാല്

പ്രമാണാന്തരവിചാരം

''അധീയീരംസ്ത്രയോ വർണ്ണാഃ
സ്വകർമ്മസ്ഥാ ദ്വിജാതയഃ;
പ്രബ്രൂയാദ് ബ്രാഹ്മണസ്തേഷാം
നേതരാവിതി നിശ്ചയഃ
സർവ്വേഷാം ബ്രാഹ്മണോ വിദ്യാ–
ദ്വൃത്ത്യുപായാൻ യഥാവിധി;
പ്രബ്രൂയാദിതരേഭ്യശ്ച
സ്വയം ചൈവ തയാ ഭവേത്'' (മനു 10–1–2)

അവരവർക്ക് തക്കതായ പ്രവൃത്തികളും ഉള്ള ദ്വിജന്മാരായ മൂന്നു വർണ്ണക്കാരും പഠിക്കട്ടെ. പഠിപ്പിക്കുന്നതു ബ്രാഹ്മണനല്ലാതെ ഇതരന്മാർ ചെയ്യേണ്ടതല്ലാ എന്നതു് നിശ്ചയം. സകലർക്കും ക്രമപ്രകാരമുള്ള ജീവനോപായങ്ങളെ ബ്രാഹ്മണർ കല്പിക്കട്ടെ. ബ്രാഹ്മണൻ ഇതരന്മാർക്ക് കല്പിച്ചു താനും അനുഷ്ഠിക്കട്ടെ–എന്നു പറയുന്നതല്ലാതെ ശൂദ്രൻ വേദാധ്യയനം ചെയ്യുകൂടാ എന്നു സ്പഷ്ടമായി നിഷേധിക്കുന്നില്ല. ഇതിനെ അല്പംകൂടി വിവരിക്കാം. ഒരുവൻ തനിക്കു വേണ്ടതായ സകല കാര്യങ്ങളേയും അന്യസഹായം കൂടാതെ സ്വയം സാധിച്ചുകൊള്ളുകയെന്നതു് അസാധ്യമാകയാൽ ആദിയിൽ തന്നെ പ്രവൃത്തികളുടെ വ്യവസ്ഥ ഏർപ്പെടുന്നതു സഹജം, റോമദേശത്തിൽ രാജാവു്, പാതിരിമാർ, പെടീഷർ, പ്ലേവിയർ

എന്നും, ഇംഗ്ലണ്ടിൽ രാജകുലം, പാതിരികൾ, ലാഡ്സ്, കാമൺസ് എന്നും എർപ്പെട്ടതുപോലെ, അതിനും എത്രയോ മുൻകാലം മുതല്ലേ ഇവിടെയും ബ്രഹ്മ ക്ഷത്രിയ വൈശ്യശൂദ്രർ എന്ന വകഭേദങ്ങൾ ഏർപ്പെട്ടു് അവരവരുടെ പ്രവൃത്തികൾക്കു നിർണ്ണയങ്ങളും ഉണ്ടായി. ബ്രഹ്മ ജ്ഞാനത്തെ ഇതരന്മാർക്കു ഉപദേശിക്കൽ ബ്രാഹ്മണനും, രാജ്യസംരക്ഷണം ക്ഷത്രിയനും, ധാന്യക്കച്ചവടം മുതലായവ വൈശ്യനും, അടിമപ്രവൃത്തി ശൂദ്രനും ആദികാലത്തിൽ ഏർപ്പെട്ടു. ഇത്രത്തോളം, മാത്രമല്ലാതെ ഒരുവൻ തന്റെ പ്രവൃത്തിയെ നിറവേറ്റിക്കൊണ്ടു ജ്ഞാനത്തേയും കൂടി സമ്പാദിപ്പാൻ പ്രയത്നിക്കുന്നപക്ഷം അതിൽ ദോഷമുണ്ടെന്നു മനു പറയുന്നില്ല. മറ്റുള്ള സ്മൃതികളിൽ അപ്രകാരം നിഷേധമിരിക്കുന്നതായി കാണുന്നുമില്ല. ഒരുവേള ഇരുന്നാലും അവ മേൽകാണിച്ച ശ്രുതിപ്രമാണങ്ങളാൽ ബാധിതമാണു്.

''യദ്ദ്വയം ഹി വേദേഷു
തദ്ദ്രഷ്ടവ്യം സ്മൃതൗ കില;
ഉഭാഭ്യാം യദ്ദ്വയം ഹി
തൽ പുരാണേഷു പഠ്യതേ.
ശ്രുതിസ്മൃതി പുരാണേഷു
വിരുദ്ധേഷു പരസ്പരം;
പൂർവ്വം പൂർവ്വം ബലീയഃ സ്യാ—
ദിതി ന്യായവിദോ വിദുഃ''

വേദത്തിൽ കാണാത്ത വിഷയങ്ങളെ സ്മൃതിയിൽ നിന്നും ഗ്രഹിച്ചുകൊള്ളാം. ഈ രണ്ടിലും ഇല്ലാത്തവ പുരാണങ്ങളിൽനിന്നു ഗ്രഹിക്കാം. എന്നാൽ ശ്രുതി സ്മൃതി പുരാണങ്ങളിൽ പരസ്പരം വിരുദ്ധമായി കാണുമ്പോഴും പുരാണത്തേക്കാളും സ്മൃതിയും, സ്മൃതിയേ

ക്കാം വേദവും ബലീയസ്സുമാകുന്നു—എന്നു് ആപസ്തംബ സ്മൃതിയും,

ശ്രുതിസ്മൃതിവിരോധേഷു
ശ്രുതിരേവ ഗരീയസീ;
അവിരോധേ സദാ കാര്യം
സ്മാർത്തം വൈദികവത് സദാ''

ശ്രുതിക്കും സ്മൃതിക്കും വിരോധമിരിക്കുന്ന സ്ഥലങ്ങളിൽ ശ്രുതിതന്നെ പ്രബലപ്രമാണമാകും. അവയ്ക്കു് ഭിന്നിപ്പില്ലാത്ത പക്ഷത്തിൽ ശ്രുതിയെപ്പോലെതന്നെ സ്മൃതിയും അംഗീകാര്യമാകും — എന്നു ജാബാല സ്മൃതിയും—,

ശ്രുതിസ്മൃതി പുരാണാനാം
വിരോധോ യത്ര ദൃശ്യതേ;
തത്ര ശ്രൗതം പ്രമാണം തു
തയോർദ്വൈധേ സ്മൃതിർവ്വരാ''

വേദത്തിനു വിരോധമായ സ്മൃതിവാക്യം വകയല്ല. ഈ രണ്ടിനും വിരോധമായ പുരാണവചനവും വകയല്ല—എന്നു് വ്യാസസ്മൃതിയും പ്രമാണങ്ങളാണു്. വേദവിരുദ്ധമായ സ്മൃതിവാക്യം ആവശ്യമില്ല; പ്രമാണമാകയുമില്ല; അതു് ആദരിക്കത്തക്കതുമല്ല; എന്നു മുമ്പേ മീമാംസാശാസ്ത്രത്തിൽനിന്നെടുത്തു കാണിച്ചിട്ടുമുണ്ടു്. ഇനിയും ഇപ്രകാരം അനേക ഗ്രന്ഥങ്ങളിലുണ്ടു്. ഈ പ്രമാണങ്ങളെക്കൊണ്ടു വേദങ്ങളാൽ ആദരിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾക്കു സ്മൃതികളാൽ യാതൊരു ''ബാധ''വും നേരിടത്തക്കതല്ല. പുരാണങ്ങളിൽ ഏതു കാര്യത്തിനു വേണമെങ്കിലും പ്രമാണം കിട്ടും. ആകയാൽ അവ വേദവിരുദ്ധമാകുന്നു എന്നു തള്ളിക്കളയേണ്ടതല്ലാതെ അവയുടെ ദോഷങ്ങളെക്കുറിച്ചു പ്രസ്താവിച്ചിട്ടു

കാര്യമില്ല. ഇനി ശൂദ്രൻ വേദാഭ്യാസം ചെയ്യുകൂടാ എന്നുള്ളവർ സാധാരണമായി പറയുന്ന ഒരു പ്രമാണത്തെക്കുറിച്ചു് അല്പം വിചാരിക്കേണ്ടിയിരിക്കുന്നു. അതായതു് ''ന സ്ത്രീശൂദ്രൗ വേദമധീയാതാം'' എന്ന വാക്യമാകുന്നു. ഈ വാക്യം വേദവുമല്ല, സ്മൃതിയുമല്ല; കേവലം സൂത്രമാകുന്നു. ശ്രുതിസ്മൃതി പുരാണേതിഹാസാചാരങ്ങളെ എന്നുള്ള പ്രമാണങ്ങളിൽ ഒന്നായിട്ടു് ഇതിനെ എവിടെയും സ്വീകരിച്ചു പഠിക്കുന്നുമില്ല. ആകയാൽ ഇതിനെ ഒരു പ്രമാണമായിട്ടു സ്വീകരിക്കണമെന്നില്ല. വിരോധമില്ലാത്ത ഈ വാക്യത്തെക്കുറിച്ചു് ആക്ഷേപിക്കണമെന്നുമില്ല. ഇതിന്റെ അർത്ഥം എന്തെന്നാൽ സ്ത്രീകളും ശൂദ്രരും വേദം പഠിച്ചേകഴിയൂ എന്നില്ല; എന്നല്ലാതെ പഠിച്ചേ കൂടാ എന്നല്ല. എന്നാൽ ഇതിനെ വ്യാഖ്യാനിച്ചവർ പഠിച്ചേകൂടാ എന്നർത്ഥം പറഞ്ഞിരിക്കുന്നല്ലോ എന്നാണെങ്കിൽ, ഇതിലേക്കു് അവരെ കുറ്റം പറവാൻ പാടില്ല. ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം ചെയ്യുന്നവർ തല്ക്കാലത്തിൽ നടന്നുവരുന്ന ആചാരഗൗരവത്തിനു യാതൊരു ന്യൂനതയും നേരിടാതിരിക്കുന്നതിലേക്കു വേണ്ടി സ്പഷ്ടമായ വാക്യങ്ങൾക്കെല്ലാം കൃത്രിമമായി അർത്ഥകല്പനം ചെയ്യുന്നതു ലോകപ്രസിദ്ധമാകുന്നു. സംശയമുള്ളപക്ഷം ഇതിലേക്കും ഒന്നുരണ്ടു നിദർശനങ്ങളെ കാണിക്കാം.

''അതഃപരം ഗൃഹസ്ഥസ്യ
ധർമ്മാചാരം കലൗ യുഗേ;
ധർമ്മം സാധാരണം ശക്യം
ചാതുർവ്വർണ്ണ്യാശ്രമാഗതം.
സംപ്രവക്ഷ്യാമ്യഹം പൂർവ്വം
പരാശരവചോ യഥാ''

എന്ന പരാശരസ്മൃതിയിൽ ആദ്യം അവതാരകമായി യുഗാന്തരധർമ്മങ്ങളെക്കുറിച്ച് അല്പം പറഞ്ഞശേഷം ഇനി കലിയുഗധർമ്മങ്ങളെപ്പറ്റി പറയാം എന്നുപക്രമിച്ചിട്ട്,

''നഷ്ടേ മൃതേ പ്രവ്രജിതേ
ക്ലീബേ ച പതിതേ പതൗ;
പഞ്ചസ്വാപൽസു നാരീണാം
പതിരന്യോ വിധീയതേ''—

ഭർത്താവു ദേശാന്തരഗതനായി പോയാലും, മരിച്ചാലും, സന്യസിച്ചാലും, നപുംസകനായാലും, പതിതനായാലും അവന്റെ ഭാര്യ വേറൊരുത്തനെ വിവാഹം ചെയ്തുകൊള്ളാം—എന്ന വിധിച്ചിരിക്കുന്ന വാക്യത്തെ, അതിനു വ്യാഖ്യാനംചെയ്ത മാധവാചാര്യർ, യുഗാന്തരവിഷയമെന്നു മറച്ചുവച്ചിരിക്കുന്നു. യാജ്ഞവൽക്യസ്മൃതിയിൽ—

''സകൃൽ പ്രദീയതേ കന്യാ—
ഹരംസ്താം ചൗരദണ്ഡഭാക്;
ദത്താമപി ഹരേൽ പൂർവ്വാ—
ച്ഛ്രേയാംശ്ചേദ്വര ആവ്രജേത്.**
അക്ഷതാ വാ ക്ഷതാ വാപി
പുനർഭ്രൂഃ സംസ്കൃതാ പുനഃ''—

'കന്യകാദാനം ചെയ്യപ്പെട്ട ശേഷവും ഒരുത്തി തന്റെ ഭർത്താവിനേക്കാൾ ശ്രേഷ്ഠനായ ഭർത്താവിനെ കിട്ടുന്ന പക്ഷം ആദ്യഭർത്താവിനെ ത്യജിച്ചിട്ട പുതിയ ഭർത്താവിനെ വിവാഹം ചെയ്തുകൊള്ളാം'—എന്നു് ഒരു ശ്ലോകത്തിലും,—'അപ്രകാരം വിവാഹം ചെയ്തുകൊണ്ടവൾക്കു് 'പുനർഭ്രൂ' എന്ന പേരാകുന്നു, ആ പുനർഭ്രൂ ക്ഷതയുവായവളായാലും ശരി, ഇല്ലെങ്കിലും ശരി''—എന്ന പിന്നത്തെ ശ്ലോകത്തിലും പറഞ്ഞിരിക്കുവെ, അതിനു വ്യാഖ്യാനം ചെയ്ത

വിജ്ഞാനേശ്വരർ പിന്നത്തെ ശ്ലോകത്തെ കാണാത്തഭാവം നടിച്ചു് മുമ്പിലെ ശ്ലോകം അമ്മിക്കല്ലിൽ ചവിട്ടാത്ത കന്യകപരമാകുന്നു എന്നു മൂടിവെച്ചുകളഞ്ഞു. മനുസ്മൃതി.

''ത്രിംശദ്വർഷോ വഹേൽ കന്യാം
ഹൃദ്യാം ദ്വാദശവാർഷികീം
ത്ര്യഷ്ടവർഷോഽഷ്ടവർഷാം വാ
ധർമ്മേ സീദതി സത്വരഃ''—

സ്ത്രീകൾക്കു പന്ത്രണ്ടാമതു വയസ്സിൽ വിവാഹം ഉത്തമപക്ഷമെന്നും എട്ടാമതു വയസ്സിൽ ഗൗണപക്ഷമെന്നും പറഞ്ഞിരിക്കെ, അതിനെ വ്യാഖ്യാനിച്ച കുല്ലൂകഭട്ടൻ, ആ ശ്ലോകത്തിൽ പുരുഷനു വിവാഹകാലം പറഞ്ഞതല്ലാതെ സ്ത്രീകൾക്കില്ലെന്നു മറച്ചുവച്ചു. ഇനിയും ഇപ്രകാരം അനേകദൃഷ്ടാന്തങ്ങളുണ്ടു്. കഠിന വിഷയങ്ങൾക്കു വ്യാഖ്യാനം വേണമെന്നല്ലാതെ സ്പഷ്ടമായ വിഷയങ്ങൾക്കു കൃത്രിമാർത്ഥം ഉണ്ടാക്കുന്നതിനല്ലാ വ്യാഖ്യാനം.

'ന സ്ത്രീ ശൂദ്രൗ വേദമധീയാതാം' എന്നതിനു് ഇപ്പോഴും ഇവിടെ പറയുന്ന അർത്ഥമാണു ശരിയെന്നു് എങ്ങിനെ പറയാമെന്നാൽ 'അധീയാതാം' എന്ന ക്രിയ ലിങ്ഗത്തമാകുന്നു. ലിങ്ഗിന്നു വിധിനിമന്ത്രണാമന്ത്രണസംഭവനൗചിത്യാദി പല അർത്ഥങ്ങളുണ്ടു്. ഇവയിൽ, ''പാടില്ലാ''എന്നുള്ള വിധ്യർത്ഥത്തേയൊ ''വേണമെന്നില്ല'' എന്നുള്ള ഔചിത്യാത്ഥത്തേയൊ സ്വീകരിക്കേണ്ടതു് എന്നതു് പ്രകൃതത്തിൽ സന്ദേഹം. ഗുരുതരപ്രമാണങ്ങൾക്കു വിരുദ്ധമല്ലാത്തതേതോ അതിനെ സ്വീകരിക്കയെന്നതാണു പ്രസിദ്ധനയം. ആകയാൽ ഇവയിൽ ഏതാണു് അപ്രകാരമുള്ള പ്രമാണങ്ങൾക്കൊത്തിരിക്കുന്നതു്, ഏതാണു വിരോധിച്ചിരിക്കുന്നതു് എന്നു നോക്കാം.

ബൃഹദാരണ്യകോപനിഷത്തു മൂന്നാമതും ആറാമതും ബ്രാഹ്മണത്തിൽ പറയുന്ന ഉപാഖ്യാനത്തിൽ ''ഗാർഗ്ഗി'' എന്ന സ്ത്രീ വേദാദ്ധ്യയനം ചെയ്തു, എന്നു മാത്രമല്ലാ വേദാർത്ഥങ്ങളെക്കുറിച്ചു യാജ്ഞവൽക്യരോടു് ചർച്ചചെയ്തതായും കാണുന്നു.

1. ''അഥ വാചക്നവ്യവാച ബ്രാഹ്മണാ ഭഗവന്തോ ഹന്താഹമിമം ദ്വൗ പ്രശ്നൗ പ്രക്ഷ്യാമി. തൗ ചേന്മേ വക്ഷ്യതി നവൈ ജാതു യുഷ്മാകമിമം കശ്ചിദ് ബ്രഹ്മോദ്യം ജേതേതി, പൃച്ഛ ഗാർഗ്ഗീതി.

2. സാ ഹോവാചാഹം വൈ ത്വാ യാജ്ഞവല്ക്യ യഥാ കാശ്യോ വാ വൈദേഹോ വോഗ്രപുത്ര ഉജ്ജ്യം ധനുരധിജ്യം കൃത്വാ ദ്വൗ ബാണവന്തൗ സപത്നാതിവ്യാധിനൗ ഹസ്തേ കൃത്വോപോത്തിഷ്ഠേദേവമേവാഹം ത്വാ ദ്വാഭ്യാം പ്രശ്നാഭ്യാമുപോദസ്ഥാം തൗ മേ ബ്രൂഹീതി പൃച്ഛ ഗാർഗ്ഗീതി.

3. സാ ഹോവാച യദ്ഊർദ്ധ്വം യാജ്ഞവല്ക്യ ദിവോ യദവാക്പൃഥിവ്യാ യദന്തരാ ദ്യാവാപൃഥിവീ ഇമേ യദ്ഭൂതം ച വേച്ച ഭവിഷ്യച്ചേത്യാചക്ഷതേ കസ്മിംശ്ച തദോതം ച പ്രോതം ചേതി...''

ആറാമതു ബ്രാഹ്മണത്തിലെ പ്രശ്നപ്രതിവചനാനന്തരം അതിൽനിന്നു് ഉപരമിച്ചിരുന്ന വാചക്നവാത്മജയായ ഗാഗ്ഗി ഇങ്ങനെ പറഞ്ഞു: ''അല്ലയോ പൂജാർഹരായ മഹർഷിമാരേ, ഞാൻ പറയുന്നതു കേൾക്കുവിൻ. നിങ്ങളുടെ അനുമതിയുള്ളപക്ഷം ഈ യാജ്ഞവല്ക്യനോടു് ഞാൻ രണ്ടു ചോദ്യം ചോദിക്കാം. അതിനുത്തരം പറയുന്നതായാൽ നിങ്ങളാരും ബ്രഹ്മവാദിയായ ഇദ്ദേഹത്തെ ജയിക്കില്ല, ഇതിനുശേഷം 'ഗാഗ്ഗി, ചോദിച്ചുകൊൾക' എന്നവർ അനുവദിച്ചു. ഉടനെ യാജ്ഞവൽക്യരോടായി

ഗാർഗ്ഗി ഇങ്ങനെ പറഞ്ഞു: 'കാശ്യനോ വൈദേഹനോ ആയിരിക്കുന്ന ശൂരനായ രാജാവു് (കെട്ടുവിട്ടിരുന്ന) വില്ലിനെ കുലച്ചു്—പൂട്ടി— ശത്രുസംഹാരകങ്ങളായ അസ്ത്രങ്ങളെ സംഘടിപ്പിച്ചു സന്നദ്ധനാകുന്നപോലെ ഞാൻ രണ്ടു പ്രശ്നങ്ങളം ചെയ്വാൻ ഒരുങ്ങിയിരിക്കുന്നു. അതിനു സമാധാനം പറയണം.' അപ്പോൾ 'ഗാർഗ്ഗി, ചോദിച്ചുകൊൾക' എന്നു യാജ്ഞവൽക്യൻ പറഞ്ഞു. 2. ഗാർഗ്ഗി ചോദിക്കുന്നു: 'ദ്യുസംജ്ഞമായ അണ്ഡകപാലത്തിന്റെ ഉപരിഭാഗത്തു് എന്തു്? അതിന്റെ അധോഭാഗത്തു് എന്തിരിക്കുന്നു? ദ്യുലോക പൃഥിവീലോകങ്ങളെ ഇടകുറിക്കുന്നതായി എന്തൊന്നിരിക്കുന്നു? ഭൂതവർത്തമാനഭാവികാലങ്ങളിലും ഉള്ളതായി പറയപ്പെടുന്ന ഈ ദൈതജാതം ഏതാധാരത്തിൽ സ്ഥിതിചെയ്യുന്നു എന്നു കേൾക്കട്ടെ...''

ആശ്വലൻ, ആർത്തഭാഗൻ, ഭുജ്യു, ഉഷസ്തൻ, കഹോളൻ മുതലായ മഹർഷിമാർക്കുപോലും വാദത്തിൽ പരാജിതനാക്കാൻ കഴിയാത്ത യാജ്ഞവൽക്യ മഹർഷിയോടു് ഒരു സ്ത്രീ ശാസ്ത്രവാദം നടത്തിയ കഥ വേദശിരസ്സായി പരിണമിച്ചതോർത്താൽ സ്ത്രീകൾക്കു വേദാധികാരമുണ്ടെന്നു കാണിക്കാൻ വല്ല തെളിവും ആവശ്യമുണ്ടോ?

ബൃഹദാരണ്യകോപനിഷത്തു നാലാമതധ്യായം അഞ്ചാമത്തു ബ്രാഹ്മണത്തിൽ യാജ്ഞവൽക്യരുടെ ഭാര്യയായ ''മൈത്രേയി'' എന്നവം ഐഹികസുഖങ്ങളെല്ലാം ത്യജിച്ചു ജീവാത്മപരമാത്മസ്വരൂപങ്ങളെക്കുറിച്ചു വിചാരിച്ചു മോക്ഷപദവിയെ പ്രാപിച്ചതായി പറഞ്ഞിരിക്കുന്നു.

''അഥ ഹ യാജ്ഞവൽക്യസ്യ ദ്വേ ഭാര്യേ ബഭൂവതുഃ മൈത്രേയീ ച കാത്യായനീ ച. തയോർഹ മൈത്രേയീ ബ്രഹ്മവാദിനീ ബഭൂവ.''

''മൈത്രേയി എന്നും കാത്യായനിയെന്നും പേരായി യാജ്ഞവൽക്യർക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നതിൽ മൈത്രേയി ബ്രഹ്മവിചാരശീലയായിരുന്നു'' എന്നു തുടങ്ങിയിട്ടു് അടുത്ത വാക്യത്തിൽ, യാജ്ഞവൽക്യൻ തന്റെ സ്വത്തു് അവർക്കായി വീതിച്ചുകൊടുത്തുകൊണ്ടു് സന്യസിക്കാൻ പോകുന്നു എന്നു പറഞ്ഞപ്പോഴും, ധനസംപൂർണ്ണമായ ഈ ഭൂമി മുഴുവൻ കിട്ടിയെന്നിരുന്നാലും, അതിനാൽ താൻ മുക്തയാകുമോ എന്നു് അവർ ചോദിച്ചതിനു് 'നേതി നേതി ഹോവാച യാജ്ഞവൽക്യ:' 'ഇല്ലേ ഇല്ല എന്നും, 'അമൃതത്വസ്യ തുനാ/ശാസ്തിവിത്തേന'—ധനംകൊണ്ടു മോക്ഷംകിട്ടുമെന്നുള്ള വല്ല ശങ്കയുമുപോലും വകയില്ല' എന്നും ആയിരുന്നു മറുപടി.

''സാ ഹോവാച മൈത്രേയീ യേനാ/ഹം നാമൃതാസ്യാം കിമഹം തേന കുര്യാം യദേവ ഭഗവാൻ വേദതദേവ മേ ബ്രൂഹീതി.''

4. അപ്പോഴും മൈത്രേയി:— 'മോക്ഷത്തിനുപകരിക്കയില്ലെന്നിരിക്കുന്ന സ്ഥിതിക്കു് അതു (ധനം)കൊണ്ടു് ഒരു കാര്യവുമില്ല; ആകയാൽ ബ്രഹ്മസാക്ഷാൽക്കാരവിഷയമായി പൂജ്യനായ അങ്ങറിയുന്നതിനെ എനിക്കു പറഞ്ഞുതരണം' എന്നപേക്ഷിച്ചു. 'ആത്മാവാ അരേ ദ്രഷ്ടവ്യ:.. ഏതാവദരേഖല്വമൃതത്വം' എന്നും മറ്റുമുള്ള ബ്രഹ്മതത്ത്വം യാജ്ഞവൽക്യൻ അനുപദം ഉപദേശിക്കയും ചെയ്തു. ഇവിടെ മൈത്രേയീവാക്യവും വേദത്തിലുംപ്പെട്ടകയാൽ സ്ത്രീകൾക്കുള്ള വേദാധികാരം ദണ്ഡവാരിതമാകയില്ല എന്നു സിദ്ധിച്ചു.

യാഗാദികളിൽ സ്ത്രീകളും അവർക്കുള്ളതായ വേദമന്ത്രങ്ങളെ ഉച്ചരിച്ചുവരുന്നതിനു പ്രത്യേകം ദൃഷ്ടാന്തമൊന്നും ആവശ്യമില്ല. ശതപഥബ്രാഹ്മണം ''ദർശപൂർണ്ണ

മാസ'' പ്രകരണത്തിൽ പറഞ്ഞ 'ഹവിഷ്കൃതാഹവാന' സമയത്തിൽ ബ്രാഹ്മണക്ഷത്രിയർ ഇന്നിന്ന മന്ത്രത്തെ ജപിക്കണമെന്നു വിധിച്ചതുപോലെ ശൂദ്രനും 'ആയാ വേദി' എന്ന വേദവാക്യത്തെ ഉച്ചരിക്കണമെന്നു പറഞ്ഞിരിക്കുന്നു. അതേ പ്രമാണത്തിൽ ഇതരകർമ്മങ്ങളെക്കുറിച്ചു പറയുമ്പോഴും 'അഷ്ടീവദഘ്നം ശൂദ്രസ്യ' എന്നും 'മസ്കൃ ശൂദ്രസ്യ' എന്നും ശൂദ്രൻ ഉച്ചരിക്കേണ്ടതായ മന്ത്രങ്ങളെ പറഞ്ഞിരിക്കുന്നു. 'വർഷാസു രഥകാര ആദധീത' എന്നു തച്ചൻ (പണിക്കൻ) അഗ്ന്യാധാനം ചെയ്യാൻ പറഞ്ഞിരിക്കുന്നു. ശുക്ലയജുസ്സ് 28–ാം അധ്യായപ്രാരംഭത്തിൽ:–

''യഥേമാം വാചം കല്യാണീ മാവദാനി ജനേഭ്യഃ,
ബ്രഹ്മരാജന്യാഭ്യാം ശൂദ്രായ ചാര്യായ പ്രിയോദേവാനാം
ദക്ഷിണായൈ ദാതുരിഹ ഭൂയാസമയജേകാമഃ സമൃദ്ധ്യതാ
മുപമാദോ നമതു.''

ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രർ ബന്ധു ശത്രു എന്നീ ജനങ്ങൾക്കു് ഈ മംഗളകരമായ വാക്കിനെ പറയുന്നതിനാൽ ഈ ലോകത്തിൽ ദേവകൾക്കു പ്രിയനായി ദക്ഷിണയ്ക്കായിട്ടു കൊടുക്കുന്നവനാകുമാറാകു; എന്റെ ഈ അപേക്ഷ സഫലമാകത്തക്കതാകട്ടെ എന്നു ദേവതകളുടെ പ്രീതിസംപാദനാർത്ഥം ശൂദ്രനുംപ്പെട്ട സകല ജാതിക്കാർക്കും നന്മയരുളുന്ന വേദത്തെ ഉപദേശിക്കുന്നവനാക എന്നു പറഞ്ഞിരിക്കുന്നു.

''യസ്മിൻ ദേശേ യ ആചാരഃ
പാരംപര്യക്രമാഗതഃ;
ശ്രുതിസ്മൃത്യവിരോധേന
സ സദാചാര ഉച്യതേ.''

ഒരു ദേശത്തു ശ്രുതിസ്മൃതികൾക്കു വിരോധം കൂടാതെ നടന്നുവരുന്ന വഴക്കം സദാചാരമെന്നു പറയുന്നു— എന്നു് ആപസ്തംബസ്മൃതിയിൽ പറഞ്ഞിരിക്കുന്നതിനാലും, വേദാധ്യയനത്തിനു ഇഷ്ടമുള്ള സകലരും ചെയ്തുവന്നു. വേദവിരുദ്ധമല്ലാതെ അതിനാൽ ആദരിക്കപ്പെട്ടിരിക്കയാലും, ശ്രുതിസ്മൃതി പുരാണേതിഹാസാചാരം പ്രമാണങ്ങളിൽവച്ചു സകല ഗൗരവപ്രമാണങ്ങൾക്കും ഈ അഭിപ്രായം ശരിയായിരിക്കയാലും, വിവാദവാക്യത്തിനു 'പാടില്ല' എന്ന അർത്ഥം പറയുന്നപക്ഷം ശാബ്ദപ്രമാണങ്ങളിൽ സർവ്വോൽകൃഷ്ടമായ വേദത്തെ ആക്ഷേപിക്കുന്നതായി വരികയാലും ''കൂടിയേകഴിയൂ എന്നില്ല'' എന്ന അർത്ഥം ശരിയാകുമെന്നല്ലാതെ പാടില്ല എന്നുള്ള അർത്ഥം ഒക്കുകയില്ലെന്നു സ്പഷ്ടമാകുന്നു. ഇതുവരെ സാധകബാധകമായുള്ള പ്രമാണങ്ങളെ പരിശോധിച്ചു.

ഇനി യുക്തിയെപ്പറ്റി വിചാരിക്കാം.

അഞ്ചു്

യുക്തിവിചാരം

ശ്രുദ്ധൻ വേദാഭ്യാസം ചെയ്യുകടാ എന്നുള്ള സങ്കേതം യുക്തിക്കെങ്കിലും ചേർന്നിരിക്കുന്നുണ്ടോ? ഏതു മത ഗ്രന്ഥത്തെ എടുത്താലും പരമപദപ്രാപ്തിക്കു ജീവാത്മപ രമാത്മസ്വരൂപജ്ഞാനവും, ധർമ്മാനുഷ്ഠാനവുംതന്നെയാണു് ഹേതുവെന്നു പറഞ്ഞിരിക്കുന്നതായിക്കാണാം. ഉദാഹര ണത്തിനു്—

''ബഹൂനാം ജന്മനാമന്തേ
ജ്ഞാനവാൻ മാം പ്രപദ്യതേ''

ബഹുജന്മങ്ങളെടുത്തിട്ടു് അവസാനത്തിൽ ജ്ഞാന വാൻ മാത്രം എന്നെ പ്രാപിക്കുന്നു— എന്ന ഗീതാവചനം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ.

''തമേവം വിദിത്വാതിമൃത്യുമേതി
നാന്യഃ പന്ഥാ വിദ്യതേയനായ''

(ഈ വിധമായി ബ്രഹ്മത്തെ അറിഞ്ഞുകൊണ്ടവൻ മാത്രം മൃത്യുവിനെ അതിവർത്തിക്കുന്നു; മോക്ഷപ്രാപ്തിക്കു വേറെ മാർഗ്ഗമില്ല.)

''തമാത്മസ്ഥം യേനുപശ്യന്തിധീരാ:
തേഷാം സുഖം ശാശ്വതം നേതരേഷാം''

അന്തര്യാമിയെ താനായറിയുന്നവർക്കുമാത്രം നിത്യ സുഖമുണ്ടാകും; മറ്റാർക്കുമില്ലാ—എന്നും മറ്റും അനേക വിധം വേദം ഘോഷിക്കുന്നു. മോക്ഷസാധനമായ

ജ്ഞാനത്തെ ശൂദ്രൻ അഭ്യസിച്ചുകൂടാ എന്നു പറയുന്നതിനു ശൂദ്രൻ മോക്ഷത്തെ പ്രാപിച്ചുകൂടാ എന്നല്ലയോ അർത്ഥം. അല്പാതെയും ആദിമുതൽ ഈ സങ്കേതം ഭഗവന്നിയമമായി നടന്നുവന്നതാണെങ്കിൽ ഇതുവരെയും ഒരു ശൂദ്രൻപോലും മോക്ഷം പ്രാപിച്ചിട്ടില്ല എന്നല്ലയോ പറയേണ്ടതു്? ഇതിനെ ആരെങ്കിലും സമ്മതിക്കുമോ? ബ്രാഹ്മണരിൽതന്നെ തങ്ങൾക്കു സമാനം ഒരുത്തരും ഇല്ലെന്നു് ദിവ്യജ്ഞാനബലത്താൽ ആകാശം കൂടെ സ്വന്തം അരവിരൽക്കു ശരിയായി മറിക്കുന്ന വൈഷ്ണവരല്ലയോ ''തിരുക്കച്ചിനമ്പി'' 'തിരുപ്പാണാഴ്വാർ' മുതലായ ചെട്ടി, പറയരായ പലവകക്കാർ മേക്ഷത്തെ പ്രാപിച്ചതായി സമ്മതിക്കുന്നു! ഇതെങ്ങനെ സാധ്യമാകുമെന്നു ചോദിക്കപ്പെട്ട വൈഷ്ണവർ വേദത്തെ ധിക്കരിപ്പാൻ ശക്തിയില്ലാതെയും ആഴ്വരാദികൾക്കു മോക്ഷമില്ലാ എന്നു പറയാൻ മനസ്സില്ലാതെയും ബഹുസങ്കടത്തോടുകൂടി അതിലേക്കു് ഒരു സമാധാനം പറയുന്നു, അതു് എത്രത്തോളം തൃപ്തികരമായിരിക്കുമോ എന്നു മറ്റുള്ളവർ ആലോചിച്ചുകൊള്ളട്ടെ. ആയതെങ്ങനെയെന്നാൽ ശൂദ്രൻ വേദത്തെമാത്രം പഠിച്ചുകൂടാ എന്നല്ലാതെ വേദത്തിന്റെ അർത്ഥത്തെ അറിഞ്ഞുകൊള്ളുന്നതിൽ ബാധകമില്ലെന്നു പറയുന്നു. ഇവരുടെ വാദം ശരിയാണെന്നുവരികിൽ വേദത്തിന്റെ അർത്ഥത്തെക്കാൾ ശബ്ദമാണു് മുഖ്യമെന്നു വരുന്നു. നവരത്നങ്ങളെക്കാളും അവ വച്ചിരിക്കുന്ന പെട്ടിയാണു് മുഖ്യമായിട്ടുള്ളതെന്നു് ആരെങ്കിലും പറഞ്ഞാൽ അതിനെ നാം എത്രത്തോളം ഗൗനിക്കാം. പെട്ടിക്കും തദന്തർഗ്ഗതപദാർത്ഥങ്ങൾക്കും ഉള്ള സംബന്ധംതന്നെ ശബ്ദങ്ങൾക്കും അത്ഥങ്ങൾക്കും ഇരിക്കും എന്നതിൽ സന്ദേഹം ഉണ്ടൊ? ഈ

രണ്ടിനും ഭേദമില്ലെന്നുവരികിൽ, നിനക്കു പെട്ടി വേണമോ എന്നു ചോദിക്കുമ്പോഴും എനിക്കു് രത്നങ്ങളും വേണ്ട, പെട്ടി മതി എന്നു പറയുന്നവൻ ഭ്രാന്തന്മാരിലുമുണ്ടോ എന്നു സംശയം. വേദത്തിലെ ശബ്ദത്തിനും അർത്ഥത്തിനും ഉള്ള താരതമ്യം വേദവാക്യംകൊണ്ടുതന്നെ സ്പഷ്ടമാകുന്നതിനാൽ അതിനെ ഇവിടെ ഉദാഹരിക്കാം.

''സ്ഥാണുരയം ഭാരവാഹ: കിലാഭ്രദ്—
അധീത്യ വേദം ന വിജാനാതി യോർത്ഥം''—

വേദത്തെ അഭ്യസിച്ചിട്ടും അതിന്റെ അർത്ഥത്തെ നല്ലപോലെ അറിയാത്തവൻ ഉത്തരത്തിനെ ചുമക്കുന്ന തൂണാകുന്നു—എന്നു് ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. ഈ വാക്യത്തെ അറിഞ്ഞാൽ അർത്ഥമറിയാതെ വേദാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നവരുടെ മഹിമ ഇത്രത്തോളമെന്നു ഗ്രഹിക്കാമല്ലോ. പല വാക്യങ്ങളെ ഇവിടെ എടുത്തുപറയുന്നതനാവശ്യം. അരിയെക്കാളും അതിനെ മൂടിക്കൊണ്ടിരിക്കുന്ന ഉമിയാണു് വിശേഷമെന്നുവെച്ചുകൊണ്ടാലും ഈ അഭിപ്രായം ആദ്യം മുതൽക്കു നടന്നുവന്നതാണോ എന്നു് ആലോചിക്കണം. വേദാഭ്യാസത്തിനു ശൂദ്രൻ അനർഹനെന്നു ബ്രാഹ്മണൻ വെച്ചുകൊണ്ടിരുന്നാലും, പുരാണങ്ങളെ പാഠിക്കയും കേൾക്കുകയും ചെയ്യുന്നതിനുപോലും അവനു് അധികാരമില്ലെന്നു പറകയില്ലെന്നു വിശ്വസിക്കുന്നു. ഈ പുരാണങ്ങളിൽതന്നെ വേദവാക്യങ്ങളും വരുന്നു എന്നുള്ളതിൽ സന്ദേഹമില്ല. സന്ദേഹമുള്ളവരുണ്ടെങ്കിൽ അവർക്കായിട്ടു് ഒന്നുരണ്ടു ദൃഷ്ടാന്തങ്ങളും പറയാം. ഭാരതം ആദിപർവ്വം മൂന്നാമധ്യായത്തിൽ ''ദേവാവശ്യാനൌ വാഗ്ഭി: ഋഗ്ഭിഃ'' എന്ന വാക്യവും, ശകുന്തളോപാഖ്യാനം എഴുപത്തിനാലാമധ്യായത്തിൽ

''അംഗാദംഗാത് സംഭവസി
ഹൃദയാദഭിജായസേ;
ആത്മാ വൈ പുത്രനാമാസി
സ ജീവ ശരദശ്ശതം.''

എന്ന വാക്യവും വരുന്നു. ശൂദ്രൻ പുരാണങ്ങളെ പഠിക്കാമെങ്കിൽ അവയിൽ വരുന്ന ശ്രുതിവാക്യങ്ങളെ കൂടി പഠിച്ചുപോകും. അപ്പോഴും ഈ സങ്കേതത്തിനു ഗതി യെന്തു"? ഈ പുരാണങ്ങളെ പഠിക്കുന്നതിനും ശൂദ്രനു" അ ധികാരമില്ലാ എന്നു നിർബ്ബന്ധിക്കയാണെങ്കിൽ പുരാണ ങ്ങളെഴുതിയവരിൽ പലരും ശൂദ്രരാകുന്നു എന്നുള്ളതിനെ കൂടി ഗൗനിക്കേണ്ടിവരുന്നു. 'സൂത്രസംഹിത' എന്ന ഗ്രന്ഥ ത്തിന്റെ കർത്താവു ശൂദ്രനാകുന്നു എന്നുള്ളതു മിക്കവർക്കും അറിയാമല്ലൊ. അതിനാൽ ആ ഗ്രന്ഥത്തിന്റെ മഹി മയ്ക്കു" ഏതെങ്കിലും കുറവുള്ളതായി കരുതുന്നുണ്ടോ? അതിൽ വരുന്ന അനന്തശ്രുതിവാക്യങ്ങളെ സൂതൻ ഉച്ചരിച്ചതായി വരുന്നില്ലയോ? അവരെപ്പോലുള്ളവർക്കു മാത്രം ഈ സ്വാതന്ത്ര്യംഎങ്ങനെ സിദ്ധിച്ചെന്നാൽ അവർ മഹാന്മാരാ കയാൽ ആ വിഷയത്തിൽ യാതൊരു നിഷേധവുമില്ല എന്നു പറയുന്നു. അവരുടെ മഹത്വത്തിനു പഠിപ്പില്ലയോ കാരണം. ജ്ഞാനത്തിനു രാജപുങ്കമോ മറെറാ ഉണ്ടോ? അതിനെ പ്രാപിക്കാൻ എല്ലാവർക്കും ഒരേ മാർഗ്ഗമല്ലയോ? ആ മാർഗ്ഗത്തെ അനുസരിച്ചു പഠിച്ചതുകൊണ്ടല്ലയോ ''ആ ഴ്വാരാ''ദികൾക്കും, നായന്മാർക്കും മഹിമ സിദ്ധിച്ചതു"? ഇപ്പോഴും ആ മാർഗ്ഗത്തെ അനുസരിച്ചാൽ പ്രകൃതത്തിലുള്ള ശൂദ്രരിലും പലരും മഹത്വം പ്രാപിച്ച പ്രശോഭിക്കും എ ന്നതിൽ സന്ദേഹമുണ്ടോ? ഓടക്കാരിയുടെ മകനായ പരാ ശരനും, മുക്കുവത്തിയുടെ മകനായ വ്യാസനും വേദങ്ങളെ

ഓതിയല്ലോ: അവരും ബ്രാഹ്മണർതന്നെ. എന്നാൽ ഋഷിമൂലം, നദി മൂലം ഇവ വിചാരിക്കണ്ടാ എന്നു പറയുന്നു. സമാധാനം പറയാൻ കഴിയാത്ത സംഗതികൾക്കെല്ലാം ആണല്ലൊ ഇങ്ങനെയുള്ള ഉത്തരം. അപ്പോൾ വിധിക്കുടാതെയുള്ള ഋഷികളുടെ ഈ ഉത്പത്തിക്ഷേത്രം നിന്ദ്യമെന്നുവരികിലും ബീജം ബ്രാഹ്മസംഭൃതമാകയാൽ അവരും ബ്രാഹ്മണർ തന്നെയെന്നു പറയുന്നു. ഇതെങ്കിലും ശരിയായി നിലനിൽക്കുമോ എന്നു നോക്കാം. പാണ്ഡു ധൃതരാഷ്ടൻ, വിദുരൻ ഈ മൂന്നുപേരും വ്യാസരുടെ പുത്രന്മാരെന്നല്ലയോ പറയുന്നതു്. വ്യാസരും ബ്രാഹ്മണൻ തന്നെയല്ലൊ. ബ്രാഹ്മണബീജത്തിൽ ജനിച്ചവരും ബ്രാഹ്മണർതന്നെയെന്നു പറയുന്ന പക്ഷത്തിൽ ആ വ്യാസപുത്രന്മാരായ പാണ്ഡു, ധൃതരാഷ്ടൻ, വിദുരൻ ഇവരും ബ്രാഹ്മണരായിട്ടല്ലയോ ഇരിക്കേണ്ടതു്? അപ്രകാരമല്ലാതെ ക്ഷേത്രത്തെ ആശ്രയിച്ച പാണ്ഡുവും ധൃതരാഷ്ടനും ക്ഷത്രിയരായിട്ടും വിദുരർ മാത്രം ശൂദ്രനായും ഇരിക്കുന്നതിലേക്കു് കാരണം എന്തെന്നു പറയും? ക്ഷേത്രം (അമ്മ) തന്നെ പ്രധാനമെങ്കിൽ വ്യാസപരാശരാദികളും അബ്രാമഹ്മണരായിരിക്കേണ്ടതാണു്. വിവാഹം ചെയ്തുകൊണ്ട പിതാക്കൾക്കു ജനിച്ച വ്യാസപരാശരാദികൾക്കും, സ്വപതിയെവിട്ടു് അന്യനു ജനിച്ച പാണ്ഡുപ്രഭൃതികൾക്കും ഭേദമുണ്ടെന്നു് ആരെങ്കിലും പറയുന്ന പക്ഷത്തിൽ മാതാപിതാക്കളുടെ വ്യഭിചാരദോഷത്താൽ ബ്രാഹ്മണ്യം വിട്ടുപോയവർ വേദാധ്യയനാധികാരത്തെയും വിട്ടുപോയിരിക്കേണ്ടതല്ലയോ? അപ്രകാരമല്ലാതെ അവർ വേദാധ്യയനം ചെയ്തതായി സ്പഷ്ടമേ പറഞ്ഞിരിക്കുന്നല്ലൊ. അല്ലാതെയും ബീജംതന്നെ പ്രധാനം എന്ന പക്ഷത്തിൽ പ്രകൃതത്തിലുള്ള ദാസീപുത്രന്മാർ, ബ്രാഹ്മണ

ബീജത്തിൽ ജനിച്ചവരെല്ലാം, ബ്രഹ്മണരായി വേദാധ്യയനം ചെയ്യാമെന്നല്ലയോ വരുന്നതു്? അപ്പോഴും സംസാരികളുടെ പുത്രന്മാർ വേദാധ്യയനം ചെയ്യുകൂടാ; വ്യഭിചാരിപുത്രന്മാർ അധ്യയനം ചെയ്യാം എന്നു പറയേണ്ടിയിരിക്കുന്നു. ഇതിരിക്കട്ടെ, വേദാദ്ധ്യയനാദ്ധ്യാപനവിഷയങ്ങളിൽ അധികാരത്തെക്കൊടുക്കുന്ന ബ്രാഹ്മണ്യമാകട്ടെ കേവലം ജന്മത്താലോ, കർമ്മത്താലോ ബ്രഹ്മജ്ഞാനത്താലോ അതോ ഇക്കാരണങ്ങളെല്ലാം ഒന്നായി ചേന്നിരുന്നാലോ ഉണ്ടാകുന്നതു് എന്നു നോക്കാം. ജന്മത്താലാണെങ്കിൽ പിതാവുമാത്രം ബ്രാഹ്മണനായിരുന്നാൽ മതിയോ? മാതാവുമാത്രം ബ്രാഹ്മണസ്ത്രീയായിരുന്നാൽ മതിയോ? രണ്ടുപേരും ബ്രാഹ്മണരായിത്തന്നെ ഇരിക്കണമോ? ആദ്യപക്ഷമാണെങ്കിൽ കുംഭകോണത്തു് സുബ്രഹ്മണ്യയ്യരുടെ വയ്പ്പാട്ടിപുത്രനു ചൗളോപനയനാദികളും ചെയ്യിച്ചതിനു് ദൂഷണം പറയരുതു്. നായർസ്ത്രീകളിൽ ജനിച്ച ബ്രാഹ്മണപുത്രന്മാർക്കും ചൗളാദി ആകാമെന്നു പറയേണ്ടിയുംവരും. രണ്ടാംപക്ഷമാണെങ്കിൽ വ്യഭിചാരിപുത്രന്മാരെന്നു ചിലരെ ജാതിയിലും വഴ്ത്തിലും നിന്നു തള്ളുന്നതു തെറ്റാണെന്നുവരും, മൂന്നാമത്തെ പക്ഷമെങ്കിൽ വ്യാസപരാശരാദികളും ബ്രാഹ്മണരല്ലെന്നാകും. അല്പാതേയും ബ്രാഹ്മണപിതൃമാതൃക്കളോടു കൂടിയവൻ പിന്നീടു ദ്രഷ്ടനായാലും ബ്രാഹ്മണനായിത്തന്നെ ഇരിക്കേണ്ടതാകയാൽ അന്യമതപ്രവേശനവും മാംസഭോജനവും ചെയ്തുകൊണ്ടു നീചസ്ത്രീകളോടു സംഘടിച്ചു്, ശിഖായജ്ഞോപവീതാദികളെ ത്യജിച്ചു വർത്തിക്കുന്നവരും ബ്രാഹ്മണർതന്നെയെന്നു സമ്മതിക്കണം. കർമ്മലോപം വന്നുപോയതിനാൽ ബ്രാഹ്മണ്യം പൊയ്പ്പോകുമെന്നാണെങ്കിൽ അപ്പോഴും ജന്മംകൊണ്ടു് ഒന്നുമില്ല; കർമ്മം

കൊണ്ടുതന്നെ ബ്രാഹ്മണ്യം സിദ്ധിക്കുന്നു എന്നാകും. ഇതനുസരിച്ചാണു്

''ജന്മനാ ജായതേ ശൂദ്രഃ
കർമ്മണാ ജായതേ ദ്വിജഃ''

എന്നു ധർമ്മശാസ്ത്രവചനം 'പ്രവർത്തി'ച്ചതു്. ഇതിന്റെ അർത്ഥം, ജനനാൽ എല്ലാവരും ശൂദ്രർതന്നെ; പിന്നീടു് അവരവർ അവലംബിച്ച കർമ്മങ്ങൾക്കു തക്കവണ്ണം ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരുമാകുന്നു. ബ്രാഹ്മണനു്, കർമ്മസ്വരൂപത്തെ വിചാരിപ്പാൻ പുറപ്പെടുമ്പോഴും ജാതകർമ്മനാമകരണാദി സങ്കേതകർമ്മങ്ങളോ സുകൃതദുഷ്കൃതങ്ങളാകുന്ന സാമാന്യധർമ്മങ്ങളോ എന്ന ശങ്ക ജനിക്കുന്നു. സങ്കേതകർമ്മങ്ങൾതന്നെയെങ്കിൽ ശൂദ്രരിൽ ഇഷ്ടമുള്ളവരെല്ലാം, ശിഖായജ്ഞോപവീതം ധരിച്ചു് ഉപനയനാദികർമ്മങ്ങളെ ചെയ്തുകൊണ്ടാൽ ബ്രാഹ്മണരായിത്തീരേണ്ടതാണു്. ഇങ്ങനെയല്ലാതെ സാമാന്യധർമ്മാനുഷ്ഠാനംകൊണ്ടാണെങ്കിൽ ഈവിധ ധർമ്മാനുഷ്ഠാനമില്ലാതെ ബ്രാഹ്മണവേഷം ചമഞ്ഞവരെല്ലാവരും ബ്രാഹ്മണരാകയില്ലെന്നും വേഷത്തിൽ ശൂദ്രരെന്നുവരികിലും ധർമ്മാനുഷ്ഠാനം മാത്രമിരിക്കുമെങ്കിൽ അവരെല്ലാം ബ്രാഹ്മണർതന്നേ എന്നും സമ്മതിക്കേണ്ടതാണു്. അസത്യം, കൊലപാതകം, അസൂയ മുതലായ പാപങ്ങളെ ഭയന്നു് സത്യം, ധർമ്മം, ദയ മുതലായ സുകൃതങ്ങളെ നല്ലതുപോലെ അനുഷ്ഠിക്കുന്നതിൽ പ്രകൃതത്തിലുള്ള ബ്രാഹ്മണരുടെ അടക്കൽ എന്തെങ്കിലും വിശേഷമുള്ളതായാകട്ടെ, ശൂദ്രരിൽ ന്യൂനതയുള്ളതായിട്ടാകട്ടെ നമ്മുടെ അനുഭവത്തിൽ പെടുന്നില്ല. ഇങ്ങനെയിരിക്കയാൽ ബ്രാഹ്മണർക്കു ഒരാധിക്യവും, ശൂദ്രർക്കു് ഒരു ന്യൂനതയും ഉണ്ടാകുന്നതിനു യാതൊരു കാരണവും കാണ്മാ

ന്നില്ല. കർമ്മം മാത്രമിരുന്നാൽ ഫലമില്ല; അതു ജന്മത്തോടുകൂടിയിരിക്കണം, എന്നാണെങ്കിൽ ജന്മത്താൽ ക്ഷത്രിയനായ വിശ്വാമിത്രമഹർഷി കേവലം കർമ്മത്താലല്ലയോ ബ്രാഹ്മണനായതു? മുമ്പിൽ പറയപ്പെട്ട ''കവഷൻ'' ജന്മനാ ശൂദ്രനെന്നുവരികിലും അവന്റെ കർമ്മവിശേഷത്താൽ കേവലം ബ്രാഹ്മണനായെന്നു മാത്രമല്ല, ഋഷിയായിട്ടും ഭവിച്ചതായി പറഞ്ഞിരിക്കുന്നു. ഇതുമല്ലാതെ ഐതരേയബ്രാഹ്മണം ഏഴാമതു പഞ്ചിക, നാലാമദ്ധ്യായത്തിൽ ക്ഷത്രിയൻ തന്റെ ധർമ്മത്തിനടുത്ത ഉപകരണങ്ങളെ ത്യജിച്ചു ബ്രാഹ്മണനടുത്ത ഉപകരണങ്ങളെ വഹിച്ചുകൊള്ളുന്നതിനാൽ ബ്രാഹ്മണനായിപ്പോകാമെന്നും അപ്രകാരം ഒരുത്തൻ ആയിപ്പോയെന്നും പറഞ്ഞിരിക്കുന്നു.

''.....തത് ക്ഷത്രം നിധായ സ്വാദ്യായുധാനി ബ്രഹ്മണ ഏവായുധൈർബ്രഹ്മണോ രൂപേണ ബ്രാഹ്മണോ ഭൂത്വാ യജ്ഞമുപാവർത്തത. തസ്മാദ്യോപ്യേതർഹി ക്ഷത്രിയോ യജമാനോ നിധായൈവ സ്വാദ്യായുധാനി ബ്രഹ്മണ ഏവായുധൈർബ്രഹ്മണോ രൂപേണ ബ്രഹ്മഭൂത്വാ യജ്ഞമുപാവർത്തതേ'' (ഐത–7.4.19) അതുകൊണ്ടു ക്ഷത്രിയനായാലും ഇന്നും ആയുധങ്ങളും ധരിച്ചു് ബ്രാഹ്മണവേഷവും യജ്ഞായുധങ്ങളും ധരിച്ചു് ബ്രാഹ്മണനായി യജ്ഞശാലയിൽ പ്രവേശിക്കുമ്പോഴും യാഗത്തിൽ പങ്കുകൊള്ളുവാനർഹനാകുന്നു.

''സ ഹ ദീക്ഷമാണ ഏവ ബ്രാഹ്മണതാമശ്നുതെ യത് കൃഷ്ണാജിനമധ്യൂഹതി, യദ്ദീക്ഷിതവ്രതം ചരതി യദേനം ബ്രാഹ്മണാ അഭിസംഗച്ഛന്തേ..... ബ്രഹ്മ വാ അയം ഭവതി ബ്രഹ്മ വാ അയമുപാത്തത ഇതി വദന്തി:'' (ഐത 7. 4. 23.) കൃഷ്ണമൃഗചർമ്മം ധരി

ക്ക, ദീക്ഷിതവ്രതം ചരിക്കുക, ബ്രാഹ്മണരാൽ പരിവാരിതനായിത്തീരുക മുതലായ കാരണങ്ങളാൽ യജ്ഞദീക്ഷ കൈക്കൊണ്ട ക്ഷത്രിയൻ ബ്രാഹ്മണനായി ഭവിക്കുന്നു, ബ്രഹ്മത്വം പ്രാപിക്കുന്നു.

ഇപ്രകാരം പ്രകൃത്തിൽ ശൂദ്രനും ബ്രാഹ്മണനടുത്ത ഉപകരണങ്ങളെ വഹിച്ചുകൊള്ളുന്നതിനാൽ ബ്രാഹ്മണനാകേണ്ടതാണു്. അപ്രകാരമില്ലെങ്കിൽ ബ്രാഹ്മണ്യം ജന്മത്താലും സാങ്കേതികകർമ്മത്താലും ഉണ്ടാകുന്നില്ല എന്നു നിശ്ചയം. ബ്രഹ്മജ്ഞാനത്താൽ തന്നെ ബ്രാഹ്മണ്യം ഉണ്ടാകുന്നതെന്നാണെങ്കിൽ അതിനെ ആക്ഷേപിക്കുന്നവർ ആരുംതന്നെയില്ല. എങ്കിലും ജ്ഞാനംമാത്രം ഇരിക്കയും കർമ്മാനുഷ്ഠാനമില്ലാതെ പോകയും ചെയ്യുന്നെങ്കിൽ ഫലമില്ല.

''അധീത്യ വേദാംശ്ചതുരോ
വിദ്വരോ ജ്ഞാനസംപദാ;
ദ്വിജോഽപിയഃ കർമ്മഹീനഃ
സ വൈ ബ്രാഹ്മണഗർദ്ദഭഃ:''

വേദങ്ങളെ പഠിച്ചു സമർത്ഥനായിത്തെളിഞ്ഞവൻ ജ്ഞാനസംപത്താൽ ബ്രഹ്മണനായിരുന്നാലും ധർമ്മാനുഷ്ഠാനംമാത്രം അവനില്ലാതെയിരുന്നാൽ അവൻ തന്നെ ബ്രാഹ്മണക്കഴുത—എന്ന വാക്യം പൂർണ്ണോദ്ദിഷ്ടാന്തം ആകും. ബ്രഹ്മജ്ഞാനവും ധർമ്മാനുഷ്ഠാനവും ജന്മത്തോടുചേർന്നതായല്ലാതെ കേവലം ആർജ്ജനീയമായിരിക്കയാൽ ഇവയെല്ലാവരാലും സാധ്യംതന്നെ. ഇവ പരിപൂർണ്ണമായി സിദ്ധിച്ചിട്ടുള്ള ഇരിപ്പു മനുഷ്യനു് എത്താത്തതെങ്കിലും സാധാരണമായി പ്രകൃതത്തിലുള്ള

ബ്രാഹ്മണക്കു് എത്രത്തോളം സാധ്യമോ അത്രത്തോളം ശൂദ്രാദികൾക്കും സാധ്യംതന്നെ എന്നതിനു സംശയമില്ല. ആകയാൽ ബ്രാഹ്മണർക്കു സമമായ ശൂദ്രരുമെല്ലാം വേദത്തെ അഭ്യസിക്കാമല്ലൊ. ജന്മവും, ബ്രഹ്മജ്ഞാനവും, കർമ്മവും ചേർന്നാലല്ലാതെ ബ്രാഹ്മണ്യം സിദ്ധിക്കയില്ല എന്നാണെങ്കിൽ ജന്മനാ ന്യൂനതയുള്ള ആഴ്വാർകൾക്കും ബ്രാഹ്മണ്യമില്ല. സാങ്കേതകർമ്മങ്ങളെ മുഴുവനും ത്യജിച്ച സ്മാർത്തമാദ്ധ്വന്ന്യാസികൾക്കും, ഏകദേശം ത്യജിച്ച വൈഷ്ണവർക്കും ബ്രാഹ്മണ്യമില്ല. ബ്രഹ്മജ്ഞാനം കൂടാതെ പ്രകൃതത്തിൽ ബ്രാഹ്മണവേഷം പൂണ്ടിരിക്കുന്നവർക്കും ബ്രാഹ്മണ്യമില്ലെന്നു പറയണം. ഇപ്രകാരം ഒരുത്തർക്കും ബ്രാഹ്മണ്യമില്ലെങ്കിൽ വേദാധ്യയനം ചെയ്യുന്നതിനു യാതൊരുത്തർക്കും അധികാരമില്ലെന്നും വരും. ഇങ്ങനെ അധികാരമില്ലാത്തവരിൽ ചിലർ വ്യാജമായി വേഷമിട്ടുകൊണ്ടു് അധ്യയനം ചെയ്യുന്നതായാൽ ഭക്തിയെക്കാരണമാക്കിക്കൊണ്ടു മറ്റുള്ളവർ അധ്യയനം ചെയ്യുന്നതിൽ എന്താണാക്ഷേപമുള്ളതു്? എന്നാൽ പ്രകൃതത്തിൽ അധ്യയനം ചെയ്യുന്നതിനു എല്ലാവർക്കും അധികാരമുണ്ടെന്നോ ഒരുത്തർക്കും ഇല്ലെന്നോ സിദ്ധാന്തിക്കാമെന്നല്ലാതെ ചിലർക്കുണ്ടു് ചിലർക്കില്ല എന്നുള്ളതു ശരിയല്ല. ഒരുവേള സാങ്കേതിക ബ്രാഹ്മണ്യത്താൽ അധ്യയനാധികാരം ഉണ്ടാകുന്നു എങ്കിൽ അതിനെ അല്പം പരിശോധിച്ചുനോക്കാം. കലിയുഗത്തിൽ ക്ഷത്രിയരും വൈശ്യരുമില്ല.

''ത്രേതാദൗ വിപ്രവിസ്രുതാ—
ശ്ചതുർദ്ധാവസ്ഥിതാ അപി;
വർണ്ണാസ്ത്രിഷ്യേ സമായാതേ
വിട്ക്ഷത്രൗ ലുപ്തതാം ഗതൗ''

ത്രേതായുഗാരംഭത്തിൽ വർണ്ണങ്ങളും നാലായിത്തീർന്നുവെങ്കിലും കലികാലമായപ്പോഴും ക്ഷത്രിയ വൈശ്യജാതികളും ഇല്ലാതെ ആയിരിക്കുന്നു—(ജമദഗ്നി. സം:)എന്നു ബ്രാഹ്മണർ സങ്കേതമേർപ്പെടുത്തിയിരിക്കയാലും 'കേരളാവകാശക്രമ'മനുസരിച്ചുള്ള 64 ജാതിയിൽ ക്ഷത്രിയരും വൈശ്യരും ഉൾപ്പെടാത്തതു് ഇതിനനുഗ്രഹമാകയാലും ശേഷിച്ച ബ്രാഹ്മണരേയും ശൂദ്രരേയുംകുറിച്ചുമാത്രം വിചാരിച്ചാൽ മതിയാകും. സാങ്കേതിക ബ്രാഹ്മണനു മനുപാദിധർമ്മശാസ്ത്രജ്ഞന്മാർ വിധിച്ചിരിക്കുന്ന അനന്തനിത്യനൈമിത്തിക കർമ്മങ്ങളിൽ ഏകദേശമെങ്കിലും ശരിയായി അനുഷ്ഠിക്കുന്നവർ പ്രകൃതത്തിൽ ഒരുത്തരും ഉണ്ടായിരിക്കയില്ല. ആകയാലും, എവിടെയെങ്കിലും ഒരാളിരിപ്പുണ്ടെന്നു വന്നാൽകൂടി ഭൂരിപക്ഷവും അപ്രകാരം അനുഷ്ഠിക്കുന്നവരല്ലായ്കയാലും അവർക്കെല്ലാം അബ്രാഹ്മണ്യം സിദ്ധിച്ചു എന്നതിൽ സന്ദേഹമില്ല. അബ്രാഹ്മണ്യം കർമ്മഭ്രംശത്താൽ സംഭവിച്ചാലും അനധികാരിത്വത്താൽ ഉണ്ടായാലും അവയിൽ താരതമ്യമില്ലല്ലോ. ഇക്കാരണത്താൽ ബ്രാഹ്മണരും ഇക്കാലത്തില്ല എന്നല്ലയോ വരുന്നതു്? ഇപ്രകാരമില്ലെന്നു വരികിലും (പേരെന്തെങ്കിലുമാകട്ടെ) കാര്യാംശത്തിൽ ഒരു ജാതിയുള്ളതായി സിദ്ധാന്തിച്ചാൽ അതു വെറുതെ ആകയില്ല. അങ്ങനെയെങ്കിൽ മുൻപറഞ്ഞ വിധം വേദാഭ്യാസത്തിനു് എല്ലാവർക്കും അധികാരം ഉണ്ടെന്നോ ഒരുത്തർക്കുമില്ലെന്നോ സിദ്ധാന്തം ഏർപ്പെടുന്നു. അധികാരമില്ലാത്ത ഒരു വകക്കാർമാത്രം അധ്യയനം ചെയ്യുന്നതു സാധുവാകുമെങ്കിൽ മറ്റുള്ളവർ ചെയ്യുന്നതു് എങ്ങനെ ദൂഷ്യമാകും? ദുരഭിമാനങ്ങളെല്ലാം വിട്ടു് വേദാർത്ഥസ്വരൂപവിചാരം ചെയ്യുന്നവർക്കു് ഈ സങ്കേതം കേവലം ഹാസ്യമായതെന്നു തോന്നിപ്പോകും.

D. RAVEENDRAN M.A.,B.Ed.
Lecturer in Vedanta.
Govt. Sanskrit College,
Trivandrum

കടശിയിൽ ശൂദ്രൻ ഉണ്ണാൻ പാടില്ലാ എന്നു നിഷേധിക്കുമ്പോഴും അതിനെ ആരെങ്കിലും വകവെക്കുമോ? ഈ ലോകത്തിൽ ജീവിക്കാൻ ഭക്ഷണം ആവശ്യമെങ്കിൽ ഈ ലോകത്തു മാത്രമല്ല, ഏതു ലോകത്തും ജീവിക്കുന്നതിനു് ജ്ഞാനമത്യാവശ്യമായിരിക്കയാൽ ആ ജ്ഞാനത്തെ ശൂദ്രൻ പ്രാപിച്ചുകൂടാ എന്നു നിഷേധിക്കുന്നതിനെ മാത്രം ഗൗനിക്കുന്നതിനു് ആവശ്യം എന്താണുള്ളതു്. തങ്ങളെപ്പോലെ ശൂദ്രനും പഠിച്ചുപോയാൽ തങ്ങൾക്കു മഹിമ കുറഞ്ഞുപോകുമല്ലോ എന്ന അസൂയയാലും, തങ്ങൾ മൂലമായിട്ടേ എല്ലാവരും ജ്ഞാനം സമ്പാദിക്കാവൂ എന്നായാൽ തങ്ങൾക്കു ലാഭപ്രദമായിരിക്കുമെന്ന ദുരാശയാലും തങ്ങൾ വലിക്കുന്ന വഴിക്കെല്ലാം എല്ലാവരും വരണമെന്ന ഉദ്ദേശ്യത്താലും ഇങ്ങനെയുള്ള സങ്കേതത്തെ ആരുതന്നെ ഏതുകാലത്തേർപ്പെടുത്തിയതായാലും അതിനെ ആദരിക്കേണ്ടതില്ല. കൗസ്യമഹമ്മദീയാദി സകലരും അവരവരുടെ പ്രമാണങ്ങളെ എല്ലാവർക്കും പഠിക്കാമെന്നു വെച്ചിരിക്കുന്നു. നമ്മുടെ വേദത്തെ മാത്രം ശൂദ്രർ പഠിച്ചാൽ അതിന്റെ മഹിമ കുറഞ്ഞുപോകുമെന്നു് എന്തിനായിട്ടു കരുതണം? എല്ലാവരുടെ സ്വഭാവത്തെയും പരിശുദ്ധമാക്കേണ്ടതായ വേദത്തിനുപോലും ശൂദ്രരുടെ അദ്ധ്യയനത്താൽ മഹിമ കുറഞ്ഞുപോകുമെങ്കിൽ ആ മഹിമ എത്രത്തോളം നിലനില്ക്കും? ജനങ്ങളെ എങ്ങനെ പരിശുദ്ധമാക്കും? അഗ്നിയെ പരിശുദ്ധമാക്കത്തക്ക വസ്തു ലോകത്തിലുണ്ടോ? ആകയാൽ ആരഭ്യസിച്ചാലും വേദത്തിന്റെ മഹിമയ്ക്കു് യാതൊരു കുറവും ഉണ്ടാകയില്ല. അല്ലാതെയും ശൂദ്രാദികളുടെ സ്ഥിതി ഒരു കാലത്തു് താഴ്ന്ന നിലയിലിരുന്നാലും മറ്റൊരു കാലത്തു നന്നായി വന്നുകൂടെന്നില്ല. ആകയാൽ ഇപ്പോഴും സദാചാരവും ഉള്ളവരെല്ലാവരും ജ്ഞാന

സമ്പാദനത്തിനു് പാത്രങ്ങളതന്നെ. വിശക്കുന്നവനു് അന്നം കൊടുക്കാത്തവനെ ദയയില്ലാത്തവനെന്നു വിളിക്കുമെങ്കിൽ അന്നത്തെക്കാളും ആവശ്യമായ ജ്ഞാനം ആഗ്രഹിക്കുന്നവരിൽ 'മനസ്സിരങ്ങായ്ക' എന്തെന്നു പറയാം? അഭ്യാസത്താൽ കഠോരകൃത്യങ്ങളും സാദ്ധ്യമായിവരും എന്നതിനു കശാപ്പുകാരന്റെ ഹൃദയവും നയവും ദൃഷ്ടാന്തമല്ലയോ? മർക്കടമുഷ്ടി പിടിക്കാതെ ഇച്ഛിക്കുന്ന എല്ലാവർക്കും ജ്ഞാനത്തെ പ്രദാനംചെയ്യുന്നതുതന്നെ പരമധർമ്മമെന്നും, പരമകരുണയെന്നും ഉറച്ചു് അപ്രകാരം അനുഷ്ഠിക്കേണ്ടതോണു്.

ശുഭം. ശാന്തി

15721

D. RAJEENDRAN M.A.,B.Ed.
Lecturer in Vedanta,
Govt. Sanskrit College,
Trivandrum

